



# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY

തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40 | 2023 NOVEMBER | Issue 11



മസ്ദൂർഭാരതി

കല്ലായ് റോഡ്, കോഴിക്കോട് - 673002

ഫോൺ : 0495 2305040

e-mail : mazdoorbharathi@gmail.com



**മസ്ദൂർ ഭാരതി**

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ

കെ.ഗംഗാധരൻ

പി.ഗോപാലൻകുട്ടി മാസ്റ്റർ

വി.രാധാകൃഷ്ണൻ

ഡോ.എം.വി.നടേശൻ

ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള

കല്ലറ അജയൻ

എം.എസ്. ശ്യാംകുമാർ

കെ.വി.രാജേന്ദ്രൻ

**മാനേജർ : ഇ.ദിവാകരൻ**

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ

അസി.എഡിറ്റർ : ടി.എം.നാരായണൻ

സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ

ജി.കെ.അജിത്ത്

കെ.മഹേഷ്

എം.പി.രാജീവൻ



**മുഖപ്രസംഗം** **വികസിത ഭാരതം** 4

വിശ്വശാന്തിക്കായി ഭാരതമുയരണം ........................................................6
ഡോ.മോഹൻ ഭാഗവത്

രാഷ്ട്രപുരോഗതിയിൽ സ്ത്രീകൾക്കും നിർണ്ണായക പങ്ക്..........................10
അഡ്വ.എസ്.ആശാമോൾ

ബി.എം.എസ്സിന്റെ വിജയ രഹസ്യം......................................................16
ടി.വിജയൻ

ദേശീയപാതാവികസനവും പ്രാദേശിക പ്രശ്നങ്ങളും...............................18
അഡ്വ. പി.ജയഭാനു

കേരളസംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി...............................21
കെ.എൻ.വിജയൻ

വാർത്തകൾ..............................................................24-50

നിരീക്ഷണങ്ങൾ വിശകലനങ്ങൾ കല്ലറ അജയൻ — അഭിനയം ഒരു കലയാണ് 13

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 2023 നവംബർ ലക്കം 11

# വികസിത ഭാരതം

നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ബി.ജെ.പി. സർക്കാർ 2014-ൽ അധികാരമേറ്റെടുത്തതിനുശേഷം എല്ലാ രംഗത്തും ഭാരതം അഭിവൃദ്ധിയിലേക്ക് കുതിക്കുകയാണ്. ലോകസാമ്പത്തിക ശക്തികളിൽ 2014-ൽ 10-ാം സ്ഥാനത്തുണ്ടായിരുന്ന നമ്മുടെ രാജ്യം ഇന്ന് അഞ്ചാം സ്ഥാനത്ത് എത്തിനില്ക്കുകയാണ്. 2027-ൽ മൂന്നാം സ്ഥാനം കൈവരിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. 2014-ൽ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം (ജി.ഡി.പി.) 2 ട്രില്യൻ ഡോളർ ആയിരുന്നെങ്കിൽ ഇന്നത് 3.75 ട്രില്യൻ ആയി മാറിയിരിക്കുന്നു. 87 ശതമാനം വളർച്ചയാണ് ഇതിലൂടെ കൈവരിച്ചിട്ടുള്ളത്. 2022-23-ൽ രാജ്യം 7.2 ശതമാനം വാർഷിക സാമ്പത്തികവളർച്ച കൈവരിച്ചിട്ടുള്ളതായി കണക്കാക്കുന്നു. പ്രതികൂല സാഹചര്യങ്ങൾ നിലനില്ക്കുമ്പോഴും 2023-24ൽ 6.5 ശതമാനം വളർച്ച കൈവരിക്കുക എന്ന ലക്ഷ്യവുമായാണ് രാജ്യം മുന്നോട്ടുപോകുന്നത്. അന്തർദ്ദേശീയ നാണയനിധി (ഐ.എം.എഫ്) നമ്മുടെ രാജ്യത്ത് 5.9 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. ലോക സാമ്പത്തിക ശക്തികളിൽ നമ്മെക്കാൾ മുന്നിൽ നില്ക്കുന്ന അമേരിക്ക, ജപ്പാൻ, ജർമ്മനി എന്നിവ 1 മുതൽ 1.4 ശതമാനം വളർച്ച മാത്രമാണ് പ്രതീക്ഷിക്കുന്നത് എന്നോർക്കേണ്ടതുണ്ട്. ചൈന മാത്രമാണ് നമ്മുടെ വളർച്ചയുടെ തൊട്ടടുത്ത് നില്ക്കുന്നത്.

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക സ്ഥാനം വഹിക്കുന്ന കാർഷിക മേഖല കഴിഞ്ഞ 6 വർഷം ശരാശരി 4.6 ശതമാനം വളർച്ച കൈവരിക്കുന്നുണ്ട്. നേരത്തെ വളർച്ച മുരടിച്ചു നില്ക്കുന്ന മേഖലയായിരുന്നു ഇത്. സാമ്പത്തികവളർച്ചയ്ക്ക് ഉത്തേജനം നല്കുന്നതിനു പുറമെ ഭക്ഷ്യലഭ്യത ഉറപ്പാക്കുന്നതിനും കാർഷിക മേഖലയുടെ വളർച്ച സഹായകരമാകുന്നു. കയറ്റുമതിയിലും വൻ വളർച്ചയാണ് കാർഷിക ഉല്പന്നങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നത്. 50 ബില്യൺ ഡോളറിന്റെ കയറ്റുമതിയാണ് 2021-22 വർഷത്തിൽ നാം കൈവരിച്ചത്. 22 ഉല്പന്നങ്ങളുടെ തറവില വർദ്ധിപ്പിച്ചുകൊണ്ടും കാർഷിക വായ്പ ഗണ്യമായി വർദ്ധിപ്പിച്ചുകൊണ്ടുമാണ് കാർഷിക വളർച്ചയ്ക്ക് സർക്കാർ ഉത്തേജനം നല്കുന്നത്. 3.89 കോടി കർഷകർക്ക് സർക്കാർ കിസാൻ ക്രെഡിറ്റ് കാർഡുകൾ നല്കിയിട്ടുണ്ട്. മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മേഖലയ്ക്കും കിസാൻ ക്രെഡിറ്റ് കാർഡുകൾ വഴി വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കിസാൻ സമ്മാൻനിധിയുടെ ആനുകൂല്യം 11.3 കോടി കർഷകർക്ക് ലഭിക്കുന്നുണ്ട്. കാർഷിക ഇൻഷൂറൻസായ ഫസൽ ബീമാ യോജന ലോകത്തിലെ ഏറ്റവും വലിയ കാർഷിക ഇൻഷൂറൻസായി മാറിയിരിക്കുന്നു.

2019-ൽ നരേന്ദ്രമോദി നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ കയറുമ്പോൾ ഭാരതം വ്യാവസായിക സ്തംഭനം നേരിടുന്ന രാജ്യമായിട്ടാണ് അറിയപ്പെട്ടിരുന്നത്. ഇന്ന് ഏറ്റവും വളർച്ചയുള്ള രാജ്യമായിട്ടാണ് രാജ്യം വിലയിരുത്തപ്പെടുന്നത്. പുതിയ നേതൃത്വത്തിന്റെ വീക്ഷണവും ദീർഘദൃഷ്ടിയുമാണ് ഈ മാറ്റം സാധ്യമാക്കിയത്. പ്രധാനമന്ത്രി പ്രഖ്യാപിച്ച ''മെയ്ക്ക്-ഇൻ-ഇന്ത്യ'' പദ്ധതിയാ

ണ് വ്യാവസായികമായി രാജ്യത്തെ വളർച്ചയിലേക്ക് നയിച്ചത്. ''ഒരു രാഷ്ട്രം ഒരു നികുതി" എന്ന വീക്ഷണത്തോടെ ജി.എസ്.ടി. നടപ്പാക്കിയതും കോർപ്പറേറ്റ് നികുതി കുറച്ചതും രാജ്യം വ്യാവസായിക സൗഹൃദമാകുന്നതിന് കാരണമായി. ആത്മനിർഭർ ഭാരത്, സ്കിൽ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, സ്റ്റാർട്ട് അപ്പ് ഇന്ത്യ തുടങ്ങിയ പദ്ധതികളും വ്യാവസായിക വളർച്ചയ്ക്ക് ഉത്തേജനം നല്കി. 2013-14ൽ വ്യാവസായിക സൗഹൃദനയത്തിൽ 142-ാം സ്ഥാനത്തുണ്ടായിരുന്ന ഭാരതത്തെ 2020-21ൽ 63-സ്ഥാനത്തേക്ക് എത്തിക്കാൻ കഴിഞ്ഞതും വിദേശനിക്ഷേപം വർദ്ധിക്കാൻ ഇടയാക്കി. ഉല്പാദനക്ഷമതയുമായി ബന്ധപ്പെടുത്തി സർക്കാർ നല്കുന്ന പ്രോത്സാഹനങ്ങൾ (പിഎൽഐ) പല മേഖലകളിലും പുത്തൻ ഉണർവുണ്ടാക്കി. ഇതിന്റെയെല്ലാം ഫലമായി പല വൻകിട കമ്പനികളും നമ്മുടെ രാജ്യത്ത് പുതിയ ഉല്പാദനയൂണിറ്റുകൾ ആരംഭിക്കാൻ തയ്യാറായിട്ടുണ്ട്. പ്രതിരോധരംഗത്ത് ഇറക്കുമതി കുറക്കാനും കയറ്റുമതി വർദ്ധിപ്പിക്കാനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. ഇരുചക്രവാഹനങ്ങളുടെയും മുചക്രവാഹനങ്ങളുടെയും ട്രാക്റ്ററുകളുടെയും ഏറ്റവും വലിയ ഉല്പാദകർ ഭാരതമായി മാറിയിരിക്കുന്നു. മൊബൈൽഫോൺ ഉല്പാദനത്തിൽ ലോകത്തെ മുൻനിരരാജ്യമായി നാം വളർന്നുകഴിഞ്ഞു.

അടിസ്ഥാന സൗകര്യവികസനത്തിന് വലിയ പരിഗണനയാണ് 9 വർഷമായി മോദി സർക്കാർ നല്കിവരുന്നത്. 2014-ൽ, ദേശീയ പാതയുടെ ദൈർഘ്യം 97,830 കി. മീറ്റർ ആയിരുന്നെങ്കിൽ ഇന്നത് 1,45,155 കി.മീറ്റർ ആയി വർദ്ധിച്ചിരിക്കുന്നു. മൂന്നര ലക്ഷം കി.മീറ്റർ ഗ്രാമീണ റോഡുകളാണ് ഈ കാലഘട്ടത്തിൽ പ്രധാനമന്ത്രി ഗ്രാമീൺ സടക് യോജനയിലൂടെ നിർമ്മിച്ചിരിക്കുന്നത്. റെയിൽശൃംഖലയുടെ വൈദ്യുതീകരണം, വന്ദേഭാരത് എക്സ്പ്രസ്സ് വണ്ടികൾ, റെയിൽവേസ്റ്റേഷനുകളുടെ നവീകരണം തുടങ്ങിയവ ജനങ്ങളുടെ യാത്രാസൗകര്യം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. അടുത്ത മൂന്നുവർഷംകൊണ്ട് 400 വന്ദേഭാരത് എക്സ്പ്രസ്സ് എന്നാണ് സർക്കാർ ലക്ഷ്യം വെക്കുന്നത്. 20 നഗരങ്ങളിൽ മെട്രോ റെയിൽ വ്യാപിപ്പിക്കാൻ ഇക്കാലത്ത് കഴിഞ്ഞിട്ടുണ്ട്. 111 ജലപാതകളെ ദേശീയ ജലപാതകളായി സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ''ഗതിശക്തിയോജന'' എല്ലാ അടിസ്ഥാന സൗകര്യവികസനങ്ങളെയും സംയോജിപ്പിക്കുന്നു. വിവിധ മന്ത്രാലയങ്ങളെ കൂട്ടിയോജിപ്പിച്ചാണ് റോഡ് നിർമ്മാണത്തിനുവേണ്ടി ഭാരത്മാല, തുറമുഖ വികസനത്തിനുവേണ്ടി സാഗർമാല, വിമാനത്താവള നവീകരണത്തിനുവേണ്ടി ഉഡാൻ എന്നിവ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യവികസനത്തിലൂടെ വൻ വളർച്ചയാണ് രാജ്യം പ്രതീക്ഷിക്കുന്നത്.

കോവിഡ് പ്രതിസന്ധിയിൽ ലോകം വിറങ്ങലിച്ചുനിന്നപ്പോൾ ആവശ്യമായ മരുന്നുകൾ നല്കിക്കൊണ്ടും സ്വന്തമായി പ്രതിരോധവാക്സിൻ കണ്ടുപിടിക്കാൻ സാധിച്ചതും നമ്മുടെ രാജ്യത്തിന്റെ വിജയമായി ലോകരാജ്യങ്ങൾ മുഴുവൻ വിലയിരുത്തുകയുണ്ടായി. റഷ്യ-യുക്രൈൻ യുദ്ധത്തിലും ഇസ്രയേൽ-ഹമാസ് യുദ്ധത്തിലും നാം രാജ്യതാല്പര്യത്തിനനുസരിച്ച നിലപാട് കൈക്കൊണ്ടതും നമ്മുടെ വളർച്ചയ്ക്ക് ഉത്തേജനം നല്കും. കോവിഡ് പ്രതിസന്ധിയിൽ നിന്ന് ഇപ്പോഴും ചൈനയ്ക്ക് മുക്തമാകാൻ കഴിയാത്തതും അമേരിക്ക-ചൈന ബന്ധം ഉലയുന്നതും ലോകത്തിന്റെ ഉല്പാദനകേന്ദ്രമായി ഭാരതം മാറുന്നതിന് ഇടയാക്കിയിട്ടുണ്ട്. ലോകത്തെ വലിയ സാമ്പത്തിക ശക്തികളുടെ കൂട്ടായ്മയായ ജി-20 ഉച്ചകോടി രാജ്യത്ത് വെച്ച് നടത്തിയതും നമ്മുടെ രാജ്യത്തിന്റെ ശക്തിയും നേതൃപാടവവും ലോകത്തിന് മനസ്സിലാക്കാൻ ഉപകരിച്ചു. ചന്ദ്രയാൻ-3, ആദിത്യ എൽ-1, ഗഗയാൻ പരീക്ഷണം എന്നിവ ഒന്നിനുപിറകെ ഒന്നായി നടത്താൻ കഴിഞ്ഞതും നമ്മുടെ രാജ്യത്തിന്റെ യശസ്സ് ഉയർത്തിയിട്ടുണ്ട്. രാജ്യത്തിന്റെ ഡിജിറ്റലൈസേഷന്റെ സർവ്വവ്യാപിത്വം ലോകനേതാക്കളെ വിസ്മയിപ്പിച്ചിട്ടുണ്ട്. ലോകത്തിന് മാതൃകയായ തരത്തിൽ ഭക്ഷ്യസുരക്ഷ, ആരോഗ്യസുരക്ഷ എന്നിവ നടപ്പാക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടങ്ങളിൽ ഉയർന്നുനില്ക്കുന്നു. മുഴുവൻ ജനങ്ങൾക്കും ക്ഷേമം ഉറപ്പുവരുത്താൻ വികസിത ഭാരതം എന്ന ലക്ഷ്യവുമായി ഇനിയും മുന്നോട്ടുപോകാൻ സർക്കാരിന് കഴിയട്ടെ എന്നാശംസിക്കുന്നു. ■

# വിശ്വശാന്തിക്കായി ഭാരതമുയരണം

രാക്ഷസീയതയ്ക്ക് മേൽ മാനവികതയുടെ സമ്പൂർണ വിജയം കുറിച്ച ശക്തി പർവം എന്ന നിലയിൽ എല്ലാ വർഷവും നമ്മൾ വിജയദശമി ഉത്സവം ആഘോഷിക്കുന്നു. ഈ വർഷം വിജയദശമി എത്തുന്നത് നമുക്ക് അഭിമാനവും സന്തോഷവും ഉത്സാഹവും സൃഷ്ടിക്കുന്ന സംഭവങ്ങളുമായാണ്. അഭിമാനത്തിന്റെ കാലം നമ്മുടെ രാഷ്ട്രം പ്രമുഖ രാജ്യങ്ങളടങ്ങുന്ന ജി-20 സമ്മേളനത്തിന് ആതിഥ്യം വഹിച്ചു. വർഷം മുഴുവനും അംഗരാജ്യങ്ങളിൽ നിന്നുള്ള രാഷ്ട്രത്തലവന്മാർ, മന്ത്രിമാർ, ഉദ്യോഗസ്ഥർ, പണ്ഡിതർ തുടങ്ങിയവർ പങ്കെടുത്ത നിരവധി പരിപാടികൾ ഭാരതത്തിൽ അനകം സ്ഥലങ്ങളിൽ നടന്നു. നമ്മുടെ സ്നേഹനിർഭരമായ ആതിഥ്യവും രാഷ്ട്രത്തിന്റെ മഹത്തായ പാരമ്പര്യവും പ്രതീക്ഷാനിർഭരമായ വർത്തമാനകാലവും വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളിൽ സ്വാധീനം സൃഷ്ടിച്ചു. ആഫ്രിക്കൻ യൂണിയനെ അംഗമായി അംഗീകരിപ്പിച്ചതിലൂടെയും ജി-20 കൗൺസിലിന്റെ ആദ്യദിവസം തന്നെ സംയുക്തപ്രമേയം ഏകകണ്ഠമായി അവതരിപ്പിച്ചതിലൂടെയും ഭാരതത്തിന്റെ ഉദാരതയുടെ ആഴവും നയതന്ത്ര വൈദഗ്ധ്യവും എല്ലാവരും മനസ്സിലാക്കി. ഭാരതത്തിന്റെ വിശിഷ്ടമായ ആശയങ്ങളും ദർശനങ്ങളും കാരണം, ലോകത്തിന്റെയാകെ ചിന്തകളെ 'വസുധൈവ കുടുംബകം' എന്ന ദിശയിലേക്ക് കൂട്ടിയിണക്കി. സാമ്പത്തിക കേന്ദ്രിതമായ ജി-20 രാജ്യങ്ങളുടെ കാഴ്ചപ്പാട് മനുഷ്യ കേന്ദ്രിതമായി. വിശ്വവേദിയിൽ ഒരു പ്രമുഖ രാഷ്ട്രമെന്ന നിലയിൽ ഭാരതത്തിന്റെ അചഞ്ചലമായ സ്ഥാനം ഉറപ്പിക്കാൻ ഈ സന്ദർഭത്തിലൂടെ നമ്മുടെ നേതൃത്വത്തിന് കഴിഞ്ഞു. ഇതാദ്യമായി ഏഷ്യൻ ഗെയിംസിൽ നമ്മുടെ കായികതാരങ്ങൾ നൂറിലധികം 107 മെഡലുകൾ നേടി (28 സ്വർണം, 38 വെള്ളി, 41 വെങ്കലം). നമ്മുടെയെല്ലാവരുടെയും ആവേശം വർദ്ധിപ്പിച്ചു. അവരെയെല്ലാം അഭിനന്ദിക്കുന്നു. ചന്ദ്രയാൻ അവസരത്തിൽ ഭാരതത്തിന്റെ ശക്തിയുടെയും ബുദ്ധിയുടെയും യുക്തിയുടെയും നേർക്കാഴ്ചയും ലോകം കണ്ടു. നമ്മുടെ ശാസ്ത്രജ്ഞരുടെ ശാസ്ത്രജ്ഞാനവും സാങ്കേതിക നൈപുണ്യവും സാമർത്ഥ്യവും നേതൃപരമായ ഇച്ഛാശക്തിയും കാര്യക്ഷമതയും ചേർന്നപ്പോഴാണ് ഈ വിജയമുണ്ടായത്. ബഹിരാകാശ യുഗത്തിന്റെ ചരിത്രത്തിലാദ്യമായി ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഭാരതത്തിന്റെ ലാൻഡർ വിക്രം ഇറങ്ങി. സമസ്ത ഭാരതീയരുടെയും അഭിമാനവും ആത്മവിശ്വാസവും ഉയർത്തിയ ഈ ദൗത്യം നിർവഹിച്ച ശാസ്ത്രജ്ഞരും അവർക്ക് കരുത്ത് പകർന്ന നേതൃത്വവും ദേശത്തിന്റെയാകെ അഭിനന്ദനം നേടുകയാണ്. ലോകത്തിനാകെ ഗുണം ചെയ്യുക എന്ന രാഷ്ട്രത്തിന്റെ ആഗോള ദൗത്യനിർവഹണത്തിന് അടിസ്ഥാനമായ ദേശീയാദർശങ്ങളാണ് മുഴുവൻ രാഷ്ട്രത്തിന്റെയും പ്രയത്നങ്ങളുടെ ഉറവിടം. നമ്മുടെ ഭരണഘടനയുടെ യഥാർത്ഥ പകർപ്പിന്റെ ഒരു പേ ജിൽ, ധർമ്മത്തിന്റെ പ്രതീകമായി ആരുടെ ചിത്രമാണോ ആലേഖനം ചെയ്തിട്ടുള്ളത്, ആ ശ്രീരാമന്റെ ബാലരൂപം പ്രതിഷ്ഠിച്ച ക്ഷേത്രം അയോധ്യയിൽ നിർമ്മിക്കുന്നു. വരുന്ന ജനുവരി 22 ന് ശ്രീരാം ലല്ലയുടെ പ്രാണപ്രതിഷ്ഠ ഉണ്ടാകുമെന്ന് പ്രഖ്യാപനം വന്നിരിക്കുന്നു. സുരക്ഷാപരമായ കാരണങ്ങളും സൗകര്യങ്ങളിലും മറ്റുമുള്ള പ്രതിസന്ധികളും കൊണ്ട് ഈ ശുഭമുഹൂർത്തത്തിൽ വളരെ പരിമിതമായ എണ്ണം ആളുകൾക്ക് മാത്രമേ പങ്കെടുക്കാനാവുകയുള്ളൂ. ശ്രീരാമൻ നമ്മുടെ ദേശീയ മൂല്യങ്ങളുടെ ആദരവിന്റെ പ്രതീകമാണ്, കർത്തവ്യപാലനത്തിന്റെയും കരുണയുടെയും സ്നേഹത്തിന്റെയും പ്രതീകമാണ്. അത്തരത്തിലുള്ള ഒരു അന്തരീക്ഷം അതാത് സ്ഥലങ്ങളിൽ സൃഷ്ടിക്കപ്പെടണം. രാമക്ഷേത്രത്തിൽ ശ്രീരാം ലല്ലയുടെ പ്രതിഷ്ഠയോടെ നമ്മുടെ മനസ്സ് അയോധ്യയാകണം. ഓരോ ഹൃദയത്തിലും ശ്രീരാംലല്ലയുടെ പ്രതിഷ്ഠ നടക്കണം. എല്ലായിടത്തും സ്നേഹത്തിന്റെയും സദ്ഭാവനയുടെയും അന്തരീക്ഷം ഉണ്ടാകണം. ഇതിനായി എല്ലായിടങ്ങളിലും ചെറിയ ചെറിയ പരിപാടികൾ സംഘടിപ്പിക്കണം.




**പൂജനീയ സർസംഘചാലക് ഡോ. മോഹൻ ഭാഗവത് വിജയദശമി ദിനത്തിൽ നാഗ്പൂരിൽ ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്ത രൂപം**

### വിഭൂതികളുടെ സ്മരണ

നൂറ്റാണ്ടുകളായി നേരിട്ട പ്രതിസന്ധികളോട് പൊരുതി ജയിച്ച നമ്മുടെ ഭാരതം ഭൗതികവും ആത്മീയവുമായ പുരോഗതിയുടെ പാതയിലൂടെ മുന്നേറുന്നതിന് സാക്ഷികളാകാൻ

സൗഭാഗ്യം ലഭിച്ചവരാണ് നമ്മൾ. സമ്പൂർണ വിശ്വത്തിനും സ്വന്തം ജീവിതത്തിലൂടെ അഹിംസ, ജീവദയ, സദാചാരം എന്നിവയുടെ സന്മാർഗം കാട്ടിക്കൊടുത്ത ശ്രീ മഹാവീർ സ്വാമിയുടെ 2550-ാം നിർവാണ വർഷം, ഹിന്ദവിസ്വരാജ് സ്ഥാപിച്ച് ന്യായപൂർണവും ജനഹിതകാരിയുമായ ഭരണവ്യവസ്ഥയിലൂടെ വിദേശഭരണത്തിൽ നിന്നുള്ള മുക്തിമാർഗം കാട്ടിത്തന്ന ഛത്രപതി ശ്രീ ശിവാജി മഹാരാജിന്റെ രാജ്യാഭിഷേകത്തിന്റെ 350-ാം വർഷം, ബ്രിട്ടീഷുകാരുടെ അടിമത്തത്തിൽനിന്ന് മോചനം നേടാൻ സത്യാർത്ഥപ്രകാശത്തിലൂടെ സമ്പൂർണജനങ്ങളുടെയും മനസ്സിൽ തനിമയുടെ വ്യക്തത പകർന്ന മഹർഷി ദയാനന്ദ സരസ്വതിയുടെ ഇരുന്നൂറാം ജന്മവാർഷികം... ഒക്കെ നമ്മൾ സമുചിതമായി ആചരിച്ചു. വരുന്ന വർഷം സമാനമായ രീതിയിൽ ദേശീയ പുരുഷാർത്ഥത്തിന് ശാശ്വത പ്രചോദനമായി മാറിയ രണ്ട് വിഭൂതികളുടെ കൂടി പവിത്ര സ്മരണയുടെ വർഷമാണ്. സ്വത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ബലിദാനം ചെയ്ത, ഉദ്യമം, സാഹസം, ധൈര്യം, ബുദ്ധി, ശക്തി, പരാക്രമം എന്നിവയെ കരുത്താക്കി, പ്രജാക്ഷേമതത്പരയായി ഭരണനിർവഹണം നടത്തിയ ആദർശശാലിയായ മഹാറാണി ദുർഗാവതിയുടെ 500-ാം ജയന്തി വർഷമാണിത്. ഭാരതീയ സ്ത്രീകളുടെ പ്രതിബദ്ധതയുടെയും ഉജ്ജ്വലമായ ശീലത്തിന്റെയും ജാജ്ജ്വല്യമായ ദേശഭക്തിയുടെയും ദീപ്തമായ ആദർശമാണ് മഹാറാണി ദുർഗാവതി.

### ഹിമാലയൻ മേഖല നല്കുന്ന സൂചന

മതസമ്പ്രദായങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഭ്രാന്തിനെയും തീവ്രവാദത്തെയും അഹങ്കാരത്തെയും ലോകം അഭിമുഖീകരിക്കുകയാണ്. സ്വാർത്ഥത മൂലമുള്ള പരസ്പരസംഘർഷങ്ങളും കലാപങ്ങളും ഉക്രൈനും ഗാസയും പോലെ യുദ്ധസമാനമായ സാഹചര്യങ്ങൾക്ക് കാരണമാകുന്നു എന്നതാണ് വാസ്തവം. പ്രകൃതിവിരുദ്ധ ജീവിതശൈലി, അനിയന്ത്രിതമായ ഉപഭോഗം എന്നിവ മൂലം ശാരീരികവും മാനസികവുമായ പുതിയ പുതിയ രോഗങ്ങൾ ഉയർന്നുവരുന്നു. കൊള്ളരുതായ്മകളും



കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നു. അമിതമായ വ്യക്തിവാദം മൂലം കുടുംബങ്ങൾ തകരുന്നു. അതിരില്ലാത്ത പ്രകൃതിചൂഷണം, ആഗോളതാപനം, ഋതുക്രമത്തിലെ അസന്തുലനം ഇതൊക്കെ മൂലമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ വർഷംതോറും വർദ്ധിക്കുന്നു. തീവ്രവാദത്തിനും ചൂഷണത്തിനും അമിതാധികാരവാദത്തിനും തുറന്ന മൈതാനങ്ങൾ ലഭിക്കുന്നു. ഇടുങ്ങിയ ദൃഷ്ടിയിലൂടെ മാത്രം ഈ പ്രശ്നങ്ങളെ കാണുന്ന ലോകത്തിന് ഇവയെ നേരിടാനാവില്ലെന്ന് ഉറപ്പായി. അതുകൊണ്ട് സനാതനമൂല്യങ്ങളുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ സ്വന്തം ഉദാഹരണത്തിലൂടെ യഥാർത്ഥ സുഖത്തിലേക്കും ശാന്തിയിലേക്കുമുള്ള പുതിയ പാത ഭാരതം ലോകത്തിന് നല്കും എന്ന പ്രതീക്ഷ ഉണർന്നിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യങ്ങളുടെ ഒരു ചെറിയ പതിപ്പ് ഭാരതത്തിലും നമ്മൾ അഭിമുഖീകരിക്കുകയാണ്. ഉദാഹരണത്തിന്, അടുത്തിടെ ഹിമാലയൻ മേഖലയിലെ ഹിമാചൽ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ തുടങ്ങി മധ്യമേഖലയിലെ സിക്കിം വരെ, അടിക്കടി പ്രകൃതിദുരന്തങ്ങളുടെ മാരകമായ വിപത്താണ് നമ്മൾ നേരിടുന്നത്. ഭാവിയിൽ നേരിട്ടേക്കാവുന്ന ഗുരുതരവും വ്യാപകവുമായ പ്രതിസന്ധികളെയാണ് ഇത് സൂചിപ്പിക്കുന്നതെന്ന ആശങ്കയും ചർച്ചയും നടക്കുന്നു. രാജ്യത്തിന്റെ അതിർത്തി സുരക്ഷ, ജലസുരക്ഷ, പാരിസ്ഥിതിക ആരോഗ്യം എന്നിവയ്ക്കായി ഭാരതത്തിന്റെ വടക്കൻ അതിർത്തി നിർണയിക്കുന്നതിനുള്ള ഈ മേഖലയ്ക്ക് മഹത്വപൂർണമായ ഉത്തരവാദിത്തമുണ്ട്. എന്തുവിലകൊടുത്തും ഇത് സംരക്ഷിക്കേണ്ടതാണ്.

### മണിപ്പൂർ ഉയർത്തുന്ന ചോദ്യങ്ങൾ

മണിപ്പൂരിന്റെ ഇപ്പോഴത്തെ സ്ഥിതി കാണുമ്പോൾ ഇങ്ങനെ ചോദിക്കാൻ തോന്നുന്നു. ഒരു പതിറ്റാണ്ടായി ശാന്തമായിരുന്ന മണിപ്പൂരിൽ പൊടുന്നനെ എങ്ങനെയാണ് പരസ്പര വിഭജനത്തിന്റെ തീ ആളിപ്പടർന്നത്? കൊലയാളികളായ ആളുകൾ അതിർത്തി കടന്നെത്തിയ തീവ്രവാദികളാണോ? സ്വന്തം അസ്തിത്വത്തെക്കുറിച്ച് ആശങ്കയിലായ മണിപ്പൂരി മൈതേയി സമാജത്തിനും കുക്കി സമാജത്തിനുമിടയിലെ സംഘർഷത്തെ വർഗീയവൽക്കരിക്കാനുള്ള ശ്രമം എന്തിന്, ആര് ചെയ്തു? വർഷങ്ങളായി അവിടെ സമഭാവത്തോടെ സേവനം ചെയ്യുന്ന രാഷ്ട്രീയ സ്വയംസേവകസംഘം പോലുള്ള സംഘടനയെ ഒരു കാരണവുമില്ലാതെ ഇതിലേക്ക് വലിച്ചിടാൻ ശ്രമിച്ചത് ആരുടെ സ്വാർത്ഥതയാണ്? അതിർത്തി പ്രദേശത്ത് നാഗഭൂമിക്കും മിസോറാമിനുമിടയിൽ സ്ഥിതിചെയ്യുന്ന മണിപ്പൂരിൽ അശാന്തിയും അസ്ഥിരതയും സൃഷ്ടിക്കുന്നത് കൊണ്ട് ലാഭമുണ്ടാകുന്ന ഏതെങ്കിലും വിദേശ ഭരണകൂടത്തിന്റെ താത്പര്യങ്ങളിതിലുണ്ടോ? തെക്ക് കിഴക്കൻ ഏഷ്യയിൽ വർഷങ്ങളായുള്ള ഭൂ-രാഷ്ട്രീയ പ്രശ്നങ്ങൾ ഇതിന് കാരണമായിട്ടുണ്ടോ?




രാജ്യത്ത് ശക്തമായ ഭരണകൂടമുണ്ടായിട്ടും ആരുടെ ബലത്തിലാണ് ഇത്രയും കാലമായി അവിടെ സംഘർഷം തുടരുന്നത്? കഴിഞ്ഞ ഒമ്പത് വർഷമായി തുടരുന്ന സമാധാനം നിലനിർത്താൻ സംസ്ഥാനസർക്കാർ പരിശ്രമിച്ചിട്ടും കൊലപാതകം എന്തുകൊണ്ടാണ് തുടരുന്നത്? സംഘർഷത്തിലേർപ്പെട്ട വിഭാഗങ്ങൾ സമാധാനം ആഗ്രഹിക്കുകയും ആ ദിശയിൽ ഭാവാത്മകമായ ചില നടപടികൾക്ക് മുന്നോട്ടുവരികയും ചെയ്യുമ്പോൾ അതിനെ തകർക്കും വിധം വിദ്വേഷവും അക്രമവും സൃഷ്ടിക്കുന്ന ശക്തികൾ ഏതാണ്? ഈ പ്രശ്നത്തിന്റെ പരിഹാരത്തിന് വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ ആവശ്യമാണ്. ഇത് പരിഹരിക്കുന്നതിന് രാഷ്ട്രീയ ഇച്ഛാശക്തി, അതിനനുസൃതമായ സക്രിയ നടപടികൾ, സാമർത്ഥ്യം എന്നിവയ്ക്കൊപ്പം ദൗർഭാഗ്യകരമായ സാഹചര്യങ്ങൾക്കിടയാക്കിയ സമാജങ്ങൾ തമ്മിലെ അവിശ്വാസം പരിഹരിക്കുന്നതിന് പ്രാപ്തമായ നേതൃത്വത്തിന്റെ പങ്കും വളരെ വലുതാണ്. സംഘസ്വയംസേവകർ സമാജത്തിലുടനീളം എല്ലാവർക്കും സേവനം ചെയ്യുകയും സജ്ജനശക്തിയെ സംഘടിപ്പിച്ച് ശാന്തിക്കായി ആഹ്വാനം ചെയ്യുകയും ചെയ്യും. എല്ലാവരെയും സ്വന്തമെന്ന് കരുതി, കാര്യങ്ങൾ മനസ്സിലാക്കി സുരക്ഷിതവും വ്യവസ്ഥിതവും സദ്ഭാവപൂർണവും ശാന്തവുമായ സാഹചര്യം സൃഷ്ടിക്കുന്നതിനായി സംഘം പ്രവർത്തിക്കുന്നു. ഭയങ്കരവും ആശങ്കാജനകവുമായ സാഹചര്യത്തിലും ശാന്തവും ധീരവുമായ മനസ്സോടെ എല്ലാത്തരത്തിലുള്ള സേവനപ്രവർത്തനങ്ങളും നിർവഹിക്കുന്ന സ്വയംസേവകരെ ഓർത്ത് അഭിമാനിക്കുന്നു.

**ഏകതയുടെ രഹസ്യം**

പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം അപവാദപ്രചരണത്തിനുള്ള ശരിയായ പരിഹാരം രാഷ്ട്രത്തിന്റെ ഏകതയാണ്. ഏത് പരിതസ്ഥിതിയിലും ഏകതയുടെ പ്രകാശം സമാജത്തിന്റെ വിവേകത്തിൽ ഉണർന്നിരിക്കേണ്ടതാണ്. ഭരണഘടനയിൽത്തന്നെ മാർഗദർശകതത്വമെന്ന നിലയിൽ ഭാവാത്മക ഏകതയെപ്പറ്റി എഴുതിയിട്ടുണ്ട്. ഓരോ ദേശത്തിലും ഈ ഏകതയെ പ്രകടമാക്കുന്ന പശ്ചാത്തലം വ്യത്യസ്തമാണ്. ചില ദേശങ്ങളിൽ അത് ഭാഷയാണ്. ചിലയിടത്ത് ദേശവാസികളുടെ വിശ്വാസമോ ആരാധനയോ ആണ്. ചിലയിടത്ത് വാണിജ്യഇടപെടലുകളാണ്, ചിലയിടത്ത് പ്രബലമായ ഭരണകൂട വ്യവസ്ഥിതിയാണ് ഏകതയുടെ നൂലായി പ്രവർത്തിക്കുന്നത്. എന്നാൽ മനുഷ്യനിർമ്മിതമായ കൃത്രിമ അടിസ്ഥാനങ്ങളിൽ, അല്ലെങ്കിൽ സമാനമായ സ്വാർത്ഥത്തിന്റെ ആധാരത്തിൽ സൃഷ്ടിക്കുന്ന ഏകത ശാശ്വതമല്ല. നമ്മുടെ രാജ്യത്ത് ഇത്രയും വിവിധതകളുണ്ടായിട്ടും ഒറ്റ രാഷ്ട്രമെന്ന നിലയിൽ കോർത്തിണക്കുന്ന അസ്തിത്വത്തെ ജനങ്ങൾ തിരിച്ചറിയാനും സമയമെടുക്കും. എന്നാൽ നമ്മുടെ ഈ ദേശം, ഒരു രാഷ്ട്രമെന്ന നിലയിൽ, ഒരു സമാജമെന്ന നിലയിൽ, ലോക ചരിത്രത്തിലുണ്ടായ എല്ലാ പ്രതിബന്ധങ്ങളെയും മറികടന്ന് ഭൂതകാലത്തിന്റെ ചരടിനാൽ ഇണക്കി അവിച്ഛിന്നമായ ബന്ധം നിലനിർത്തിക്കൊണ്ട് സജീവമായി നിലനില്ക്കുന്നു.

ഈയടുത്ത് സ്വാതന്ത്ര്യലബ്ധിയുടെ എഴുപത്തഞ്ചാം വാർഷികവേളയിൽ ധീരരായ സ്വാതന്ത്ര്യസമരത്തിലെ മഹത്തുക്കളെ നാം അനുസ്മരിച്ചു. നമ്മുടെ ധർമ്മം, സംസ്കാരം, സമാജത്തിന്റെയും രാജ്യത്തിന്റെയും സംരക്ഷണം, സമയാസമയങ്ങളിൽ അവയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി വൈഭവം വർധിപ്പിച്ച് നിലനിർത്തിയ പൂർവികർ നമ്മുടെ അഭിമാനമാണ്. അവരെ നമ്മൾ മാതൃകയാക്കേണ്ടതാണ്. ഭാഷാ, സംസ്ഥാനം, ആരാധനാരീതി, സമ്പ്രദായം, ജാതി, ഉപജാതി തുടങ്ങിയ എല്ലാ ഭേദങ്ങളെയും ഒറ്റ ചരടിൽ കോർത്തിണക്കി രാഷ്ട്രസ്വരൂപത്തിൽ ഉയർത്തി നിർത്തുന്നത് ഈ മൂന്ന് ഘടകങ്ങളാണ്. മാതൃഭൂമിയോടുള്ള ഭക്തി, പൂർവികരിലുള്ള അഭിമാനം, സമാന സംസ്കൃതി എന്നിവയാണ് രാഷ്ട്രഏകതയുടെ പൊട്ടാത്ത ചരട്. സമാജത്തിന്റെ ശാശ്വതമായ ഐക്യം ഉടലെടുക്കുന്നത് സ്വന്തമെന്ന ഭാവത്തിൽ നിന്നാണ്, വ്യക്തിഗത ഇടപാടുകളിൽ നിന്നല്ല. നമ്മുടെ സമാജം വളരെ വലുതാണ്. ധാരാളം വിവിധതകൾ നിറഞ്ഞതാണ്. കാലക്രമത്തിൽ കുറച്ച് വിദേശ അക്രമങ്ങളുടെ പരമ്പരകളും നമ്മുടെ ഇടയിലെത്തി. എന്നിട്ടും നാം ഈ മൂന്ന് ഘടകങ്ങളുടെ ആധാരത്തിൽ ഒറ്റ രാഷ്ട്രമായി നിലകൊണ്ടു. അതുകൊണ്ടുതന്നെ ഏകതയെ കുറിച്ച് എപ്പോൾ ചർച്ച ചെയ്യുമ്പോഴും അത് എന്തെങ്കിലും കൊടുക്കൽ വാങ്ങലുകൾ കൊണ്ട് ഉണ്ടായതല്ല എന്ന് മനസ്സിലാക്കണം. ബലപ്രയോഗത്തിലൂടെ ആണ് അത് ഉണ്ടായതെങ്കിൽ വീണ്ടും വീണ്ടും തകർന്നേനെ. ഇന്നത്തെ അന്തരീക്ഷത്തിൽ സമാജത്തിൽ ചേരിതിരിവ് ഉണ്ടാക്കാനുള്ള പരിശ്രമങ്ങൾ കണ്ട് സ്വാഭാവികമായും നിരവധി ആളുകളിൽ ആശങ്കയുണ്ടായിട്ടുണ്ട്. മുസ്ലിം, ക്രിസ്ത്യൻ എന്ന് പറയുംപോലെ ആരാധനാക്രമം കൊണ്ട് ഹിന്ദുക്കളായ സജ്ജനങ്ങളുമുണ്ട്. അക്രമത്തിനും സംഘർഷത്തിനും ഒന്നുംപോകാതെ അനുരഞ്ജനത്തിലും സുരക്ഷിതത്വത്തിലും സമാധാനത്തിലും പോകുന്നതാ

ണ് നല്ലെതെന്ന് കരുതുന്നവർ. ഇത്തരം ചർച്ചകൾക്കിടെ ആദ്യം മനസ്സിലാക്കേണ്ട കാര്യം ഒരു ഭൂമിയിൽ വന്ന് ഒരുമിച്ച് ചേർന്നവരായതുകൊണ്ടല്ല നമ്മൾ ഒന്നാണെന്ന് പറയുന്നത് എന്നതാണ്. നമ്മൾ ഒരേ പൂർവികരുടെ വംശക്കാരാണ്. ഒരേ മാതൃഭൂമിയുടെ മക്കളാണ്. ഒരേ സംസ്കൃതിയുടെ പിൻതുടർച്ചക്കാരാണ്. ഏകതയുടെ ഈ അടിസ്ഥാനത്തെ തിരിച്ചറിഞ്ഞ് അതിന്റെ ആധാരത്തിൽ വീണ്ടും നമ്മൾ ഒന്നാകണം.

ചെറിയ ചെറിയ കാര്യങ്ങൾ പെരുപ്പിച്ച് കാട്ടി പ്രചരിപ്പിക്കുന്ന സംഭവങ്ങൾ ഇവിടെ നടക്കുന്നുണ്ട്. രാജ്യത്തിനകത്തുനിന്നും വിദേശത്തുനിന്നും ആശങ്കയും മുന്നറിയിപ്പും പ്രകടമാക്കുന്ന പ്രസ്താവനകൾ സംഘടിപ്പിക്കുന്നു, അക്രമത്തെ പ്രേരിപ്പിക്കുന്ന 'ടൂൾകിറ്റുകൾ' സജീവമാക്കി പരസ്പരം അവിശ്വാസവും വിദ്വേഷവും വർധിപ്പിക്കുന്നു. സമാജത്തിൽ സമരസത ആഗ്രഹിക്കുന്ന എല്ലാവരും ഇത്തരം മരണക്കളികൾ സൃഷ്ടിക്കുന്ന തെറ്റിദ്ധാരണകളിൽ നിന്ന് രക്ഷപ്പെടണം. ഈ പ്രശ്നങ്ങളുടെയെല്ലാം കാരണം പതുക്കെ പതുക്കെ പുറത്തുവരും. അതിനായി രാജ്യത്ത് വിശ്വാസത്തിന്റെയും സൗഹാർദത്തിന്റെയും അന്തരീക്ഷം ശക്തമാകണം. നമ്മുടെ മനസ്സിനെ സ്ഥിരമാക്കി, ആത്മവിശ്വാസത്തോടെ പരസ്പരം സംവാദത്തിലേർപ്പെടണം, പരസ്പരം മനസ്സിലാക്കണം. പരസ്പരം ബഹുമാനിക്കണം, എല്ലാവരും തമ്മിലുള്ള ബന്ധം ദൃഢമാകണം. മനസാ വാചാ കർമണാ ഇങ്ങനെ മുന്നോട്ടുപോകണം. പ്രചരണങ്ങളുടെയോ ധാരണകളുടെയോ അടിസ്ഥാനത്തിലല്ല, വസ്തുതകളെ മനസ്സിലാക്കി പ്രവർത്തിക്കണം. ധൈര്യത്തോടെ, സംയമനത്തോടെ, സഹിഷ്ണുതയോടെ, വാക്കിലും പ്രവൃത്തിയിലും തീവ്രതയും ക്രോധവും ഭയവും ഉപേക്ഷിച്ച്, ദൃഢതയോടെ സങ്കല്പ ബദ്ധരായി സുദീർഘമായി നിരന്തരം പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ശുദ്ധമായ മനസ്സിൽ നിന്ന് എടുക്കുന്ന സത് സങ്കല്പങ്ങളാണ് പൂർണമാവുക. ഏത് സാഹചര്യത്തിലും, എത്ര അന്യായമായാലും, ക്രമസമാധാനവും അച്ചടക്കവും ഭരണഘടനയും നിർബന്ധമായും പാലിക്കണം. ഒരു സ്വതന്ത്ര രാഷ്ട്രത്തിൽ ഈ പെരുമാറ്റം ദേശസ്നേഹത്തിന്റെ പ്രകടനമാണ്. മാധ്യമങ്ങൾ നടത്തുന്ന പ്രകോപനപരമായ പ്രചാരണങ്ങളിലും തുടർന്നുയരുന്ന ആരോപണ, പ്രത്യാരോപണങ്ങളുടെ മത്സരങ്ങളിലും കുടുങ്ങരുത്. സമാജത്തിൽ സത്യവും ആത്മീയതയും പ്രചരിപ്പിക്കാൻ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തണം. കൊലപാതകങ്ങളും ഗുണ്ടായിസവും അവസാനിപ്പിച്ച്, നിയമങ്ങളെയും ഭരണഘടനയെയും സമാജത്തെയും സംരക്ഷിക്കുന്നതിന് ആദ്യം ചെയ്യേണ്ടത് അതിനായുള്ള സർക്കാരിന്റെ ഉചിതമായ നടപടികളോട് സഹകരിക്കുക എന്നതാണ്. നമുക്ക് ചെയ്യാനുള്ളത് 2024 ന്റെ ആദ്യ നാളുകളിൽ തന്നെ ലോക്സഭാ തെരഞ്ഞെടുപ്പ് ഉണ്ട്. വികാരങ്ങൾ ആളിക്കത്തിച്ചുകൊണ്ട് വോട്ട് കൊയ്തെടുക്കാനുള്ള ശ്രമങ്ങൾ തെരഞ്ഞെടുപ്പിൽ പ്രതീക്ഷിക്കുന്നില്ലെങ്കിലും അത് നടന്നുകൊണ്ടിരിക്കുന്നു. സമൂഹത്തെ ഭിന്നിപ്പിക്കുന്ന ഇത്തരം കാര്യങ്ങളിൽ നിന്ന് നമുക്ക് ഒഴിവാകാം. വോട്ട് ചെയ്യുന്നത് ഓരോ പൗരന്റെയും കടമയാണ്. അത് പാലിക്കണം. രാജ്യത്തിന്റെ ഐക്യം, അഖണ്ഡത, അസ്മിത, വികസനം തുടങ്ങിയ വിഷയങ്ങൾ പരിഗണിച്ച് വോട്ട് രേഖപ്പെടുത്തുക. 2025–2026ൽ സംഘം നൂറ് വർഷം പൂർത്തിയാക്കുകയാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ സംഘപ്രവർത്തകർ മുന്നോട്ടുപോകണം. സമാജത്തിന്റെയാകെ പെരുമാറ്റത്തിലും സംസാരത്തിലും ദേശത്തോടുള്ള മമതാ ഭാവം നിറയണം. ക്ഷേത്രം, വെള്ളം, ശ്മശാനം തുടങ്ങി ഭേദഭാവം ഇനിയും എവിടെയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അത് സമ്പൂർണമായും അവസാനിപ്പിക്കണം. കുടുംബത്തിലെ എല്ലാ അംഗങ്ങളിലും ശുഭകാര്യങ്ങൾ നിത്യവും സംസാരിക്കുന്നതിന്റെ (നിത്യമംഗള സംവാദം), സംസ്കാരം നിറഞ്ഞ പെരുമാറ്റത്തിന്റെ സംഭാഷണത്തിന്റെ ശീലം വളർത്തി സമൂഹത്തെ സേവിക്കുന്നത് തുടരണം. ജലം സംരക്ഷിച്ച്, പ്ലാസ്റ്റിക് വിമുക്തമാക്കി, നമ്മുടെ മുറ്റങ്ങളിൽ പച്ചപ്പ് നിറച്ച് പ്രകൃതിയുമായുള്ള ബന്ധം ശക്തമാക്കണം. സ്വദേശി ആചരണത്തിലൂടെ സ്വ നിർഭരതയും സ്വാവലംബനവും വളർത്തണം. ധൂർത്ത് അവസാനിപ്പിക്കണം. രാജ്യത്ത് തൊഴിൽ അവസരങ്ങൾ വർദ്ധിക്കുകയും നമ്മുടെ സമ്പത്ത് രാജ്യത്തിനുള്ളിൽത്തന്നെ വിനിയോഗിക്കുകയും വേണം. ഇതിനായി സ്വദേശി ആചരണം വീടിനുള്ളിൽനിന്ന് ആരംഭിക്കണം. നിയമങ്ങളും പൗരധർമ്മവും പാലിക്കുകയും സമാജത്തിൽ പരസ്പര സൗഹാർദ്ദം ഉണ്ടാകുകയും വേണം. ഒപ്പം സഹകരണ മനോഭാവം എല്ലായിടത്തും വ്യാപകമാകണം. ഈ അഞ്ച് കാര്യങ്ങൾ എല്ലാവരുടെയും ആചരണത്തിലുണ്ടാകണം. എന്നാൽ ഇതിന് പരിശീലനം ആവശ്യമാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ തുടങ്ങി, തുടർച്ചയായ അഭ്യാസത്തിലൂടെ ഈ ആചരങ്ങൾ നമ്മുടെ ശീലമായി മാറണം. സമാജത്തിൽ കുറവുകളനുഭവിക്കുന്ന ബന്ധുജനങ്ങളെ സേവിക്കുന്നതിനൊപ്പം തന്നെ വരുന്ന ദിവസങ്ങളിൽ സംഘത്തിന്റെ പ്രവർത്തകർ ഈ അഞ്ച് കാര്യങ്ങളും ആദ്യം സ്വയം ആചരിച്ചുകൊണ്ട് സമാജത്തെ അതിൽ പങ്കാളികളാക്കാൻ പരിശ്രമിക്കും. ഭരണകൂടവും സമാജത്തിലെ സജ്ജനങ്ങളും സമാജഹിതത്തിനായി ചെയ്യുന്ന, ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളിലും സംഘപ്രവർത്തകരുടെ പങ്കാളിത്തം എപ്പോഴുമുണ്ടാകും. സമാജത്തിന്റെ ഏകത, പുരോഗതി, എല്ലാ ദിശകളിലുമുള്ള നിസ്വാർത്ഥമായ പരിശ്രമം, ജനഹിതത്തിനായുള്ള സർക്കാർ, ജനോന്മുഖമായ ഭരണം, തനിമയുടെ അടിസ്ഥാനത്തിലുള്ള ഉയർച്ച, ഒരുമിച്ച് ചേർന്നുള്ള പ്രയത്നം ഇതിലൂടെയാണ് രാഷ്ട്രത്തിന്റെ ബലവും വൈഭവവും ഫലപ്രാപ്തിയിലെത്തുക. ശക്തി കൊണ്ടും വൈഭവം കൊണ്ടും സമ്പന്നമായ രാഷ്ട്രത്തോടൊപ്പം കുടുംബത്തെ മാനിക്കുന്ന, ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്ന, അസത്തിൽ നിന്ന് സത്തിലേക്ക് ഉയർത്തുന്ന, മർത്ത്യജീവിതത്തെ സാർത്ഥകമാക്കുന്ന, അമൃതജീവിതത്തിലേക്ക് നയിക്കുന്ന നമ്മുടെ സനാതന സംസ്കൃതി കൂടി ചേരുമ്പോൾ രാഷ്ട്രത്തിന് ലോകത്തിന്റെ നഷ്ടപ്പെട്ട സന്തുലിതാവസ്ഥ തിരികെ കൊണ്ടുവരാനും വിശ്വമാകെ സുഖശാന്തിമയമായ പുതുജീവിതത്തിന്റെ വരദാനം പ്രദാനം ചെയ്യാനും കഴിയും. ആധുനിക കാലത്ത് നമ്മുടെ അനശ്വര രാഷ്ട്രത്തിന്റെ നവോത്ഥാനത്തിന്റെ ലക്ഷ്യം ഇതാണ്. ■

# രാഷ്ട്രപുരോഗതിയിൽ സ്ത്രീകൾക്കും നിർണ്ണായക പങ്ക്





**അഡ്വ.എസ്.ആശാമോൾ**

**ബി. എം. എസ്. ദേശീയ സമിതിയംഗം**

**ഭാ**രതം പൈതൃകമായി സ്ത്രീയെ ശക്തിയുടെ പ്രതീകമായിട്ടാണ് കാണുന്നത്. ഈ തിരിച്ചറിവിലൂടെ സ്ത്രീസമൂഹം തങ്ങളുടെ കഴിവുകളും ഗുണങ്ങളും കണ്ടെത്തി പോഷിപ്പിക്കുമ്പോഴാണ് യഥാർത്ഥ സ്ത്രീശാക്തീകരണം സംഭവിക്കുന്നത്. അതിനുള്ള സാഹചര്യവും അവസരങ്ങളും ഒരുക്കിക്കൊടുക്കേണ്ട ഉത്തരവാദിത്വം പൊതുസമൂഹത്തിന് ഉണ്ടായിരിക്കണം. വ്യക്തിജീവിതത്തിലായാലും കുടുംബജീവിതത്തിലായാലും വിദ്യാഭ്യാസം, തൊഴിൽ, സാമൂഹികം എന്നീ മേഖലകളിലായാലും ഈ ഉത്തരവദിത്വങ്ങളിൽനിന്നും സമൂഹത്തിന് ഒഴിഞ്ഞുമാറുവാനും കഴിയില്ല.

തൊഴിൽമേഖലയിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായി സ്ത്രീകളെ സംബന്ധിച്ചിടത്തോളം വലിയ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. ഒരു കാലത്ത് ഗാർഹികമായ ഉത്തരവാദിത്വങ്ങൾ മാത്രം നിറവേറ്റി വീടിനുള്ളിൽ ഒതുങ്ങി കഴിയേണ്ടവരാണ് തങ്ങൾ എന്ന കാഴ്ചപ്പാടിൽ കഴിഞ്ഞിരുന്ന സ്ത്രീകൾ അത് തിരുത്തി ഗാർഹിക ഉത്തരവാദിത്വം നിറവേറ്റുന്നതിനൊപ്പം വിദ്യാഭ്യാസം നേടുന്നതിനും വീട് വിട്ട് പുറത്തുപോയി വേതനം ലഭിക്കുന്ന ജോലിചെയ്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതുമായ മാറ്റം സംഭവിച്ചിരിക്കുന്നു.

സ്ത്രീകൾ ചെന്നെത്തിയിട്ടില്ലാത്ത മേഖലകൾ ഇക്കാലത്ത് ഒന്നുംതന്നെയില്ലായെന്ന് അഭിമാനത്തോടെ പറയാം. അപ്പോഴും നാം ശ്രദ്ധിക്കേണ്ടതെന്തെന്നാൽ വിദ്യാഭ്യാസപരമായ നേട്ടങ്ങളിൽ മുന്നേറുമ്പോഴും തൊഴിൽവിപണിയിൽ പുരുഷന്മാരെ അപേക്ഷിച്ച് പിന്നിലാണ് സ്ത്രീകൾ. നേതൃസ്ഥാനങ്ങളിൽ എത്തിപ്പെടുന്ന

സ്ത്രീകളും വളരെ കുറവാണ്. ഇതൊരു സാമൂഹ്യവിഷയംത ന്നെയാണ്. ഇത് പരിഹരിക്കപ്പെ ടണമെങ്കിൽ അവർക്ക് സാമ്പ ത്തിക സുരക്ഷിതത്വവും സ്വാ തന്ത്ര്യവും തൊഴിലിലും തൊ ഴിൽസ്ഥലങ്ങളിലും സംരക്ഷ ണവും ഉണ്ടാകണം. ഇന്നും പ ലയിടങ്ങളിലും ലിംഗവ്യത്യാസ ത്തിന്റെ പേരിൽ പുരുഷനേ ക്കാൾ കുറഞ്ഞ വേതനമാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. തൊഴിലിടങ്ങളിൽ അന്തസ്സോടെ യും അഭിമാനത്തോടെയും സു രക്ഷിതമായും ജോലി ചെയ്യുന്ന തിനും തുല്യജോലിക്ക് തുല്യ വേതനം ലഭിക്കുന്നതിനും മാ നസികപിരിമുറുക്കവും സമ്മർ ദ്ദവും കൂടാതെ സ്വതന്ത്രരായി ജോലിചെയ്യുന്നതിനുള്ള നിയ മപരിരക്ഷ നല്കിക്കൊണ്ട് സ് ത്രീകളുടെ അവകാശങ്ങളെ ക്കുറിച്ച് അവരെ ബോധവത്ക്ക രിച്ച് അവർക്കുള്ള നിയമസംര ക്ഷണം പൂർണ്ണമായും ഉറപ്പുവ രുത്തുവാനും നടപ്പിലാക്കുവാ നും വേണ്ട കാര്യങ്ങൾ അധി കാരികളുടെ ഭാഗത്തുനിന്നു ണ്ടാകണം.

ഇന്ന് പുരുഷന്മാരെപ്പോലെ തന്നെ എല്ലാ തൊഴിൽമേഖലയി ലും സ്ത്രീകൾ എത്തപ്പെട്ടിരി ക്കുന്നു. പലവിധ ചൂഷണ ങ്ങൾക്കും ഇരയാകേണ്ടിവ ന്നാൽപ്പോലും അവർക്ക് ലഭി ക്കുന്ന മുഴുവൻ വേതനവും സമയവും അവർ കുടുംബത്തി ന്റെ ഉന്നമനത്തിനായി ചിട്ടപ്പെ ടുത്തി ഉപയോഗിക്കുന്നു. സ് ത്രീകളും പുരുഷന്മാരും ഒരു മിച്ചുനിന്ന് പ്രവർത്തിച്ചെങ്കിൽ മാത്രമേ കുടുംബത്തിന്റേയും അതിലൂടെ രാഷ്ട്രത്തിന്റേയും സമഗ്രമായ വികസനം പ്രാപ് തമാവുകയുള്ളു.

രാഷ്ട്രപുരോഗതി എന്ന യാഥാർത്ഥ്യം യാഥാർത്ഥ്യമാക ണമെങ്കിൽ ലിംഗഭേദമന്യെ സ്ത്രീ-പുരുഷ ഉന്നമനം ഉണ്ടാ കണം. ഇവിടെയാണ് ബഹുമാ ന്യനായ പ്രധാനമന്ത്രി നരേന്ദ്ര മോദിജിയും അദ്ദേഹം നേതൃ

**ഭരണനേതൃത്വം നല്കാനും നിർണ്ണായകസന്ധികളിൽ നേതൃത്വം നല്കാനും സ്ത്രീക്കും സാധിക്കുമെന്നുള്ള ആത്മവിശ്വാസം സ്ത്രീകളിൽ സൃഷ്ടിക്കണം. രാഷ്ട്രപുരോഗതിയിൽ ഒരുമിച്ചുനില്ക്കാൻ സമൂഹത്തിനു സാധിക്കണമെങ്കിൽ സ്ത്രീസമൂഹം അതിനനുസരിച്ച് ഉയരണം. അതിനുള്ള കൈത്താങ്ങാണ് വനിതാ സംവരണനിയമം.**

ത്വം നല്കുന്ന സർക്കാരും പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന സ്ത്രീകളുടെയും പെൺകുട്ടി കളുടെയും ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ശ്ര ദ്ധേയമാകുന്നത്. പെൺകുട്ടി കളുടെ വിദ്യാഭ്യാസത്തിനായി ബേട്ടീ ബച്ചാവോ ബേട്ടീ പഠാ വോ പദ്ധതി, സുകന്യ സമൃ ദ്ധി പദ്ധതി, സാനിട്ടറി നാപ് കിൻ ഒരു രൂപയ്ക്ക് ലഭ്യമാ ക്കിയത്, പ്രധാനമന്ത്രി ആവാ സ് യോജന വഴി നിർമ്മിക്കു ന്ന വീടുകളുടെ ഉടമസ്ഥാവ കാശം സ്ത്രീകൾക്ക് നല്കി യതും ഏറെ പ്രശംസനീയം തന്നെയാണ്. സാമ്പത്തികമാ യി പിന്നോക്കം നില്ക്കുന്ന കു ടുംബങ്ങൾക്ക് ഉജ്ജ്വൽയോജ നവഴി പാചകവാതകം സൗ ജന്യമായി വിതരണം ചെയ്ത തിലൂടെയും മറ്റും സാധാരണ ക്കാരായ അമ്മമാരുടെ അദ്ധ്വാ നഭാരം കുറച്ചു എന്നുപറയാ തെ വയ്യ. വിദ്യാഭ്യാസപരവും സാമ്പത്തികവുമായ മേഖലക ളിൽ സ്ത്രീകളെ ശാക്തീകരി ക്കുന്നതിനൊപ്പം സാമൂഹികമാ യ മാറ്റങ്ങൾ കൊണ്ടുവരിക യും പൊതു തീരുമാനങ്ങൾ എടുക്കുന്നതിൽ പുരുഷനോ ടൊപ്പം സ്ത്രീകൾക്കും തുല്യ പങ്ക് തന്നെയാണുള്ളത്. കേവ ലം പ്രസംഗത്തിനപ്പുറം ഇത് പ്രാവർത്തികമാക്കാൻ രാഷ്ട്ര ത്തിന്റെ നിയമനിർമ്മാണസഭക ളിലും സ്ത്രീകളുടെ പ്രാതിനി ധ്യം ഉറപ്പുവരുത്തുന്നതിനായി 'നാരീശക്തിവന്ദൻ അധിനിയം ' എന്ന കാഴ്ചപ്പാട് മുന്നോട്ടു വെച്ചു. ലോക്സഭയിലേയ്ക്കും സംസ്ഥാനനിയമസഭകളിലേയ് ക്കും ഉള്ള തെരഞ്ഞെടുപ്പുക ളിൽ സ്ത്രീകൾക്ക് 33% സീറ്റ് സംവരണം നടപ്പിലാക്കണം എ ന്ന സുപ്രധാന വനിതാസംവ രണ ബിൽ 2023' പാർലിമെന്റി ന്റെ പ്രത്യേക സമ്മേളനത്തിൽ പാസ്സാക്കുകയും ആയതിൽ 2023 സെപ്തംബർ 29-ന് നമ്മു ടെ വനിതയായ രാഷ്ട്രപതി ദ്രൗപദി മുർമ്മു ഒപ്പുവെയ്ക്കു കയും ചെയ്തു. ഭാരതത്തിന്റെ ഗരിമയെ ഒരിക്കൽകൂടി ഊട്ടി യുറപ്പിക്കുന്നതാണീ നിയമം. ഭാരതത്തിന്റെ പ്രഥമവനിത ഒ പ്പുവെച്ച വനിതാസംവരണ ബിൽ 2023 നിയമമായി വരു ന്നതിലൂടെ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളുടെ യും 33% സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടുമെന്നു ള്ളതും ഈ ബില്ലിന്റെ കാതലാ യ മറ്റൊരു നേട്ടം ആണ്. 'നാ രീശക്തിവന്ദൻ അധിനിയം' ഗ സറ്റ് വിജ്ഞാപനം ഇറക്കി പു തിയ സെൻസസിനും മണ്ഡല പുനർനിർണ്ണയത്തിനും ശേ ഷം രാജ്യത്ത് നടപ്പിലാകും. അതിനാൽ സ്ത്രീകളുടെ സ്വ തന്ത്രമായ പ്രവർത്തനങ്ങൾക്ക് ലിംഗസമത്വവും ലിംഗനീതി യും സുരക്ഷിതത്വവും ഉറപ്പാ ക്കേണ്ടത് സമൂഹത്തിന്റെ ഉത്ത




**സ്ത്രീകളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്ക് ലിംഗസമത്വവും ലിംഗനീതിയും സുരക്ഷിതത്വവും ഉറപ്പാക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ഈ ലക്ഷ്യത്തോടെയാണ് G-20യുടെ ഭാഗമായി W-20 സൃഷ്ടിക്കപ്പെട്ടത്. സ്ത്രീശാക്തീകരണവും സ്ത്രീകളുടെ അവകാശങ്ങൾക്കായി വാദിക്കൽ അതിനായി സമൂഹത്തിൽ സ്ത്രീകളുടെ ശബ്ദം ഉയർത്തുക എന്നിവയാണ് W-20യുടെ പ്രാഥമികലക്ഷ്യം.**

രവാദിത്തമാണ്. ഈ ലക്ഷ്യത്തോടെയാണ് G-20യുടെ ഭാഗമായി W-20 സൃഷ്ടിക്കപ്പെട്ടത്. സ്ത്രീശാക്തീകരണവും സ്ത്രീകളുടെ അവകാശങ്ങൾക്കായി വാദിക്കൽ അതിനായി സമൂഹത്തിൽ സ്ത്രീകളുടെ ശബ്ദം ഉയർത്തുക എന്നിവയാണ് W-20യുടെ പ്രാഥമിക ലക്ഷ്യം.

സ്ത്രീശാക്തീകരണമെന്നാൽ ഭാരതത്തിന്റെ തനതായ സംസ്കാരത്തേയും മൂല്യങ്ങളേയും ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി പ്രവർത്തിക്കുകയെന്നല്ല മറിച്ച് സ്ത്രീ തന്റെ ശക്തി തിരിച്ചറിഞ്ഞ് തന്റെ കഴിവുകൾ രാഷ്ട്രത്തിന്റെ പുരോഗതിക്കായി ഉപയോഗിക്കാൻ തയ്യാറായി മുന്നോട്ടുവരിക എന്നതാണ്. ജീവിതത്തിന് അർത്ഥം നല്കുന്ന മൂല്യങ്ങൾക്കാണ് നാം പ്രാധാന്യം നല്കേണ്ടത്. ഒരു വ്യക്തിയുടെ നിലനില്പ്തന്നെ കുടുംബത്തിനും സമൂഹത്തിനും ഭദ്രത പ്രധാനം ചെയ്യുന്ന മൂല്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. കെട്ടുറപ്പുള്ള കുടുംബം എന്നത് ഭാരതത്തിന്റെ മഹത്വമാർന്ന ഒരു കാഴ്ചപ്പാട് തന്നെയാണ്. ഈ കുടുംബബന്ധം ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു താലിപൊട്ടിച്ചെറിയൽ സമരം. അതുപോലെതന്നെ നാട്ടിൽ കേട്ടുകേൾവിപോലും ഇല്ലാത്ത ചുംബന – ആർത്തവ സമരങ്ങൾക്കും നമ്മുടെ കേരളം സാക്ഷ്യംവഹിച്ചിരുന്നു. ഇത്തരം ആഭാസ സമരങ്ങൾ നമ്മുടെ മൂല്യങ്ങളെ തകർത്ത് സംസ്കാരത്തെ മലിനപ്പെടുത്തി സമൂഹത്തെ ശിഥിലമാക്കുമെന്നതിനാൽ നാം കരുതിയിരിക്കുന്നതിനൊപ്പം സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾക്കും അനീതിക്കുമെതിരെ ശബ്ദമുയർത്താനും നാം തയ്യാറാകണം. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ ഇല്ലായ്മ ചെയ്യണമെങ്കിൽ അതുകണ്ട് ഭയന്ന് പിന്മാറുകയല്ല വേണ്ടത്, മറിച്ച് പ്രതികരിക്കാനുള്ള അവസരമാണിതെന്ന് കണ്ട് പ്രവർത്തിക്കുകയും നമ്മുടെ വിദ്യാഭ്യാസവും ഉദ്യോഗവും കഴിവും സ്വാതന്ത്ര്യവുമെല്ലാം രാഷ്ട്രപുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിന് നാം തയ്യാറാകുകയും വേണം. സ്ത്രീശാക്തീകരണം ഓരോ കുടുംബത്തിൽനിന്നുതന്നെയാണ് ആരംഭിക്കേണ്ടത്. അതിലൂടെ സമൂഹവും രാഷ്ട്രവും ശാക്തീകരിക്കപ്പെടുന്നു. സാമൂഹ്യനന്മക്കായി സ്ത്രീശാക്തീകരണം അനിവാര്യമാണ്.

ഭാരതീയ കാഴ്ചപ്പാടിൽ സ്ത്രീയും പുരുഷനും പരസ്പരപൂരകമാണ്. വ്യക്തിപരമായി സ്ത്രീക്ക് വളർന്നുവരാനുള്ള സാഹചര്യം നിയമപരമായി ഒരുക്കുകയാണ് സർക്കാർ ചെയ്തത്. ബോധവൽക്കരണത്തിലൂടെ സമൂഹത്തെ ഈ കാഴ്ചപ്പാടിലേക്ക് എത്തിക്കണം. ഭരണനേതൃത്വം നല്കാനും നിർണ്ണായകസന്ധികളിൽ നേതൃത്വം നല്കാനും സ്ത്രീക്കും സാധിക്കുമെന്നുള്ള ആത്മവിശ്വാസം സ്ത്രീകളിൽ സൃഷ്ടിക്കണം. രാഷ്ട്രപുരോഗതിയിൽ ഒരുമിച്ചുനില്ക്കാൻ സമൂഹത്തിനു സാധിക്കണമെങ്കിൽ സ്ത്രീസമൂഹം അതിനനുസരിച്ച് ഉയരണം. അതിനുള്ള കൈത്താങ്ങാണ് വനിതാ സംവരണനിയമം. ■

## നിരീക്ഷണങ്ങൾ
## വിശകലനങ്ങൾ



**കല്ലറ അജയൻ**
9446751163


# അഭിനയം ഒരു കലയാണ്



**ക**ഴിഞ്ഞ വർഷം 176 സിനിമകൾ മലയാളത്തിൽ റിലീസ് ചെയ്തത്രേ! അതിൽ സാമ്പത്തികവിജയം നേടിയത് അഞ്ചിൽതാഴെ ചലച്ചിത്രങ്ങൾ ആണെന്നു പറയപ്പെടുന്നു. അഞ്ചോളം എണ്ണം കഷ്ടിച്ചു പിടിച്ചുനിന്നത്രെ! ബാക്കി 166-ഉം നിർമ്മാതാവിന്റെ കീശ കാലിയാക്കി. മലയാളം സംസാരിക്കുന്നവരുടെ എണ്ണം ലോകത്താകെ നാലുകോടിയോളമേ വരുള്ളു എന്നതിനാൽ തമിഴിനും ഹിന്ദിക്കും തെലുങ്കിനും ഒക്കെ കിട്ടുന്ന പ്രേക്ഷകസമൂഹം നമുക്കില്ല. എങ്കിലും നല്ല സിനിമയാണെങ്കിൽ തമിഴരും തെലുങ്കരുമൊക്കെ നമ്മുടെ സിനിമ കാണും എന്നതിനാൽ വിപണി തീരെയില്ല എന്നുപറയാനാവില്ല. എങ്കിലും നാൾക്കുനാൾ നമ്മുടെ ചലച്ചിത്രവ്യവസായം ശോഷിച്ചുവരുന്നു.

സിനിമ ഒരു വ്യവസായവും കലയുമാണ്. കലാപരമായ മേന്മ മാത്രം നോക്കിയാൽ നിർമ്മാതാവിന്റെ കാര്യം കഷ്ടത്തിലാകും. എങ്കിലും രണ്ടുംകൂടി സമന്വയിപ്പിച്ച എത്രയോ മലയാളചലച്ചിത്രങ്ങൾ വലിയ പ്രദർശനവിജയവും നേടിയിട്ടുണ്ട്. അടൂർ ഗോപാലകൃഷ്ണന്റെയോ അരവിന്ദന്റെയോ ഒക്കെ സിനിമപോലെ ആർക്കും പടം പിടിക്കാനാവില്ല. കൊല്ലത്തെ രവീന്ദ്രനാഥൻനായരെപ്പോലെ ഒരു നിർമ്മാതാവ് തന്റെ സമ്പത്ത് ബോധപൂർവ്വം വ്യയം ചെയ്യാൻ തയ്യാറായതുകൊണ്ടാണ് അടൂരിനും അരവിന്ദനും കലാമൂല്യമുള്ള ചിത്രങ്ങളെടുക്കാനായത്. അങ്ങനെ കലയ്ക്കുവേണ്ടി ത്യാഗം ചെയ്യാൻ തയ്യാറാവുന്ന നിർമ്മാതാക്കൾ അധികം ഉണ്ടാകാനിടയില്ല. മുടക്കുന്ന പണം ലാഭം ഉൾപ്പെടെ തിരികെ കിട്ടണമെന്നാണ് ഏതൊരു നിർമാതാവിന്റെയും ആഗ്രഹം.

സിനിമയെ ബിസിനസ് ആയി കാണാത്ത ഒരു സംഘം അമചർ കലാകാരന്മാരും നിർമാതാക്കളും ഇന്നുണ്ട്. ആഗ്രഹപൂർത്തീകരണം എന്നതിലുപരി കലാമൂല്യമോ കച്ചവടമൂല്യമോ കണക്കിലെടുക്കാതെ ഒരു സംഘം നിർമ്മാതാക്കൾ ചേർന്ന് നഷ്ടംവരും എന്ന ബോധ്യത്തോടെതന്നെ നിർമ്മിക്കുന്നവയാണ് ഇപ്പോഴത്തെ സിനിമകളിൽ വലിയ പങ്കും. ഒരർത്ഥത്തിൽ ഇത്തരം അമചർ



**സിനിമയെ ബിസിനസ് ആയി കാണാത്ത ഒരു സംഘം അമച്വർ കലാകാരന്മാരും നിർമാതാക്കളും ഇന്നുണ്ട്. ആഗ്രഹപൂർത്തീകരണം എന്നതിലുപരി കലാമൂല്യമോ കച്ചവടമൂല്യമോ കണക്കിലെടുക്കാതെ ഒരു സംഘം നിർമ്മാതാക്കൾ ചേർന്ന് നഷ്ടംവരും എന്ന ബോധ്യത്തോടെതന്നെ നിർമ്മിക്കുന്നവയാണ് ഇപ്പോഴത്തെ സിനിമകളിൽ വലിയ പങ്കും.**

ചലച്ചിത്രപ്രവർത്തകർ മലയാളസിനിമയുടെ വലിയ വിപത്തായി തീർന്നിരിക്കുന്നു. മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ചുപോലും ചലച്ചിത്രനിർമ്മാണം സാധ്യമാകുന്ന ഇക്കാലത്ത് ഇത്തരം അമച്വർ കലാകാരന്മാരോട് സിനിമയെടുക്കരുത് എന്നും പറയാൻ ആർക്കുമാകില്ലല്ലോ. സ്കൂളിൽ നാടകം കളിക്കുന്ന ഗൗരവംപോലുമില്ലാതെയെടുക്കുന്ന സിനിമകളുടെ ഇടയിൽപെട്ട് വൻബഡ്ജറ്റ് സിനിമകൾ ഞെരുങ്ങിപ്പോകുന്നു. പ്രേക്ഷകർ ഈ അമച്വർമാരെ വകഞ്ഞുമാറ്റി വേണം ഗൗരവമുള്ള സിനിമയിലേക്കെത്താൻ. അതു പലപ്പോഴും നടക്കാതെ വരുന്നു. ഫലമോ ബിസിനസ് എന്ന നിലയിലും കല എന്ന നിലയിലും ചലച്ചിത്രത്തെ സമീപിക്കുന്നവർക്കു ഭീമമായ നഷ്ടം ഉണ്ടാകുന്നു.

ഇതു സിനിമയെന്ന കലാരൂപത്തിന്റെ മാത്രം ദുരന്തമാണെന്നു പറയാനാവില്ല. എല്ലാ കലകളേയും ഈ അപക്വമതികളുടെ ആക്രമണം ബാധിക്കുന്നുണ്ട്. എഴുത്തിനും ചിത്രകലയ്ക്കും നൃത്തത്തിനുമെല്ലാം ഇത്തരം ബാധകളുടെ ഉപദ്രവം ഉണ്ടാകുന്നു. വിദ്യാഭ്യാസ മേഖലയിലുണ്ടായ ജനാധിപത്യവൽക്കരണവും ഉയർന്ന ശമ്പളവും പെൻഷനുമൊക്കെ കിട്ടാൻ തുടങ്ങിയതും വലിയ ഒരു വിഭാഗത്തെ വിനോദത്തിനു സമയം കണ്ടെത്താൻ നിർബന്ധിതരാക്കുന്നു. പെൻഷൻ പറ്റുന്നവരൊക്കെ കവികളാകുന്ന വലിയ ദുരന്താവസ്ഥ ഇപ്പോൾ കേരളത്തിലുണ്ട്. മക്കൾക്ക് ഉയർന്ന ജോലി കിട്ടി വിദേശത്തേയ്ക്കും മറ്റും പോയി കഴിഞ്ഞാൽ ഒറ്റയ്ക്കാകുന്ന ഒരുവിധം സമ്പന്നരായ മാതാപിതാക്കളിൽ പലരും വാർദ്ധക്യം ചിലവഴിക്കാൻ കാണുന്ന പ്രധാന ഉപാധി സാഹിത്യരചനയാണ്. ഗൗരവപൂർണ്ണമായ എഴുത്തിനെ ഇത്തരക്കാരുടെ രചനകൾ മുക്കിക്കളയുന്ന സ്ഥിതിവിശേഷത്തെ നമുക്കു പക്ഷേ നേരിടുക സാധ്യമല്ല. ആരെയെങ്കിലും വിലക്കാൻ നമുക്ക് അവകാശമില്ലല്ലോ.

സിനിമയിലേക്ക് തിരികെ വന്നാൽ, കൈവശം സമ്പത്തുള്ളവരൊക്കെ സിനിമ നിർമ്മിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നു. നിർമ്മാണംകൊണ്ട് അവർ അവരുടെ മോഹങ്ങൾ അവസാനിപ്പിക്കുന്നില്ല. അഭിനയവും സംവിധാനവുമൊക്കെ ഏറ്റെടുക്കുന്നു. ഫലമോ മലയാള സിനിമ ഇന്ന് അധഃപതനത്തിന്റെ നെല്ലിപ്പലകയിൽ എത്തിനില്ക്കുന്നു. അഭിനയം ലോകം മുഴുവനുമുള്ള കലയാണെങ്കിലും എല്ലാവരുടേയും അഭിനയസങ്കല്പങ്ങൾ ഒരുപോലെയല്ല. തമിഴ്സിനിമയിൽ അഭിനയിക്കുന്ന രീതിയിൽ മലയാളത്തിൽ പറ്റില്ല. ഹിന്ദിയുടെ രീതി വേറൊന്നാണ്. ഹോളിവുഡ് ചിത്രങ്ങളിൽ നമ്മുടേതുമായി ഒരു സാദൃശ്യവുമില്ലാത്ത അഭിനയമാണുള്ളത്. അതുകൊണ്ടുതന്നെ സാർവ്വത്രികമായി അഭിനയകലയെ വിലയിരുത്തുക അസാധ്യം. എന്നിരിക്കിലും ഒരു പൊതു സ്വഭാവമില്ലെന്നും പറയാനാവില്ല. ചാപ്ലിന്റെ അഭിനയം വലിയ അതിഭാവുകത്വം നിറ

ഞ്ഞതാണെങ്കിലും ലോകം മുഴുവൻ അതു സ്വീകരിക്കപ്പെട്ടു.

പുതിയ കാലത്തെ മലയാളസിനിമയുടെ ഏറ്റവും വലിയ ദുരന്തം നൈസർഗ്ഗികസിദ്ധിയുള്ള നടന്മാരുടെ അഭാവമാണ്. നായകനടന്മാരിൽ അഭിനയശേഷിയുള്ളവർ വിരലിൽ എണ്ണാവുന്നവരേയുള്ളു. അഭിനയം എന്നത് ആർക്കും കഴിയുന്നതാണെന്ന തെറ്റിദ്ധാരണ വ്യാപകമാണ്. കോൺസ്റ്റാന്റിൻ സ്റ്റാനിസ്ലാവ്സ്കി (Konstantin Stanislavski), സ്റ്റാൻഫോർഡ് മീസ്നർ (Stanford Meisner) തുടങ്ങിയ ലോകപ്രസിദ്ധ അഭിനയകലാവിദഗ്ദ്ധന്മാരുടെ ഉദ്ധരണികളെ തെറ്റായി ഉദ്ധരിച്ച് അഭിനയകലയെ വളരെ ലാഘവ ബുദ്ധിയോടെയാണ് മലയാളി സമീപിക്കുന്നത്. സ്റ്റാൻഫോർഡ് മീസ്നർ എന്ന അമേരിക്കൻ അഭിനയകലാചാര്യന്റെ വിശ്വപ്രസിദ്ധമായ "Acting is the ability to behave absolutely truthfully under the imaginary circumstaces" ഉദ്ധരണിയാണ് അഭിനയം എന്നത്. നാച്ച്യുറൽ ആണെന്നു പ്രചരിപ്പിച്ച് ജീവിതത്തിൽ പെരുമാറുന്നതുപോലെ മതി എന്ന ധാരണ സൃഷ്ടിക്കുന്നത്.

അഭിനയം എന്ന പദത്തിന്റെ നിഷ്പത്തിതന്നെ 'അഭിമുഖമായി ഇരിക്കുന്നവരിലേയ്ക്ക് നയിക്കുക' എന്ന അർത്ഥത്തിലാണ്. പ്രേക്ഷകരിലേയ്ക്ക് എത്താൻ വേണ്ടതാണ് അഭിനയത്തിൽ വേണ്ടത്. ജീവിതസാഹചര്യം കൃത്രിമമായി സൃഷ്ടിക്കുന്നു എന്നുകരുതി ജീവിതത്തിൽ പെരുമാറുന്നതുപോലെ ചെയ്താൽ അഭിനയമാകില്ല. ജീവിതത്തിൽ പെരുമാറുന്നതുപോലെ ഒരു തോന്നൽ ഉണ്ടാക്കാൻ വേണ്ടത് ചെയ്യണം. കൂടുതൽ ആയാൽ അമിതാഭിനയമെന്നും കുറവായാൽ അഭിനയമില്ലായ്മയായും കണക്കാക്കപ്പെടും. നാടകത്തിൽ ഒരാൾ അടക്കം പറയുന്നതായി അഭിനയിക്കുമ്പോഴും ഉള്ളടക്കം ഉച്ചത്തിൽ വിളിച്ചുപറഞ്ഞേപറ്റൂ. എന്നാൽ അടക്കം പറയുന്ന പ്രതീതി സൃഷ്ടിക്കണം. ജീവിതത്തിലെ വില്ലന്മാരാരും ഉച്ചത്തിൽ പൊട്ടിച്ചിരിക്കാറില്ല. അഭിനയത്തിൽ പലപ്പോഴും അതുവേണ്ടിവരും.




**ഹോളിവുഡ് ചിത്രങ്ങളിൽ നമ്മുടേതുമായി ഒരു സാദൃശ്യവുമില്ലാത്ത അഭിനയമാണുള്ളത്. അതുകൊണ്ടുതന്നെ സാർവ്വത്രികമായി അഭിനയകലയെ വിലയിരുത്തുക അസാധ്യം.**

ഭരതമുനി അഭിനയത്തിൽ നാട്യധർമിയും ലോകധർമിയുമുള്ളതായി പറയുന്നു. സ്വാഭാവികമായ അഭിനയമാണ് ലോകധർമി. എന്നാൽ എല്ലായിടത്തും അതു സാധ്യമല്ല. നാട്യധർമിയും വേണ്ടിവരും. അഭിനയം സ്വാഭാവികമായിരിക്കണം എന്നുകരുതി മലയാളസിനിമയിൽ ചില നായകനടന്മാരിൽ നമ്മൾ കാണുന്നതുപോലെ വെറുതെ ശവങ്ങളെപ്പോലെ നിന്നു വർത്തമാനം പറയലല്ല അത്. ഒരു ജീവിതസാഹചര്യം പ്രേക്ഷകനു കിട്ടുന്നതിനാവശ്യമായ പ്രതികരണങ്ങൾ സൃഷ്ടിക്കാൻ നടനു കഴിയണം. മലയാളസിനിമയിലെ ഇന്നത്തെ നിർജ്ജീവനടന്മാർ ഈ കലയെ അധഃപതനത്തിന്റെ പടുകുഴിയിലാക്കിയിരിക്കുന്നു. ഇവരിൽ പലർക്കും സംസ്ഥാന അവാർഡുകൾപോലും കിട്ടുന്നു എന്നു കാണുമ്പോൾ നമ്മൾ ഞെട്ടിപ്പോകുന്നു. പ്രീണനത്തിന് ലോകത്തിൽ ഒന്നാംസ്ഥാനമുള്ള കേരളത്തിൽ ഇതും ഇതിനപ്പുറവും സംഭവിക്കും. കഥകളിപോലെ അഭിനയകലയുടെ അത്യുന്നത ശ്രേണിയിലുള്ള ഒരു കലാരൂപം ജനിച്ച മണ്ണിലാണ് ഈ ദുരന്തം എന്നത് കൂടുതൽ ദുഃഖകരമായ അവസ്ഥ സൃഷ്ടിക്കുന്നു.


# ബി. എം. എസ്സിന്റെ വിജയരഹസ്യം




**ടി. വിജയൻ**

**9496727842**


## ഠേംഗ്ഡിജിയുടെ ചിന്തകൾ





**ഭാ**രതീയ മസ്ദൂർസംഘം 1955 ജൂലായ് 23ന് രൂപീകൃതമാകുമ്പോൾ അതിൽ ഒരംഗമേ ഉണ്ടായിരുന്നുള്ളു. ദത്തോപന്ത് ഠേംഗ്ഡിജി അറുപത്തിയെട്ട് വർഷം കഴിഞ്ഞ് ഇന്ന് ബി.എം.എസ്സിൽ പത്തുദശലക്ഷം അംഗങ്ങളുണ്ട്. ഭാരതത്തിലെ ഏറ്റവും വലിയ തൊഴിലാളി സംഘടന എന്ന അംഗീകാരവും ലഭിച്ചു. ഏഴുപതിറ്റാണ്ടിനിടയ്ക്ക് നേടിയ ഈ വളർച്ചയ്ക്ക് കാരണം ബി.എം.എസ്സിന്റെ സംഘടനാരീതിയാണ്.

ഈ സംഘടനയിൽ എല്ലാ പ്രവർത്തകരും തുല്യരാണ്. ഓരോരുത്തരും അവരവരുടെ സംഘടന ചുമതല നിർവഹിക്കുമ്പോഴും താൻ മറ്റുള്ളവർക്ക് തുല്യനാണ് എന്ന ബോധം ഉള്ളിൽ സൂക്ഷിക്കുന്നു. അതു പരസ്പര ബഹുമാനത്തിനും അംഗീകാരത്തിനും കാരണമാകുന്നു. ചുമതലകൾ വഹിക്കുന്നത് സംഘടനയ്ക്കുവേണ്ടിയാണ്, താൻ സംഘടനയുടെ ഭാഗമാണ് എന്ന ബോധം ഉള്ളിൽ അടിയുറച്ചുനില്ക്കുന്നു. ഠേംഗ്ഡിജി പറയുന്നു ''നിങ്ങളുടെ കാര്യകർത്താക്കളെല്ലാം ഒരുപാട് പ്രവർത്തിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഇരുപത്തിനാല് മണിക്കൂർ നിങ്ങൾക്ക് തികയില്ല എന്നും എനിക്കറിയാം. ഇന്നലെ ആദരണീയനായ ദാദാസാഹബ് പറഞ്ഞതുപോലെ, അദ്ദേഹം പറഞ്ഞത് മറ്റൊരു സന്ദർഭത്തിലാണെങ്കിലും, നമ്മുടെയിടയിൽ എല്ലാവരും തുല്യരാണ്. പ്രസിഡന്റ് മുതൽ സാമാന്യ പ്രവർത്തകൻവരെ എല്ലാവരും പ്രവർത്തനത്തിൽ ഒരുപോലെയാണ്. ഞാൻ കഷ്ടപ്പെടുന്ന അത്രയും, ദാദാസാഹേബ് കഷ്ടപ്പെടുന്ന അത്രയും കഷ്ടം യൂണിയനിലെ സെക്രട്ടറിക്കുമുണ്ട്. ആ കാഴ്ചപ്പാടിൽ ഇരുവരും തമ്മിൽ ഒരു വ്യത്യാസവുമില്ല. പ്രവർത്തനത്തിന്റെ അളവും സമാനമാണ്.'' (ദത്തോപാന്ത് ഠേംഗ്ഡിജി, ദിശാദർശനം . വാല്യം - 2 പേജ് - 26, 27)

ഇക്കാര്യം പല സംഘടനകളും പറയാറുണ്ടെങ്കിലും പ്രാവർത്തികമാക്കാറില്ല. അവിടെ സംഘടനയുടെ തട്ടുകൾ അനുകരിച്ചാണ് തുല്യത സ്ഥിതിചെയ്യുന്നത്. എന്നാൽ ബി.എം.എസ്സിൽ അങ്ങനെയല്ല. അതിനുകാരണം ഓരോ പ്രവർത്തകനും ഭാരതീയ മസ്ദൂർ സംഘവുമായി താദാത്മ്യം പ്രാപിച്ചു പ്രവർത്തിക്കുന്നു എന്നതാണ്. തന്റെ പ്രവർത്തനത്തോടൊപ്പം 'ഞാനും ഭാരതീയ മസ്ദൂർ സംഘവും, ഭാരതീയ മസ്ദൂർ സംഘവും ഞാനും' എന്ന ബോധം മനസ്സിലുണ്ടായിരിക്കുകയാണ് ഒരു പ്രവർത്തകന്റെ ലക്ഷണമെന്ന് ഈ ഗ്രന്ഥത്തിൽ ഠേംഗ്ഡിജി പറയുന്നു. ''ഏറ്റവും ശ്രേഷ്ഠമായ കാര്യം ഭാരതീയ മസ്ദൂർസംഘവുമായി താദാത്മ്യം പ്രാപിക്കുക

എന്നതാണ്. ഇതില്ലാതെ ആദർശത്തിന് വരാനാകില്ല. ഇത്തരത്തിൽ പ്രവർത്തനശീലരായ നമ്മുടെ ഓരോ പ്രവർത്തകനും എത്രമാത്രം ആദർശവാദിയാണ്, എത്രമാത്രം യോജിച്ചുനില്ക്കുന്നു എന്നത് സ്വന്തം ചുമതലയോടൊപ്പം നമ്മുടെ വളർച്ചയുടെ ശ്രേഷ്ഠതയും കൂടിയാണ്'' (ഇതേ പുസ്തകം, പേജ് 23)

ആദർശനിഷ്ഠയും ഐക്യവുമുള്ളിടത്ത് വളർച്ച പ്രതീക്ഷിച്ചതിലും ഏറെയായിരിക്കും. അതുണ്ടാക്കുന്ന ഗുണഫലങ്ങൾ കണക്കുകൾക്കു മീതെയാകും. ഒരു സംഘടനാപ്രവർത്തകൻ വളരെ ബുദ്ധിമാനാണ്, വിദഗ്ധനാണ്, ശ്രേഷ്ഠനാണ് എന്നുവരികിലും മറ്റുള്ളവരുമായി ഐക്യപ്പെട്ടുപോകുന്നില്ലെങ്കിൽ സംഘടനയിൽ പ്രശ്നക്കാരനായിരിക്കും "പ്രവർത്തനത്തോട് പൂർണ്ണ ഐക്യമുള്ളതാണ് പ്രവർത്തനത്തിന്റെ സുഖം. പ്രവർത്തനത്തിന്റെ സുഖം എന്റെയും സുഖം, പ്രവർത്തനത്തിന്റെ ദുഃഖം എന്റെയും ദുഃഖം, പ്രവർത്തനത്തോടുള്ള ആദരവ് എന്നോടും കൂടിയുള്ള ആദരവ്, പ്രവർത്തനത്തിനുള്ള അപമാനം എന്റെ നേരെയുള്ള അപമാനം.'' (ഇതേ പുസ്തകം പേജ് 24) എന്ന ചിന്തയുള്ളവരാണ് നല്ല സംഘടനാ പ്രവർത്തകൻ എന്ന് ഠേംഗ്ഡിജി പറയുന്നു. ഇത്തരം പ്രവർത്തകനിരയാണ് ബി.എം.എസ്സിന്റെ കരുത്ത്.


സ്വന്തം വീട്ടിൽ ജോലിചെയ്യുന്നതും ജോലിസ്ഥലത്ത് ജോലി ചെയ്യുന്നതും രണ്ടാണ്. ഒരു ആയ കുട്ടിയെ പരിചരിക്കുന്നതു സമയബന്ധിതമായാണ്. അവരുടെ ജോലിസമയം കഴിഞ്ഞാൽ തിരിച്ചുപോകും. സ്വന്തം കുട്ടിയ പരിചരിക്കുമ്പോൾ സമയം പരിഗണിക്കില്ല. സ്വന്തം കുട്ടിക്ക് അസുഖം വന്നാൽ രാത്രിയാണോ പകലാണോ ജോലിസമയമാണോ എന്നൊന്നും നോക്കില്ല. അതിനുകാരണം കുട്ടി തന്റേതെന്ന ബോധമാണ്. ഈ ബോധം സംഘടനയോട് ഉണ്ടാവുക എന്നതാണ് ഒരു സംഘടനാ പ്രവർത്തകന്റെ ഗുണം "ഇത്തരത്തിൽ ഏകാത്മത നേടിയ പ്രവർത്തകനും ആ ആയയെപ്പോലെ പ്രവർത്തിക്കുന്ന പ്രവർത്തകനും തമ്മിൽ വ്യത്യാസമേറെയുണ്ട്. ഗുണാത്മക ദൃഷ്ടിയിൽ ചിന്തിച്ചാൽ നാം താദാത്മ്യം പ്രാപിച്ച് സ്വയം മസ്ദൂർ സംഘത്തിന്റെ പ്രവർത്തനം ചെയ്യുകയും ഒപ്പം ആളുകളെ അത്തരത്തിൽ മുന്നേറാൻ പ്രേരിപ്പിക്കുകയും ചെയ്യുക." (അതേ പുസ്തകം പേജ് 23)

> **"ഓരോ യൂണിയനിലും ഇത്തരം മാസ്റ്റർ മൈൻഡ് ഗ്രൂപ്പ് ഉണ്ടാവട്ടെ. അതു ഗുണത്തിന്റെയും എണ്ണത്തിന്റെയും കാഴ്ചപ്പാടിൽ വളരട്ടെ. ഈ ഗ്രൂപ്പിലായിരിക്കണം നമ്മുടെ വളർച്ചയുടെയും തളർച്ചയുടെയും അടിസ്ഥാനം. മെമ്പർഷിപ്പല്ല അതിന്റെ ഉരക്കല്ല്. താല്ക്കാലിക വിജയവും പരാജയവുമല്ല. മാസ്റ്റർ മൈൻഡ് ഗ്രൂപ്പാണ് നമ്മുടെ വളർച്ചയുടെ ഒരേയൊരു ഘടകം."**

ഇത്തരത്തിൽ സംഘടനയുമായി താദാത്മ്യം പ്രാപിച്ച പ്രവർത്തകർ നിരവധിയുണ്ടെങ്കിലും അവർക്കിടയിൽ പൊരുത്തമില്ലെങ്കിൽ അവിടെ സംഘടന ഉണ്ടാവില്ല. അവരെ കൂട്ടിയോജിപ്പിക്കുന്ന ഘടകം അവർക്കിടയിലെ കുടുംബസങ്കല്പമാണ്. ബുദ്ധി, പാണ്ഡിത്യം, സാമർത്ഥ്യം, സ്വഭാവം എന്നിവയിൽ വ്യത്യസ്തരാണെങ്കിലും ഒരു കുടുംബത്തിലുള്ളവരാണെങ്കിൽ ഇവർക്കിടയിൽ ഒരു മനസ്സുണ്ടാകും. അതാണ് കുടുംബസങ്കല്പത്തിന്റെ സവിശേഷത. ഒരു സംഘടന എന്നതിലപ്പുറം, ഒരു കുടുംബം, ആ കുടുംബത്തിലെ അംഗങ്ങൾ എന്ന കാഴ്ചപ്പാട് നിലനില്ക്കുന്നു എന്നതാണ് ബി.എം.എസ്സിന്റെ പ്രത്യേകത. ഠേംഗ്ഡിജി പറയുന്നു: ''ആദർശവും ലക്ഷ്യവും ഒന്നായതിനാൽ ആളുകളുടെ സ്വഭാവത്തിൽ യോജിപ്പുവരുത്തി നല്ല സംഭാഷണങ്ങളിലൂടെ ഒരേ മനസ്സായി മാറും. ചിന്തയുടെ പ്രക്രിയ മുന്നേറുമ്പോൾ എല്ലാ പ്രവർത്തകരും ചേർന്ന് ഒരേ മനസ്സാകുന്നു. അത്തരമൊരു സാഹചര്യമുണ്ടാകുമ്പോൾ നമ്മൾ പറയും നല്ല പ്രവർത്തനകൂട്ടമെന്ന്. സംഖ്യ വർധിക്കും. പക്ഷേ അതുണ്ടാകുന്നത് ഗുണാത്മകദൃഷ്ടിയിലൂടെ ഓരോ പ്രവർത്തകനേയും കണ്ടെത്തി ആദർശവാദിയും ഐക്യമുള്ളവരുമായി എല്ലാ കാര്യകർത്താക്കളും നല്ല വാക്കുകളുമായി മുന്നേറുമ്പോഴാണ്.'' (അതേ പുസ്തകം പേജ് - 26)

ഇത്തരത്തിൽ ആദർശനിഷ്ഠരും സംഘടനയുമായി താദാത്മ്യം പ്രാപിച്ചവരും ഓരേ മനസ്സോടെ കുടുംബചിന്തയോടെ സംഘടന പ്രവർത്തനം ചെയ്യുന്നവരുമായ പ്രവർത്തക നിരയാണ് സംഘടനയുടെ യഥാർഥശക്തി. ഇവരെ വിശേഷിപ്പിക്കുന്നത് മാസ്റ്റർ മൈൻഡ് ഗ്രൂപ്പ് എന്നാണ്. മുകളിൽ വിവരിച്ച ഗുണങ്ങളുള്ള പ്രവർത്തകരുടെ കൂട്ടായ്മയെയാണ് 'മാസ്റ്റർ മൈൻഡ് ഗ്രൂപ്' എന്ന് വിളിക്കുന്നത്. സംഘടനയുടെ പരിപാടികളും വികസന രേഖകളും തയ്യാറാക്കുന്നത് ഇവരാണ്. ''ഓരോ യൂണിയനിലും ഇത്തരം മാസ്റ്റർ മൈൻഡ് ഗ്രൂപ്പ് ഉണ്ടാവട്ടെ. അതു ഗുണത്തിന്റെയും എണ്ണത്തിന്റെയും കാഴ്ചപ്പാടിൽ വളരട്ടെ. ഈ ഗ്രൂപ്പിലായിരിക്കണം നമ്മുടെ വളർച്ചയുടെയും തളർച്ചയുടെയും അടിസ്ഥാനം. മെമ്പർഷിപ്പല്ല അതിന്റെ ഉരക്കല്ല്. താല്ക്കാലിക വിജയവും പരാജയവുമല്ല. മാസ്റ്റർ മൈൻഡ് ഗ്രൂപ്പാണ് നമ്മുടെ വളർച്ചയുടെ ഒരേയൊരു ഘടകം.'' (അതേ പുസ്തകം പേജ് - 26)

# ദേശീയപാതാവികസനവും പ്രാദേശിക പ്രശ്നങ്ങളും



അഡ്വ. പി.ജയഭാനു



**1988**-ലാണ് നാഷണൽ ഹൈവേ അതോറിറ്റി ആക്ട് പാർലിമെന്റ് അംഗീകരിച്ചത്. 1995 മുതലാണ് അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തിച്ചുതുടങ്ങിയത്. അതുവരെ സംസ്ഥാന പൊതുമരാമത്തു വകുപ്പുമുഖേനയാണ് ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും നടത്തിയിരുന്നത്. 1995 മുതൽ പാതകൾ അതോറിറ്റിതന്നെ ഏറ്റെടുത്ത് നിർമ്മാണവും പരിപാലനവും നേരിട്ട് നടത്തുവാൻ തുടങ്ങി. 1,45,155 കിലോമീറ്റർ ദേശീയ പാതയുടെ ചുമതല നാഷണൽ ഹൈവേ അതോറിറ്റിയുടെ (NHAI) കീഴിൽ ഇപ്പോൾ നിക്ഷിപ്തമാണ്. അടൽ ബിഹാരി വാജ്പേയി പ്രധാനമന്ത്രിയായിരുന്ന സമയത്ത് ആരംഭിച്ച സുവർണ്ണ ചതുരം എന്ന ദേശീയ പാതാ ശൃംഖല അതോറിറ്റി ഏറ്റെടുത്ത ഏറ്റവും വലുതും രാജ്യത്തിന്റെ നാലുഭാഗങ്ങളേയും ബന്ധിപ്പിക്കുന്നതുമായ വൻപദ്ധതിയായിരുന്നു. രാജ്യത്തെ പ്രധാനപ്പെട്ട മഹാനഗരങ്ങളേയും തുറമുഖങ്ങളേയും പ്രസ്തുത ചതുരം ബന്ധിപ്പിക്കുന്നു. പ്രധാനമായും ചരക്കുഗതാഗതം സുഗമമാക്കുന്നതിന് ഈ പദ്ധതി വലിയ ഗുണം ചെയ്തു. 2009 മുതൽ അതോറിറ്റി നാലുവരിപാതകൾക്കുപകരം ആറുവരി പാതകൾ നിർമ്മിക്കാൻ തുടങ്ങി. ശ്രീനഗർ-കന്യാകുമാരി (NH44) ആണ് രാജ്യത്തെ ഏറ്റവും നീളംകൂടിയ പാത. 7 ദേശീയ പാതകൾ സംയോജിപ്പിച്ചാണ് പ്രസ്തുത പാത നിർമ്മിച്ചത്. തുടർന്ന് നിലവിലുള്ള പാതകളുടെ നമ്പർ പുതുക്കേണ്ടിവന്നു. 2014-ൽ നരേന്ദ്രമോദി സർക്കാർ അധികാരത്തിൽവന്നതുമുതൽ ദേശീയപാതാ നവീകരണത്തിന് വൻപ്രാധാന്യമാണ് നല്കിവരുന്നത്. ദേശീയ പാതകളിൽ പലതും ഇപ്പോൾ എക്സ്പ്രസ്സ് ഹൈവേകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നുമുണ്ട്. ഉപരിതല ഗതാഗതവകുപ്പു മന്ത്രി നിധിൻ ഗഡ്ഗരിക്ക് റോഡ് നിർമ്മാണത്തെക്കുറിച്ച് വലിയ ലക്ഷ്യങ്ങളാണുള്ളത്.

കേരളത്തിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പല എതിർപ്പുകളും വന്നതിനെത്തുടർന്നും ടോൾപിരിവിനെ എതിർത്തിരുന്നതിനാലും ഒരു ദശകത്തോളം ദേശീയപാതാ വികസനം സ്തംഭിച്ചുകിടക്കുകയായിരുന്നു. തന്നെ കാണാൻവന്ന കേരള മുഖ്യമന്ത്രി പിണറായി വിജയന് പ്രധാനമന്ത്രി നരേന്ദ്രമോദി കേരളത്തിൽ മുടങ്ങിക്കിടക്കുന്ന വികസനപദ്ധതികളെക്കുറിച്ച് ഒരു കുറിപ്പ് നല്കിയിരുന്നു. തുടർന്ന് നിധിൻ ഗഡ്ഗരി മുൻകൈ എടുത്ത് നടത്തിയ പ്രവർത്തനങ്ങൾ കേരളത്തിലെ ദേശീയപാതാ വികസനത്തിന് ജീവൻ നല്കി. സ്ഥലം ഏറ്റെടുക്കുന്നതിലുള്ള എതിർപ്പ് ഒഴിവാക്കാൻ സ്ഥലത്തിന് കമ്പോളവിലയുടെ ഇരട്ടിവിലകൊടുത്ത് ഏറ്റെടുക്കാൻ നിശ്ചയിച്ചു. രാജ്യത്ത് വെച്ച് ഏറ്റവും കൂടിയ സ്ഥലവില കേരളത്തിന് നൽകേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്ത് സ്ഥലവിലയുടെ ഇരുപത്തിഅഞ്ചു ശതമാനം സംസ്ഥാനസർക്കാർ നല്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ദേശീയ പാത 66 (പഴയ NH17) ന്റെ നിർമ്മാണം തുടങ്ങിവെച്ചത്. മഹാരാഷ്ട്രയിലെ മുംബൈക്കടുത്തുള്ള പനവേൽനിന്ന് പുറപ്പെട്ട് കർണ്ണാടക, ഗോവ സംസ്ഥാനങ്ങളിലൂടെയാണ് പ്രസ്തുത പാത കേരളത്തിൽ എത്തുന്നത്. രാജ്യത്തിന്റെ പശ്ചിമതീരപ്രദേശത്തുള്ള നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് പാത നിർമ്മിക്കുന്നത്. കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ തിരുവനന്തപുരം ജില്ലയിലെ കാരോട് വരെ നീണ്ടുകിട

ക്കുന്ന പാത തമിഴ്നാട്ടിലെ കന്യാകുമാരിയിലാണ് അവസാനിക്കുക. 1600 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ 643 കിലോമീറ്റർ കേരളത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിന്റെ പ്രവൃത്തി സംസ്ഥാനത്ത് 24 ഭാഗങ്ങളായി തിരിച്ചാണ് നടക്കുന്നത്. ഇതിൽ ഇടപ്പള്ളി-വൈറ്റില-അരൂർ, കഴക്കൂട്ടം-മുക്കോല, മുക്കോല-കാരോട് ഭാഗങ്ങളും കഴക്കൂട്ടം എലിവേറ്റഡ് ഹൈവേയുടേയും നിർമ്മാണം പൂർത്തീകരിച്ച് യാത്രക്ക് തുറന്നുകൊടുത്തുകഴിഞ്ഞു. മറ്റു പല ഭാഗങ്ങളും ഈ വർഷം പൂർത്തിയാകും. മഹാരാഷ്ട്രയിലും കർണ്ണാടകയിലും 60 മീറ്റർ വീതിയിലാണ് പാത നിർമ്മിക്കുന്നതെങ്കിലും ജനസാന്ദ്രത കാരണം ഗോവയിലും കേരളത്തിലും 45 മീറ്റർ വീതിയിലാണ് ആറുവരി പാതനിർമ്മാണം നടത്തുന്നത്. കേരളത്തിലെ നിർമ്മാണത്തിന് 56,910 കോടിരൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. സ്ഥലവിലയുടെ 25 ശതമാനം എന്ന നിലക്ക് 5581 കോടി രൂപ സംസ്ഥാനവിഹിതം നല്കിയിട്ടുണ്ട്. ഇതിനുപുറമെ 67,310 കോടിരൂപ ചിലവിൽ 880 കിലോമീറ്റർ നീളത്തിലുള്ള പാതയുടെ നിർമ്മാണത്തിനും കേന്ദ്രം അനുമതി നല്കിയിട്ടുണ്ട്. സ്ഥലവിലയിൽ നല്കേണ്ട 25 ശതമാനം വിഹിതം സാമ്പത്തികപ്രയാസം മൂലം പുതിയ പദ്ധതികൾക്ക് നല്കാനാകില്ല എന്നാണ് മുഖ്യമന്ത്രി ഇപ്പോൾ അറിയിച്ചിട്ടുള്ളത്. എങ്കിൽ റോഡ് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, മണൽ, സിമന്റ് തുടങ്ങിയ വസ്തുക്കളുടെ നികുതി ഒഴിവാക്കി കൊടുക്കണമെന്ന് കേന്ദ്രമന്ത്രി ആവശ്യപ്പെട്ടിരുന്നു. അതിലും സംസ്ഥാനം അനുകൂല തീരുമാനം എടുത്തിട്ടില്ല. എന്നാൽ ദേശീയ പാതകളുടെ നിർമ്മാണപുരോഗതി സംസ്ഥാന സർക്കാരിന്റെ നേട്ടമായി ചിത്രീകരിക്കാൻ സംസ്ഥാനമന്ത്രിമാരും പാർട്ടിനേതാക്കളും ശ്രമിക്കാറുണ്ട്. NH544 (പഴയ 47)ന്റെ ഭാഗമായ ഇടപ്പള്ളി-മണ്ണുത്തി-വാളയാർ ദേശീയപാത ചൂണ്ടിക്കാട്ടിയാണ് മുഖ്യമന്ത്രി ന്യൂയോർക്കിൽ നിന്നുവന്ന മലയാളി കേരളസർക്കാരിനെ അഭിനന്ദിച്ചതായി ചൂണ്ടിക്കാട്ടിയത്. അരിക്കൊമ്പനെ കൊണ്ടുപോകുമ്പോഴുള്ള ചിത്രം കണ്ട് കൊച്ചി-മൂന്നാർ-തേനി (NH85) ദേശീയപാതയുടെ ഭംഗി ചിത്രീകരിച്ച മന്ത്രി ശിവൻകുട്ടി എഴുതിയ കുറിപ്പും സാമൂഹ്യമാധ്യമങ്ങളിൽ ചർച്ചയായതാണ്. ദേശീയ പാത 66 ന്റെ നിർമ്മാണവൈദഗ്ദ്ധ്യത്തേയും പുരോഗതിയേയും നേട്ടമായി പ്രകീർത്തിച്ച് മുൻമന്ത്രി ശ്രീമതിടീച്ചറും കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പാതയുടെ നിർമ്മാണം കഴിയുന്നതോടെ റോഡ് കാണാനായി മാത്രം കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളുടെ കുത്തൊഴുക്ക് ഉണ്ടാകുമെന്നാണ് പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദൻ പ്രസ്താവിച്ചിട്ടുള്ളത്.ഇന്ത്യയിലുടനീളം നടക്കുന്ന വികസനപ്രവർത്തനങ്ങളുടെ ചിത്രമാണ് കേരളത്തിലും കാണുന്നത് എന്നതാണ് വാസ്തവം. ഉത്തർപ്രദേശിലെ ഒരു എക്സ്പ്രസ് ഹൈവേയിൽ വിജയകരമായി വിമാനമിറക്കിത്തന്നെ പരീക്ഷണം നടത്തിയിട്ടുണ്ട്. മൈസൂർ-ബാംഗളൂർ എക്സ്പ്രസ്സ് ഹൈവേയിൽ വെള്ളക്കെട്ടുണ്ടായതിനെത്തുടർന്ന് റോഡ് തകർന്നു എന്നാണ് കേരളത്തിലെ മാധ്യമങ്ങൾ പ്രചരിപ്പിച്ചത്. വയലുകളും തോടുകളും നികത്തുന്നത് തടയുകയും ഓടകൾ സംരക്ഷിക്കുകയും ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും സംസ്ഥാന സർക്കാരുകളും നടപടി എടുത്താൽ മാത്രമെ റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ കഴിയൂ.

**2014 – ൽ നരേന്ദ്രമോദി സർക്കാർ അധികാരത്തിൽവന്നതുമുതൽ ദേശീയപാതാ നവീകരണത്തിന് വൻപ്രാധാന്യമാണ് നല്കിവരുന്നത്. ദേശീയ പാതകളിൽ പലതും ഇപ്പോൾ എക്സ്പ്രസ്സ് ഹൈവേകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നുമുണ്ട്. ഉപരിതല ഗതാഗതവകുപ്പു മന്ത്രി നിധിൻ ഗഡ്ഗരിക്ക് റോഡ് നിർമ്മാണത്തെക്കുറിച്ച് വലിയ ലക്ഷ്യങ്ങളാണുള്ളത്.**

കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റംവരെ ദേശീയപാത 66ന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ പ്രവൃത്തി നടക്കുന്നതുമൂലം യാത്രക്കാർക്കോ വാഹനഗതാഗതത്തിനോ ഒരു തടസ്ഥവും ഇല്ലാതെയാണ് പണികൾ നടക്കുന്നത്. പണി നടക്കുന്ന റോഡിന്റെ വശത്തുകൂടെയും പഴയ റോഡിലൂടേയും വാഹനങ്ങൾക്ക് പോകാൻ ബദൽ സംവിധാനം ഉണ്ടാക്കിയാണ് പ്രവൃത്തികൾ നടത്തുന്നത്. മുൻപ് ഉണ്ടായിരുന്ന തടസ്ഥംപോലും ഇല്ലാതെയാണ് വാഹനങ്ങൾ കടന്നുപോകുന്നത്. ജനങ്ങളാകെ വലിയ പ്രതീക്ഷയോടെയാണ് റോഡ് വികസനത്തെ നോക്കിക്കാണുന്നത്. തിരക്കുള്ള സ്ഥലങ്ങളിൽ ഫ്ളൈഓവറും ഭൂമി വളരെയധികം നികത്തേണ്ട സ്ഥലങ്ങളിൽ എലിവേറ്റഡ് ഹൈവേയും മറ്റും പണിതുകൊണ്ടാണ് പ്രവൃത്തി നടക്കുന്നത്. ഇവയുടേയും പാലങ്ങളുടേയും സ്പാനുകൾ നിലത്തുവെച്ചു നിർമ്മിക്കുന്നതിനാൽ പ്രവൃത്തിവേഗം നടക്കുന്നുണ്ട് എന്നു മാത്രമല്ല കോൺക്രീറ്റിനുമുകളിൽ വേണ്ട രീതിയിൽ വെള്ളം നനക്കാൻ കഴിയുന്നതിനാൽ ബലം ഉറപ്പുവരുത്താനും സാധിക്കുന്നു. ഒരു റോഡ് പണിയോ പാലം പണിയോ നടക്കുകയാണെങ്കിൽ റോഡ് അടച്ചുകെട്ടി തകർന്നുകിടക്കുന്ന റോഡുകളിലൂടെ ഗതാഗതം തിരിച്ചുവിടുന്നതാണല്ലൊ സംസ്ഥാനത്ത് കണ്ടുവരുന്ന രീതി. സംസ്ഥാന പൊതുമരാമത്തുവകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും അശാസ്ത്രീയമായി ഓടകൾക്കുമുകളിലും



മറ്റും നിർമ്മിക്കുന്ന സ്ലാബുകൾ പോലും തകർന്ന് യാത്രക്കാർ ഓടയിൽവീണ് മരിക്കുന്നതുപോലും നമ്മുടെ അനുഭവമാണല്ലോ. അതിൽനിന്നെല്ലാം വ്യത്യസ്തമായി ഉന്നതനിലവാരം പുലർത്തുന്ന പ്രവർത്തനരീതിയാണ് ദേശീയപാതാ നിർമ്മാണം കാഴ്ചവെയ്ക്കുന്നത്. എന്നാൽ റോഡ്നിർമ്മാണം കഴിഞ്ഞാൽ ചില പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാകും എന്ന യാഥാർത്ഥ്യം ജനങ്ങൾ ഉൾക്കൊണ്ടിട്ടില്ല എന്നു തോന്നുന്നു. റോഡിലും ബസ്സ് സ്റ്റോപ്പിലും അങ്ങാടിയിലും ഒരുമിച്ചു കണ്ടുമുട്ടിയിരുന്നവർ റോഡിന്റെ ഇരുവശങ്ങളിലുമാകുമ്പോൾ അകന്നുജീവിക്കേണ്ട സ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. തങ്ങളുടെ മുന്നിലൂടെയുള്ള ദേശീയപാതയിലൂടെ വാഹനങ്ങൾ കുതിച്ചുപായുമ്പോൾ പ്രദേശവാസികൾ മറുപുറത്തുള്ള ബന്ധുക്കളിൽനിന്നും അയൽക്കാരിൽനിന്നും ഒറ്റപ്പെട്ടുജീവിക്കേണ്ടിവരുന്ന അവസ്ഥ ചിന്തിക്കാൻ കഴിയുന്നതല്ല. കേരളത്തിലെ ജനസാന്ദ്രത കണക്കിലെടുത്ത് ഓരോ കിലോമീറ്ററിലും ഓരോ അണ്ടർപാസ്സുകൾ നിർമ്മിക്കേണ്ടതാണ്. ഇക്കാര്യത്തിനുവേണ്ടി ജനപ്രതിനിധികൾ മുൻകൈ എടുക്കേണ്ടതാണ്. ചില സ്ഥലങ്ങളിൽ മാത്രമാണ് കൂടുതൽ അടിപ്പാതകൾക്കും അണ്ടർപാസ്സുകൾക്കും ഓവർബ്രിഡ്ജുകൾക്കും വേണ്ടി ജനകീയ മുന്നേറ്റം ഉണ്ടാകുന്നത്. കോഴിക്കോട് ജില്ലയിൽ അഴിയൂർ മുതൽ വെങ്ങളം വരെയുള്ള ഭാഗത്ത് 4 അടിപ്പാതകൾ നിർമ്മിക്കാനുള്ള അനുമതിയും ഫണ്ടും രാജ്യസഭാ എം.പി. ശ്രീമതി പി.ടി. ഉഷ നേടിയെടുക്കുകയുണ്ടായി. കേരളത്തിലെ മറ്റു ജനപ്രതിനിധികളും അതാതു സ്ഥലത്തുള്ള ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ നേതൃത്വം നല്കേണ്ടതാണ്. ഇതിനാവശ്യമായ ജനകീയ സമ്മർദ്ദവും ഉണ്ടാകേണ്ടിയിരിക്കുന്നു. പാത നിർമ്മാണമൊക്കെ പൂർത്തീകരിച്ചുകഴിഞ്ഞതിനുശേഷം ഇക്കാര്യത്തിന് മുറവിളി കൂട്ടിയതുകൊണ്ട് പ്രയോജനമൊന്നുമുണ്ടാകാൻ പോകുന്നില്ല എന്ന യാഥാർത്ഥ്യവും ഉൾക്കൊള്ളേണ്ടതുണ്ട്.

ദേശീയപാതയുടെ ഇരുവശത്തുമുള്ള സർവ്വീസ് റോഡിലേക്ക് വീടുകളിൽനിന്നും വാണിജ്യസ്ഥാപനങ്ങളിൽനിന്നും പ്രവേശനം അനുവദിക്കണമെങ്കിൽ ഹൈവേ അതോറിറ്റിക്ക് പ്രവേശനഫീസ് നല്കണമെന്നാണ് നിയമം. നേരത്തെ ഇത് നിർബന്ധമായി നടപ്പാക്കിയിരുന്നില്ല. ഇപ്പോൾ ഇത് എല്ലാവർക്കും ബാധകമാക്കിയിട്ടുണ്ട്. 10,000 രൂപ അപേക്ഷാഫീസ് നല്കിയാണ് പ്രവേശനാനുമതിക്ക് അപേക്ഷിക്കേണ്ടത്. 1300 ചതുരശ്ര മീറ്ററിൽ താഴെയുള്ള വീട്ടുകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും ഫീസ് ഒഴിവുണ്ട്. ഇതിൽകൂടുതൽ വിസ്തൃതിയുള്ള വീടുകൾക്കും വാണിജ്യസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയവക്കുമെല്ലാം 10,000 രൂപ അപേക്ഷാഫീസും 2.85 ലക്ഷം രൂപ പ്രവേശനഫീസും നല്കേണ്ടതുണ്ട്. ഹൈവേയുടെ വശങ്ങളിൽ നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽനിന്ന് അനുമതിപത്രം ലഭിക്കണമെങ്കിൽ ഹൈവേ അതോറിറ്റിയുടെ എതിർപ്പില്ലാ രേഖ (NOC) ഹാജരാക്കുകയും വേണം. നിലവിലുണ്ടായിരുന്ന സംസ്ഥാന പാതകളാണ് ദേശീയപാതയായി മാറിയിട്ടുള്ളത്. ഹൈവേയുടെ ഓരോ നിർമ്മാണസമയത്തും സ്ഥലം വിട്ടുകൊടുക്കേണ്ടിവന്നവരാണ് ഇരുവശങ്ങളിലും താമസിക്കുന്നവർ. ഇത്തവണ മാത്രമാണ് ന്യായമായ പ്രതിഫലം ഭൂവുടമകൾക്ക് ലഭിച്ചിട്ടുള്ളത്. ഭൂമി വിട്ടുനല്കിയതിനുശേഷം പലരുടേയും വീടുകൾ പൂർണ്ണമായോ ഭാഗികമായോ പൊളിച്ചുപണിയേണ്ടിവരുന്നതാണ്. ഇവരെല്ലാം ഈ കടമ്പകൾ കഴിഞ്ഞുവേണം വീടുകളുടെ പുനർനിർമ്മാണം നടത്തുക എന്നുപറഞ്ഞാൽ ബുദ്ധിമുട്ടുള്ള കാര്യമാണ്. നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾ ഇല്ലാതാക്കുന്ന നയം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള നിയമങ്ങൾ ജനങ്ങളുടെ പ്രയാസം ലഘൂകരിക്കുന്ന തരത്തിൽ മാറ്റിയെടുക്കാനും ജനപ്രതിനിധികൾ ശ്രമിക്കേണ്ടതുണ്ട്.

# കേരളസംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി

*2008ൽ കേന്ദ്രസർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യംവച്ച് അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ആക്റ്റ് കൊണ്ടുവന്നു. കേരളത്തിൽ 2011 – ൽ പ്രാരംഭപ്രവർത്തനത്തിന് തുടക്കം കുറിച്ചെങ്കിലും 2015 ലാണ് അന്നത്തെ തൊഴിൽവകുപ്പ് മന്ത്രി ചെയർമാനായി ഒരു ബോർഡിന് രൂപം നൽകിയത്. 2016 ഫെബ്രുവരി മാസം രണ്ടാംതിയ്യതിയിലെ സംസ്ഥാന സർക്കാർ ഉത്തരവ് (നമ്പർ 24/2016) പ്രകാരം കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി, കേരള ഗാർഹികതൊഴിലാളി, കേരള ബാർബർ & ബ്യൂട്ടീഷ്യൻ, കേരള അലക്ക് തൊഴിലാളി, കേരള പാചകതൊഴിലാളി, കേരള ക്ഷേത്രജീവനക്കാർ എന്നീ ക്ഷേമപദ്ധതികൾ സംയോജിപ്പിച്ച് കേരളസംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി എന്ന പേരിൽ ഒരു ക്ഷേമപദ്ധതിയുടെ പ്രവർത്തനം കേരളത്തിൽ ആരംഭിക്കയും നൂറ്റി അമ്പതിൽ അധികം കാറ്റഗറിയിൽ വരുന്ന തൊഴിൽവിഭാഗങ്ങളെ കേന്ദ്ര നിയമത്തിനു വിധേയമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുമുണ്ടായി. തൊഴിലാളിയുടെ ഫണ്ടിൽ അടവുവരുന്ന സംഖ്യയുടെ 10 % തുക സംസ്ഥാന സർക്കാർ ഗ്രാന്റ് എന്ന നിലയ്ക്ക് നല്കും. മറ്റ് ക്ഷേമനിധികളിൽ നിന്നും വ്യത്യസ്തമായി 14 വയസ്സ് പൂർത്തിയായതും 59 വയസ്സ് പൂർത്തിയാകാത്തതും ആയ തൊഴിലാളിക്ക് ഇതിൽ അംഗമാകാം എന്നതും, കേന്ദ്രനിയമത്തിനു വിധേയമായതിനാൽ കൂടുതൽ ആനുകൂല്യങ്ങൾക്ക് വലിയ സാധ്യതകൾ ഉണ്ടെന്നുള്ളതുമാണ്.*




**കെ. എൻ. വിജയൻ**

ജനറൽ സെക്രട്ടറി കേരള പ്രദേശ് അസംഘടിത തൊഴിലാളി ഫെഡറേഷൻ


### 1. അംഗത്വത്തിനുള്ള അർഹത

അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പുള്ള 12 മാസങ്ങളിൽ 3 മാസമെങ്കിലും താഴെ പറയുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും 14നും 59നും ഇടയ്ക്ക് പ്രായമുള്ളവരും ആയവർക്ക് അംഗത്വത്തിന് അർഹതയുണ്ടായിരിക്കും.

### ആർക്കൊക്കെ അംഗങ്ങളാവാം

പനകയറ്റക്കാർ, പപ്പടമുണ്ടാക്കുന്നവർ, ഓട്, ചെമ്പ്, കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾ, ചക്കുകളിൽ എണ്ണ ആട്ടുന്നവർ, ചെരുപ്പുകുത്തികൾ, റിക്ഷ, സൈക്കിൾ, റിക്ഷാ തൊഴിലാളികൾ, കാളവണ്ടിക്കാർ, കാലിച്ചാക്ക് ശേഖരിക്കുന്നവർ, ഓവുവെള്ളം ഊന്നുന്നവർ, ആക്രിത്തൊഴിലാളികൾ, കക്ക വാരൽ തൊഴിലാളികൾ, ആനകയറ്റ തൊഴിലാളികൾ, വാച്ച്, സൈക്കിൾ തുടങ്ങിയവ റിപ്പയർ ചെയ്യുന്നവർ, കരകൗശല തൊഴിലാളികൾ, പാൽ, പത്രം മുതലായവ വിതരണം ചെയ്യുന്നവർ, കറവക്കാർ, ഇറച്ചിവെട്ടുകാർ, പവർലൂം തൊഴിലാളികൾ, ഹാന്റ് എംമ്പോയിഡറി വർക്ക് ചെയ്യുന്നവർ

ബൈക്ക് മെക്കാനിക്, ചെറുകിട കച്ചവടക്കാർ, വാട്ടർകളർ, പോസ്റ്റർ കളർ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നവർ, ചുമർ പരസ്യകല, വാണിജ്യപരസ്യരംഗത്ത് പെയിന്റ് ചെയ്തും ചിത്രങ്ങൾ വരച്ചും അക്ഷരങ്ങളെഴുതിയും ഉപജീവനം നടത്തുന്നവർ, ഗണികസമുദായത്തിലെ ഗണികൻ, കണിശൻ, കണിയാർ, പണിക്കർ, കളരിക്കുറുപ്പ്, കളരിപ്പണിക്കർ എന്നിവരുടെ സമുദായത്തിലെ കുലത്തൊഴിലായ ജ്യോതിഷം കൈകാര്യം ചെയ്യുന്നവർ, മലയൻസമുദായത്തിലെ തെയ്യംകെട്ട്, പഞ്ചവാദ്യം, ചെണ്ടമേളം, നാദസ്വ

രം, പടയണി, തിറ തുടങ്ങിയ അനുഷ്ഠാന കലകളിൽ ഏർപ്പെട്ടിരിക്കുന്നവർ, മരംമുറിക്കൽ, വള്ളം നിർമ്മാണം, തേൻ ശേഖരിക്കൽ എന്നീ മേഖലകളിലെ തൊഴിലാളികൾ, ബസ്സ് പാസഞ്ചേഴ്സ് ഗൈഡ് ആയി പ്രവർത്തിക്കുന്നവർ, നിലത്തെഴുത്ത് ആശാന്മാർ, ആശാട്ടിമാർ, വിവിധ സ്റ്റോറുകളിൽ കണക്കെഴുതി ഉപജീവനം നടത്തുന്നവർ, ചാർട്ടേഡ് അക്കൗണ്ടന്റ്മാർ, സ്വകാര്യ ട്യൂഷൻ, സ്വകാര്യ സ്ഥാപനജോലി, ഹോംനേഴ്സ്, സെയിൽസ്മാൻ, സെയിൽസ്ഗേൾ, ബുക്ക് ബയന്റിംഗ്, എസ്.ടി.ഡി. ബൂത്ത്, പുളിക്കച്ചവടം, തുണിക്കച്ചവടം, അരിക്കച്ചവടം, കാർഷിക ഉല്പന്നങ്ങളുടെ പാക്കിങ്, വിതരണം, ക്ലീനിംഗ് തൊഴിലാളികൾ, മുട്ടക്കച്ചവടം, പഴം വില്പനക്കാർ, കണ്ണട നന്നാക്കുന്നവർ, നൂൽക്കച്ചവടം, ഹെൽത്ത് ഫുഡ് വിതരണം, പാത്രക്കച്ചവടം, കുടുംബശ്രീ, ജനശ്രീ, സുഭിക്ഷ എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ ചെയ്യുന്നവർ, തഴപ്പായനെയ്ത്ത്, വഴിയോരക്കച്ചവടം, വസ്തു, വാഹന ഇടപാടിൽ ഇടനിലക്കാരായി സ്വയം തൊഴിൽ ചെയ്യുന്നവർ, ലാന്റ്കമ്മീഷൻ ഏജന്റ്മാർ, ഒരു തൊഴിലുടമയുടെയും കീഴിലല്ലാതെ സ്വയം തൊഴിൽ ചെയ്യുന്ന മൊബൈൽ ഫോൺ നന്നാക്കുന്നവർ, ബാന്റ്മേളം, ചന്ദനത്തിരി, മെഴുകുതിരി നിർമ്മാണ തൊഴിലാളികൾ, പൂക്കെട്ട് കച്ചവടം, പേപ്പർ കവർ നിർമ്മാണം, മുത്തുമാലക്കെട്ട്, ഫോട്ടോഫ്രെയിം, കുടനിർമ്മാണം, കുടിൽ വ്യവസായം, പച്ചമരുന്ന് ശേഖരണം, ഔഷധനിർമ്മാണം, വൈദ്യം, സോപ്പ്, സോപ്പ്പൊടി നിർമ്മാണ തൊഴിലാളികൾ, വസ്ത്രാലങ്കാരം, ഫാൻസി നിർമ്മാണം, കൊന്ത നിർമ്മാണം, പാവ, കത്തി,

**പത്ത് വർഷത്തിൽ കൂടുതൽ അംശാദായം അടച്ച അംഗങ്ങൾക്ക് (വിവാഹം, വീട്നിർമ്മാണം, അറ്റകുറ്റപ്പണികൾ, സ്വയംതൊഴിൽ ചെയ്യൽ) എന്നീ ആവശ്യങ്ങൾക്കായി അവർ പദ്ധതിയിൽ ഒടുക്കിയ തുകയുടെ പകുതിയുടെ 75% വരെയുള്ള തുക 3 വർഷത്തിനകം തിരിച്ചടക്കാനുള്ള വ്യവസ്ഥയിൽ പലിശരഹിത വായ്പയായി അനുവദിക്കുന്നതാണ്.**

സോഡ, കറിപ്പൗഡർ, പലഹാരം, അച്ചാർ, മറ്റ് ആഹാരനിർമ്മാണ തൊഴിലാളികൾ, ശീതള പാനീയം, കർപ്പൂര നിർമ്മാണം, ഹോളോബ്രിക്സ്, കൂൺകൃഷി, തേനീച്ച വളർത്തൽ, താറാവ് വളർത്തൽ, ഫ്ളവർമിൽ തൊഴിലാളികൾ, കൂലിപ്പണി, പ്ലാസ്റ്റിക് വരിച്ചിൽ, അപ്പോൾസ്റ്ററി വർക്ക്, പൂന്തോട്ടപ്പണി, ഓലമടച്ചിൽ, ഫർണിച്ചർ വർക്സ്, പാറ തൊഴിലാളി, ചൂരൽ വരിച്ചിൽ, പുൽവെട്ട്, ഹെൽപ്പർ, ചെങ്കൽപണി, പന്തൽപണി, ചെമ്പ്പണി, ചില്ലുപണി, പമ്പിങ് മോട്ടോർ തൊഴിലാളികൾ, ഇരുമ്പുപണി, മരപ്പണി, റബർ ടാപ്പിങ് തൊഴിലാളികൾ, ബാർബർമാർ, അലക്ക് തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, ക്ഷേത്രജീവനക്കാർ, മറ്റ് യാതൊരു ക്ഷേമനിധിയിലും അംഗത്വം നേടാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾ, സ്കൂൾനേഴ്സ്, പാലിയേറ്റീവ് നേഴ്സ്, വാട്ടർ അതോറിറ്റി കരാർതൊഴിലാളികൾ, ക്ഷേമബോർഡുകളിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള ഡ്രൈവർമാർ, മാലിന്യശേഖരണ തൊഴിലാളികൾ,മരംവെട്ട് തൊഴിലാളികൾ, ഫോട്ടോ, വീഡിയോഗ്രാഫി, അനുബന്ധ തൊഴിലാളികൾ, ഫ്രീലാൻഡ്സ് ഫോട്ടോഗ്രാഫർമാർ, മൾട്ടിലെവൽ മാർക്കറ്റിങ് മേഖലയിലെ തൊഴിലാളികൾ, കാറ്ററിങ് തൊഴിലാളികൾ, ഉത്സവകാല കച്ചവടക്കാർ, സ്വകാര്യ ക്ഷേത്ര ജീവനക്കാർ, പാരമ്പര്യ വൈദ്യന്മാർ, പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പണിയെടുക്കുന്നവർ, വീടുകളിലും ഹാളുകളിലും മറ്റിടങ്ങളിലും പോയി പാചകം ചെയ്യുന്നവർ, ബിൽഡിങ് മെറ്റീരിയൽസ് എത്തിച്ചുകൊടുക്കുന്നവർ, ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിന്റെ പരിധിയിൽ വരാത്ത കച്ചവടക്കാർ എന്നീ കാറ്റഗറിയിൽപ്പെടുന്ന തൊഴിലാളികൾക്ക് ഈ ക്ഷേമനിധിയിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**ആനുകൂല്യങ്ങൾ**

1. റിട്ടയർമെന്റ് ആനുകൂല്യം

അംഗം കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം നിലനിർത്തിയ ശേഷം 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നവർക്ക് അവരുടെ അംശാദായത്തുകയും ആയതിന്റെ 5% പലിശയും സഹിതം റിട്ടയർമെന്റ് ആനുകൂല്യം നല്കിവരുന്നു.

**2. പെൻഷൻ**

പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് അതാത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ റിട്ടയർമെന്റ് പെൻഷൻ ലഭിക്കുന്നതാണ്. (ഇപ്പോൾ

നല്കിവരുന്നത് 1600/- രൂപ യാണ്)

3. കുടുംബപെൻഷൻ

പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശാദായം അടച്ച് പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബപെൻഷനായി പ്രതിമാസം 300/- രൂപ ലഭിക്കുന്നതാണ്.

4. അവശതാ പെൻഷൻ

പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിൽ അപകടംമൂലം ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവും ആയ ശാരീരിക അവശത (50%ത്തിന് മുകളിലാണെങ്കിൽ) അവശതാ പെൻഷനായി പ്രതിമാസം 1600/- രൂപ ബോഡ് നല്കിവരുന്നു.

5. ചികിത്സാസഹായം

അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പദ്ധതിയിലെ വ്യവസ്ഥകൾക്കുവിധേയമായി ചികിത്സാസഹായം നല്കിവരുന്നു. രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പദ്ധതിപ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിൽ 10,000/- രൂപ വരെ ചികിത്സ ധനസഹായമായി നല്കിവരുന്നു.

6. വിദ്യാഭ്യാസാനുകൂല്യം

അംഗ തൊഴിലാളിയുടെ മക്കൾക്ക് പദ്ധതിയിൽ പ്രതിപാതിക്കും വിധം പഠനകാലയളവിൽ 10-ാം ക്ലാസ് മുതൽ വിവിധ കോഴ്സുകൾക്കായി 1000 രൂപ മുതൽ 3000 രൂപ വരെ പ്രതിവർഷം നല്കിവരുന്നു.

**രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പദ്ധതിപ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിൽ 10,000/- രൂപ വരെ ചികിത്സ ധനസഹായമായി നല്കിവരുന്നു.**

7. ക്യാഷ്അവാർഡ്

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ എ പ്ലസ് ലഭിക്കുന്ന അംഗങ്ങളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് 1250/- രൂപ നല്കിവരുന്നു. വിദ്യാഭ്യാസാനുകൂല്യം 1000/- രൂപയും ചേർത്ത് മേല്പ്പറഞ്ഞ അർഹതയുള്ളവർക്ക് 2250/- രൂപ ലഭിക്കുന്നതാണ്.

8. പ്രസവാനുകൂല്യം

ഒരു വർഷത്തിൽ കുറയാതെ തുടർച്ചയായി അംശാദായം അടച്ചുവരുന്ന വനിത അംഗത്തിന് 2 പ്രസവത്തിന് 15000 രൂപ വീതം ലഭിക്കുന്നതാണ്.

9. വിവാഹ ധനസഹായം

ഒരു വർഷത്തിൽ കുറയാതെ തുടർച്ചയായി അംശാദായം അടച്ചുവരുന്ന തൊഴിലാളിയുടെ പ്രായപൂർത്തിയായ 2 പെൺമക്കളുടെ വിവാഹത്തിന് 10000 രൂപ വീതം ധനസഹായം ലഭിക്കുന്നതാണ്. കൂടാതെ വനിതാ അംഗങ്ങളുടെ വിവാഹത്തിനും ഈ തുക ലഭിക്കുന്നതിന്ന് അർഹതയുണ്ട്.

10. മരണാനന്തര ധനസഹായവും അപകടമരണ ആനുകൂല്യവും

അപകടം മൂലമോ അസുഖം മൂലമോ ഒരംഗം (പെൻഷന് മുൻപ്) മരണമടഞ്ഞാൽ അവകാശിക്ക് റിട്ടയർമെന്റ് ആനുകൂല്യമായി 10000 രൂപയും മരണാന്തര ചിലവുകൾക്കായി 1000 രൂപയും ചേർത്ത് 11000 രൂപ ലഭിക്കുന്നതാണ്. കൂടാതെ പ്രധാനമന്ത്രി ജീവൻജ്യോതി ബീമായോജന (PMJBY) പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി മരണാനന്തര സഹായവും ലഭിക്കുന്നതാണ്. അപകടമരണമാണ് എങ്കിൽ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി അപകടമരണ ആനുകൂല്യവും ലഭിക്കുന്നതാണ്.

11. വായ്പാധനസഹായം

പത്ത് വർഷത്തിൽ കൂടുതൽ അംശാദായം അടച്ച അംഗങ്ങൾക്ക് (വിവാഹം, വീട്നിർമ്മാണം, അറ്റകുറ്റപ്പണികൾ, സ്വയംതൊഴിൽ ചെയ്യൽ) എന്നീ ആവശ്യങ്ങൾക്കായി അവർ പദ്ധതിയിൽ ഒടുക്കിയ തുകയുടെ പകുതിയുടെ 75% വരെയുള്ള തുക 3 വർഷത്തിനകം തിരിച്ചടക്കാനുള്ള വ്യവസ്ഥയിൽ പലിശരഹിത വായ്പയായി അനുവദിക്കുന്നതാണ്.

# തോട്ടം തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും ലക്ഷ്യമാക്കിയുള്ള ഐ.എൽ.ഒ പ്രോജക്റ്റ്:

## കേരളത്തിൽ ബി.എം.എസ്സും ഐ.എൽ.ഒ യും സംയുക്തമായി പ്രോഗ്രാം സംഘടിപ്പിച്ചു.



വയനാട് ചുണ്ടയിലെ തേയില എസ്റ്റേറ്റിൽ സന്ദർശനം നടത്തുന്നു

**എറണാകുളം** : ദക്ഷിണേഷ്യയിലെ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും സംബന്ധിച്ച് അന്താരാഷ്ട്ര തൊഴിൽ സംഘടന ജപ്പാൻ ഗവണ്മെന്റിന്റെ സഹായത്തോടെ നടപ്പാക്കുന്ന പ്രോജക്ട്. കേരളത്തിൽ ബിഎംഎസുമായി ചേർന്നു നടത്തി. കേരളത്തിലെ ഇടുക്കി വയനാട് ജില്ലകളിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. Occupational Safety and Health ,Gender eaquality തൊഴിലിടങ്ങളിൽ പാലിക്കപ്പെടുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് പഠിക്കുകയും ബോധവൽക്കരണം നടത്തി പരിഹാരം കാണുകയുമാണ് ILO യുടെ ലക്ഷ്യം. ആദ്യഘട്ട പരിശീലനം എന്ന നിലയിൽ സംസ്ഥാനത്തുനിന്നുള്ള 12 തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർക്ക് ILO രണ്ടുദിവസം നീണ്ടുനിൽക്കുന്ന ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. ഇങ്ങനെയുള്ള ട്രെയിനേഴ്സിന്റെ നേതൃത്വത്തിൽ രണ്ടു ജില്ലകളിലായി ആറു പേർ വീതമുള്ള 60 യൂണിറ്റുകൾ രൂപീകരിക്കുകയും അതിൽ അംഗങ്ങളായിട്ടുള്ള 60 പേർക്ക് വീതമാണ് ഇടുക്കിയിലെ പീരുമേട്ടിലും വയനാട്ട് ജില്ലയിലെ കൽപ്പറ്റയിലും ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചത്. ആറുപേർ വീതമുള്ള 60 യൂണിറ്റുകൾ കേന്ദ്രീകരിച്ച് പരിശീലനം ലഭിക്കുന്നവർ തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവും സംബ ന്ധിച്ച പ്രശ്നങ്ങൾ



ഐ.എൽ.ഒ. പ്രൊജക്റ്റ് കോഡിനേറ്റർ കനകറാണി ശെൽവകുമാർ ക്ലാസ് എടുക്കുന്നു



പീരുമേട്ടിലെ എച്ച്.എം.എൽ  ഫാക്ടറി സന്ദർശിക്കുന്നു.

കണ്ടെ ത്തുകയും  അവ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി അത് പരിഹരിക്കുകയും ചെയ്യുന്നു. തൊഴിലാളികൾക്ക് തെരഞ്ഞെടുത്ത കമ്മിറ്റി മുഖേന നേരിട്ട് പരിശീലനം നൽകുകയും ചെയ്യും.

തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങൾക്കുള്ള ട്രെയിനിങ് പ്രോഗ്രാം ഒക്ടോബർ 26 മുതൽ 28 വരെ ഇടുക്കി പീരുമേടിലും ഒക്ടോബർ 30 മുതൽ നവംബർ ഒന്നു വരെ വയനാട് കൽപ്പറ്റയിലും നടന്നു.  ILO യുടെ ഇന്ത്യയിലെ പ്രോജക്ട് കോർഡിനേറ്റർ ശ്രീമതി കനക റാണി ശെൽവകുമാർ, സംസ്ഥാന കോഡിനേറ്ററും BMS സംസ്ഥാന പ്രസിഡന്റുമായ സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, സംസ്ഥാന സെക്രട്ടറി സിബി വർഗീസ്  എന്നിവർ പരിശീലന ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

പീരുമേടിൽ നടന്ന ട്രെയിനിങ്ങിൽ ILO യുടെ പരിശീലനം ലഭിച്ച SG മഹേഷ് എൻ ബി ശശിധരൻ ശ്രീവിദ്യ അഭിലാഷ് ട സുനിൽ എന്നിവരും ബി.എം.എസ് നേതാക്കളായ ഇടുക്കി ജില്ലാ പ്രസിഡണ്ട് സിനീഷ്കുമാർ ജില്ലാ സെക്രട്ടറി കെ എം സിജു പി മോഹനൻ ,ആ വിജയൻ ,Tശിവദാസൻ ,ചിന്നു ജോർജ് എന്നിവർ പ്രോഗ്രാമിന്  നേതൃത്വം നൽകി കൽപ്പറ്റയിൽ പരിശീലനം ലഭിച്ച PK മുരളീധരൻ PH  പ്രസന്ന അഡ്വക്കേറ്റ് വവിത എസ് നായർ ബി.എം.എസ് വയനാട് ജില്ലാ സെക്രട്ടറി കെ.എസ് അനിൽ ജില്ലാ ഭാരവാഹികളായ സന്തോഷ് കുമാർ, അരുൺ എം.പി, കെ.കെ.പ്രകാശൻ, പി.ആർ സുരേഷ്, പി.എസ് ശശിധരൻ, സി.കെ.സുരേന്ദ്രൻ എന്നിവർ നേതൃത്വം നൽകി



# ആർ. ഹരിയേട്ടൻ ഇനി ഓർമ്മ



**കേ**രളത്തിന്റെ മണ്ണിൽ നിന്നു തുടക്കംകുറിച്ച ഏഴുപതിറ്റാണ്ടുകാലത്തെ സംഘപ്രചാരകജീവിതത്തിന്റെ സൗരഭ്യം ലോകരാജ്യങ്ങൾക്കു പകർന്നുകൊടുത്തതാണ് ഹരിയേട്ടൻ എന്ന് ആദരവോടെ വിളിക്കുന്ന ആർ. ഹരിയുടെ ജീവിതം. സംഘപ്രവർത്തനം മാത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രാണൻ. കാസർഗോടുമുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ ഓരോ ഗ്രാമത്തിലുമെത്തി അവിടെ സംഘപ്രവർത്തനം നടത്തിയ അദ്ദേഹം സംസ്ഥാനത്തു സംഘപ്രവർത്തനം വ്യാപിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

ബഹുഭാഷാപണ്ഡിതനായ അദ്ദേഹം ഭാരതീയ സാംസ്കാരിക മഹത്വം വ്യക്തമാക്കുന്ന നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. അദ്ദേഹം നിരവധി സംഘഗണഗീതങ്ങൾ രചിച്ചു. ശ്രീ ഗുരുജിയുടെ സമ്പൂർണ്ണ സാഹിത്യം പഠിക്കുകയും അവ എഡിറ്റ് ചെയ്ത 12 പുസ്തകങ്ങളിലായി പ്രസിദ്ധീകരണത്തിനു തയ്യാറാക്കി. അവ വിവിധ ഭാഷകളിൽ പുറത്തിറങ്ങി. സംഘത്തിനു പുറത്ത് ബൗദ്ധികരംഗത്തു പ്രവർത്തിക്കുന്ന പലരുമായി അദ്ദേഹം നല്ല സൗഹൃദം സൂക്ഷിച്ചു.

എറണാകുളം രംഗഷേണായിയുടേയും പത്മാവതിയുടേയും മകനായി 1930 ഡിസംബർ 5-ന് ജനിക്കുകയും സ്കൂൾപഠനസമയത്തുതന്നെ സംഘ സ്വയംസേവകനാനവുകയും ചെയ്തു. 1948-ൽ സംഘത്തെ നിരോധിച്ചപ്പോൾ ബിരുദവിദ്യാർത്ഥിയായിരുന്ന അദ്ദേഹം നിരോധനത്തിനെതിരെ സത്യാഗ്രഹം നടത്തുകയും അഞ്ചുമാസക്കാലം കണ്ണൂർ സെൻട്രൽ ജയിലിൽ ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. പിന്നീട് 1949-ൽ മഹാരാജാസ് കോളേജിൽ ചേർന്ന് ബി.എ. ബിരുദം നേടി. 1951-ൽ പറവൂർ താലൂക്ക് പ്രചാരകനായി പ്രചാരകജീവിതം ആരംഭിച്ച അദ്ദേഹം കേരളത്തിന്റെ പ്രാന്തപ്രചാരക്, അഖിലഭാരതീയ ബൗദ്ധിക് ശിക്ഷൺ പ്രമുഖ് തുടങ്ങി നിരവധി ചുമതലകൾ വഹിച്ചുകൊണ്ട് മാർഗ്ഗദർശനം നല്കുകയുണ്ടായി. കേരളത്തിൽ നിന്നുള്ള ആദ്യ അഖിലഭാരതീയ അധികാരിയും ഹരിയേട്ടൻ തന്നെയായിരുന്നു.

ബഹുഭാഷാ പണ്ഡിതനായിരുന്ന അദ്ദേഹം മലയാളം, സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ്, കൊങ്കണി, മറാഠി തുടങ്ങിയ ഭാഷകളിൽ 50-ൽ പരം പുസ്തകങ്ങൾ രചിക്കുകയും 22-ലധികം വിദേശരാജ്യങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്തു. ഹരിയേട്ടന്റെ സവിശേഷമായ വ്യക്തിത്വം വലുപ്പച്ചെറുപ്പമില്ലാതെ പരിചയപ്പെട്ട എല്ലാവരേയും ആകർഷിക്കുന്നതും പ്രേരണാദായകവുമാണ്.

മസ്ദൂർസംഘം ഉൾപ്പെടെ എല്ലാ ദേശീയ പ്രസ്ഥാനങ്ങൾക്കും ഹരിയേട്ടന്റെ മാർഗ്ഗദർശനം വലിയ മുന്നേറ്റത്തിന് വഴിയൊരുക്കിയിട്ടുണ്ട്. ഏത് കഠിനമായ വിഷയങ്ങളും ലളിതമായും രസിപ്പിക്കുന്നതുമായ ശൈലിയിൽ അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവും അസാമാന്യമായ പ്രഭാഷണപാടവവും പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.



**പശ്ചിമ ബംഗാൾ ഗവർണർ സി.വി.ആനന്ദബോസ്, കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, ഗോവ ഗവർണർ അഡ്വ.പി.എസ്.ശ്രീധരൻ പിള്ള എന്നിവർ ഹരിയേട്ടന് അന്ത്യാഞ്ജലി അർപ്പിക്കുന്നു.**

# ഹരിയേട്ടന്റെ അവസാന കത്തും അന്തിമ പ്രാർത്ഥനയും

മരണത്തെ പ്രതീക്ഷിക്കുകയായിരുന്നു ഹരിയേട്ടൻ. എഴുത്തൊതുക്കി, വാക്കൊതുക്കി, ചെറുചിരിയിൽ, തമാശയിൽ, അലയടങ്ങാത്ത ഓർമ്മക്കടലിളക്കി ശാന്തമായി ഹരിയേട്ടൻ മരണത്തെ കാത്തിരുന്നു.

ചെയ്യേണ്ടതെല്ലാം ചെയ്തു തീർത്തവന്റെ ധന്യതയുണ്ടായിരുന്നു ആ കാത്തിരിപ്പിന്. ഒരേ ലക്ഷ്യത്തിലേക്ക് കുതിക്കാൻ ഒപ്പമുണ്ടായിരുന്ന എല്ലാ തലമുറയിലെയും പ്രവർത്തകർക്കൊപ്പം ഇനിയും വന്ന് കാര്യപൂർത്തി നേടാൻ പ്രയത്നിക്കണമെന്ന പ്രാർത്ഥനയുണ്ടായിരുന്നു ബാക്കി.

2016ലെ വിജയദശമി ദിവസം വിദ്യാരംഭത്തിൽ ഹരിയേട്ടൻ സംസ്കൃതത്തിൽ 'മാമികാന്തിമപ്രാർത്ഥന' (എന്റെ അന്തിമ പ്രാർത്ഥന) എന്ന പേരിൽ കുറിച്ച വരികൾ തന്റെ യാത്ര അവസാനിച്ചതിന് ശേഷം ലോകം കണ്ടാൽ മതി എന്ന് അദ്ദേഹം നിശ്ചയിച്ചു. കവറിലാക്കി സീൽ ചെയ്ത് വച്ച ആ പ്രാർത്ഥന സാർത്ഥകമായ ഒരു ജീവിതത്തിന്റെ ഫലശ്രുതിയുടെ പ്രഖ്യാപനമാണ്. അതിനുമപ്പുറം രാഷ്ട്രകാര്യപൂർത്തിക്കായി മിത്രങ്ങൾക്കൊപ്പം പ്രവർത്തിച്ചു മതിവരാത്ത ഒരു സ്വയംസേവകന്റെ ഹൃദയതാളമാണത്.

**സംസ്കൃത കവിതയുടെ മലയാളം പരിഭാഷ**

ചെയ്യേണ്ടതെല്ലാം ചെയ്തു തീർത്ത് കൃതകൃത്യനായി ഞാനെന്റെ സ്ഥിരമായ ഗൃഹത്തിലേക്ക് തിരിച്ചുപോകുന്നു. എന്നാലും കാര്യത്തിന്റെ പൂർത്തിക്കുവേണ്ടി എന്റെ മിത്രങ്ങൾക്കൊപ്പം ചേർന്ന് പ്രവർത്തിക്കുന്നതിന്റെ ആനന്ദം അനുഭവിക്കാൻ ഇനിയും മടങ്ങി വരണമെന്ന് ഹൃദയത്തിൽ ആശയുണ്ട്. ഇതാണ് എന്റെ പ്രാർത്ഥന. ഇതിൽ തെറ്റുണ്ടെങ്കിൽ എന്റെ ഈ പ്രാർത്ഥന വ്യക്തിപരമായ സ്വാർത്ഥതയാണെങ്കിൽ അല്ലയോ കരുണാനിധേ ക്ഷമിക്കണേ. ഇനി അങ്ങയുടെ ചിന്തയാണ് നടക്കേണ്ടത്. അങ്ങയുടെ ഇച്ഛയാണ് ബലപ്പെടേണ്ടത്.

സർവസാധാരണ സ്വയംസേവകന് ചേരുന്ന അവസാനയാത്ര ഹരിയേട്ടൻ ആഗ്രഹിച്ചു. സംസ്കാരം ജാതി തിരിച്ചുള്ള ശ്മശാനങ്ങളിലാകരുതെന്നും പൊതുശ്മശാനത്തിൽ വേണമെന്നും എഴുതിവച്ചു. വ്യാസഹൃദയം കടഞ്ഞ് മഹാഭാരതസത്ത പകർന്ന ആ രാഷ്ട്രോപാസകൻ തന്റെ അന്ത്യവിശ്രമം പഞ്ചപാണ്ഡവർ പിതൃതർപ്പണം നടത്തിയെന്ന ഐതിഹ്യപ്പെരുമ പേറുന്ന ഐവർമഠത്തിലാകണമെന്ന് ആഗ്രഹിച്ചു. മായന്നൂരിലെ തണൽ ബാലാശ്രമം അവസാനകാല വിശ്രമകേന്ദ്രമായി തെരഞ്ഞെടുത്തതിന് പിന്നിലും അത്തരമൊരു ആഗ്രഹം അടങ്ങിയിരുന്നു.

ബദരിനാഥിലെ ബ്രഹ്മകപാലത്തിൽ സ്വയം മരണാനന്തരകർമ്മങ്ങൾ പൂർത്തിയാക്കിയ ഹരിയേട്ടൻ അവസാനസന്ദേശമായി എഴുതിയ കത്തിലും ജീവിതാദർശത്തിന്റെ കനലാളുന്ന ആ പ്രാർത്ഥനയുണ്ട്.

"വീണ്ടും ഇതേ പ്രവർത്തനത്തിന് അയയ്ക്കാൻ കനിവുണ്ടാകണേ എന്ന ശ്രീനരസിഹപ്രാർത്ഥനയോടെ നിങ്ങളുടെ ഇടയിലെ സ്വയംസേവകൻ"

**ആർ. ഹരി**




മൈഗ്രന്റ് മസ്ദൂർ സംഘം എറണാകുളം ജില്ലാ സമ്മേളനം ബി.എം.എസ് ഒഡീഷ സംസ്ഥാന പ്രസിഡന്റ് പൃഥ്വിരാജ് പാണ്ഡെ ഉദ്ഘാടനം ചെയ്യുന്നു.

# ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുകയും വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്നതിൽ ജാഗ്രത പാലിക്കുകയും ചെയ്യണം.

**എറണാകുളം:** കേരളത്തിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാനതൊഴിലാളികൾക്ക് തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കാൻ സർക്കാരും ബന്ധപ്പെട്ട തൊഴിൽവകുപ്പും നടപടികൾ സ്വീകരിക്കണമെന്ന് മൈഗ്രേന്റ് മസ്ദൂർസംഘം (ബി.എം.എസ്.) ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. കേരളത്തിന്റെ വ്യാവസായിക പുരോഗതിക്കും അടിസ്ഥാന വികസന രംഗത്തും ഗണ്യമായ സംഭാവനകൾ നല്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് മാന്യമായി തൊഴിലെടുക്കുന്നതിനും താമസവും ഭക്ഷണവും ചികിത്സയും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ കേരളസർക്കാർ ഒരുക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

ഇതര സംസ്ഥാനത്തുനിന്നും തൊഴിലാളികളെ കേരളത്തിൽ എത്തിക്കുന്ന ഏജന്റുമാർ തൊഴിലാളികളുടെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വ്യക്തിഗത വിവരങ്ങൾ ശേഖരിക്കാൻ നിതാന്തമായ ജാഗ്രത പുലർത്തണമെന്നും വ്യക്തിഗത വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത തൊഴിൽകാർഡുകൾ വിതരണം ചെയ്യണമെന്നും ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണമെന്നു സമ്മേളനം ഉന്നയിച്ചു.

ബി.എം.എസ്. ജില്ലാ ജോ.സെക്രട്ടറി എം.പി. പ്രദീപ് കുമാർ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ഒഡീഷ സംസ്ഥാന പ്രസിഡന്റ് പൃഥിരാജ് പാണ്ഡെ ഉത്ഘാടനം ചെയ്തു. ജില്ലാസെക്രട്ടറി ധനീഷ് നീറിക്കോട്, എ.പി. പ്രദീപ്കുമാർ, എ.ടി. സജീവൻ., വി.വി. വിനീത് എന്നിവർ സംസാരിച്ചു.

ഭാരവാഹികളായി എം.പി. പ്രദീപ്കുമാർ (പ്രസിഡന്റ്), ഗപ്പർ ബഹ്റ (ഒഡീഷ), കാളിമുത്തു, (തമിഴ്നാട്), വിജിത (ഒഡീഷ), വൈസ് പ്രസിഡന്റുമാർ. എ.ടി. സജീവൻ (ജനറൽസെക്രട്ടറി), അലോക് വർമ്മ (ഒഡീഷ), അനുരാജ് പായിപ്ര, ദീപു സിൻഹ (അസം), ജോയിന്റ് സെക്രട്ടറിമാർ, വി.വി. വിനീത് ഖജാൻജി. എന്നിവരെ തെരഞ്ഞെടുത്തു.



ഇ.എസ്.ഐ.സി. ബോർഡ് മെമ്പർ എസ്. ദുരൈരാജ് ആലുവ ഉദ്യോഗമണ്ഡൽ ഹോസ്പിറ്റലിൽ സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിക്കുന്നു.

## ആദരാഞ്ജലി



**പി.വി.ഗംഗാധരൻ**
മാതൃഭൂമി ഡയറക്ടർ, ചലച്ചിത്ര നിർമ്മാതാവ്



**പ്രൊഫസ്സർ ശോഭീന്ദ്രൻ**
പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ.



**അക്ഷരമുത്തശ്ശി കല്യാണിയമ്മ**



**മടവമ്പാട്ട് രാജൻ**
നിർമ്മാണ മേഖലയിലെ ആദ്യകാല ബി.എം.എസ് പ്രവർത്തകൻ.



**എൻ ചെല്ലപ്പൻ പിള്ള**
എൻ.ടി.യു സംസ്ഥാന പ്രസിഡണ്ട് പി.എസ്.ഗോപകുമാറിന്റെ ഭാര്യാപിതാവ്



**ജാനകി**
ബി.എം.എസ് മലപ്പുറം ജില്ലാ പ്രസിഡന്റ് പി.വി.ദിനേശന്റെ മാതാവ്.



**വെട്ടത്തിൽ ശാരദാമ്മ**
മസ്ദൂർ ഭാരതി അസിസ്റ്റന്റ് എഡിറ്റർ ടി.എം.നാരായണന്റെ ഭാര്യാ മാതാവ്.

# അങ്കണവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം

**എറണാകുളം:** അങ്കണവാടി ജീവനക്കാരെ സർക്കാർജീവനക്കാരായി അംഗീകരിക്കണമെന്ന് അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് സംഘ് ജില്ലാസമ്മേളനം ആവശ്യപ്പെട്ടു. സർക്കാർ പദ്ധതി പ്രകാരം സമൂഹത്തിലെ കുട്ടികളുടെയും സ്ത്രീകളുടെയും അടക്കം സമഗ്രമായ വളർച്ചയ്ക്കും ആരോഗ്യത്തിനുമായി അഹോരാത്രം ജോലിചെയ്യുന്ന അങ്കണവാടി ജീവനക്കാരുടെ വേതനം കുറഞ്ഞത് 23000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ദീപ സുരേഷ് അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ദേശീയസെക്രട്ടറി അഞ്ജലി പട്ടേൽ ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാനസെക്രട്ടറി ജനറൽ സതി മനോഹർ മുഖ്യപ്രഭാഷണം നടത്തി. ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ. വിനോദ് കുമാർ, ജില്ലാസെക്രട്ടറി ധനീഷ് നീറിക്കോട്, ജില്ലാട്രഷറർ കെ.എസ്. ശ്യാംജിത്ത്, ജില്ലാ ഉപാദ്ധ്യക്ഷൻ ഇ.ജി. ജയപ്രകാശ്, ജില്ലാ ജോയിന്റ്സെക്രട്ടറി സരസു കെ. രമണി, സിന്ധു കെ.സി., പി.ജി. രതീഷ്, സംഗീത രമീഷ് എന്നിവർ സംസാരിച്ചു.



**അനുശ്രീ**

**കേരള കേന്ദ്ര സർവകലാശാലയിൽ നിന്ന് ബി.എ.മലയാളം ഒന്നാം റാങ്ക് നേടിയ അനുശ്രീ. മാവുങ്കാൽ ഓട്ടോ യൂണിറ്റിലെ ബി.എം.എസ്. പ്രവർത്തകനായ രവിയുടെ മകളാണ്**



**അഥീന ഷിജി**

**എം.ജി.യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എസ്.സി.ബോട്ടണിയിൽ ഒന്നാം റാങ്ക് നേടിയ അഥീന ഷിജി. ഇടുക്കി-ഇടവെട്ടിയിലെ ബി.എം.എസ്. പ്രവർത്തകനായ ഷിജി ജോണിന്റെ മകളാണ്.**

**തിരുത്ത്**

ഒക്ടോബർ ലക്കം 11 ാം പേജിൽ പ്രസിദ്ധീകരിച്ചിരുന്ന പെരിയ കേന്ദ്ര സർവകലാശാലയിൽ നിന്നും എം.എ.ഹിന്ദി ഒന്നാം റാങ്ക് നേടിയ സംഗീത എം.മധുരമ്പാടി ബി.എം.എസ്. പ്രവർത്തകൻ എ.കെ..സുരേഷിന്റെ മകൾ എന്നതിന് പകരം പി.കുഞ്ഞികൃഷ്ണന്റെ മകൾ എന്ന് തിരുത്തി വായിക്കാനപേക്ഷ.

തെറ്റ് പറ്റിയതിൽ ഖേദിക്കുന്നു.

**പതാധിപസമിതി**
**മസ്ദൂർ ഭാരതി**

# ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2023 ജൂലൈ , ഓഗസ്റ്റ് മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 16-10-2023 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| Sl. No. | സെന്റർ | ലിങ്കിങ് ഫാക്ടർ | വിലസൂചിക അടിസ്ഥാനവർഷം: 2011-12=100 | | വിലസൂചിക അടിസ്ഥാനവർഷം: 1998-99=100 | |
|---|---|---|---|---|---|---|
| | | | 2023 ജൂലൈ | 2023 ഓഗസ്റ്റ് | 2023 ജൂലൈ | 2023 ഓഗസ്റ്റ് |
| 1. | തിരുവനന്തപുരം | 2.11 | 202 | 200 | 426 | 422 |
| 2. | കൊല്ലം | 2.09 | 196 | 195 | 410 | 408 |
| 3. | പുനലൂർ | 2.10 | 196 | 194 | 412 | 407 |
| 4. | പത്തനംതിട്ട | 2.03 | 212 | 211 | 430 | 428 |
| 5. | ആലപ്പുഴ | 2.05 | 202 | 201 | 414 | 412 |
| 6. | കോട്ടയം | 2.08 | 205 | 206 | 426 | 428 |
| 7. | മുണ്ടക്കയം | 2.17 | 201 | 199 | 436 | 432 |
| 8. | ഇടുക്കി | 1.97 | 204 | 201 | 402 | 396 |
| 9. | എറണാകുളം | 2.03 | 197 | 196 | 400 | 398 |
| 10. | ചാലക്കുടി | 2.00 | 217 | 215 | 434 | 430 |
| 11. | തൃശൂർ | 1.87 | 210 | 209 | 393 | 391 |
| 12. | പാലക്കാട് | 2.09 | 192 | 193 | 401 | 403 |
| 13. | മലപ്പുറം | 2.00 | 203 | 200 | 406 | 400 |
| 14. | കോഴിക്കോട് | 2.02 | 208 | 207 | 420 | 418 |
| 15. | വയനാട് | 1.93 | 202 | 200 | 390 | 386 |
| 16. | കണ്ണൂർ | 2.02 | 210 | 207 | 424 | 418 |
| 17. | കാസർഗോഡ് | 2.05 | 214 | 213 | 439 | 437 |

# ഗുരുവായൂർ മേഖലാ സമ്മേളനം

**ഗുരുവായൂർ:** ഗുരുവായൂരിന്റെ വികസനത്തിന് നഗരസഭയ്ക്കും ദേവസ്വത്തിനും കോടികൾ നല്കിയ കേന്ദ്രസർക്കാരിനെ സ്ഥലം എം.എൽ.എ.യും നഗരസഭയും പുച്ഛിക്കുകയും അവഹേളിക്കുകയും ചെയ്യുകയാണെന്ന് ബി.എം.എസ്. തൃശ്ശൂർ ജില്ലാപ്രസിഡന്റ് കെ.വി. വിനോദ് ആരോപിച്ചു. ഗുരൂവായൂരിൽ ബി.എം.എസ്. മേഖലാസമ്മേളനം ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മേഖലാപ്രസിഡന്റ് കെ.വി. സുരേഷ്ബാബു അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി സേതു തിരുവെങ്കിടം, സമാപനപ്രസംഗം നടത്തി. സംസ്ഥാനസമിതിയംഗങ്ങളായ എ.സി. കൃഷ്ണൻ, ടി.സി. സേതുമാധവൻ, എ. ആനന്ദൻ, ബി.എം.എസ്. ജില്ലാജോയിന്റ് സെക്രട്ടറിമാരായ ബിജു കാവിലക്കാട്, സി.കെ. പ്രദീപ്, പി.കെ. അറുമുഖൻ തുടങ്ങിയവർ സംസാരിച്ചു.

മേഖലാ പ്രഭാരി ബിജു കാവിലക്കാട് തിരഞ്ഞെടുപ്പ് നടത്തി. പുതിയ ഭാരവാഹികളായി ജയതിലകൻ (പ്രസിഡന്റ്); പി.കെ. അറുമുഖൻ (സെക്രട്ടറി); സൂരജ് കോട്ടപ്പടി (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.




ബി.എം.എസ്. ഗുരുവായൂർ മേഖലാ സമ്മേളനം തൃശൂർ ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ് ഉദ്ഘാടനം ചെയ്യുന്നു.

# പന്തളം മേഖലാ സമ്മേളനം

**പന്തളം :** ബി.എം.എസ്. പന്തളം മേഖലാസമ്മേളനം പ്രസിഡന്റ് കെ. ഹരിയുടെ അദ്ധ്യക്ഷതയിൽ ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ നിലവിളക്ക് കൊളുത്തി ഉത്ഘാടനം ചെയ്തു. മേഖലാസെക്രട്ടറി എം.ബി. ബിജുകുമാർ പ്രവർത്തനറിപ്പോർട്ടും മേഖലാ ഖജാൻജി സജീവൻ പിള്ള വരവ്-ചെലവ് കണക്കുകളും അവതരിപ്പിച്ചു. സംസ്ഥാന സമിതിയംഗം സതി മനോഹരൻ ആശംസാപ്രസംഗം നടത്തി. പുതിയ മേഖലാ ഭാരവാഹികളെ ജില്ലാപ്രസിഡന്റ് ഹരികുമാർ ചുട്ടിയിൽ പ്രഖ്യാപിച്ചു. സമ്മേളനത്തിൽ സമാരോപ് പ്രഭാഷണം ജില്ലാസെക്രട്ടറി എ.കെ. ഗിരീഷ് നിർവ്വഹിച്ചു. ദേശീയഗാനത്തോടുകൂടി സമ്മേളനം പര്യവസാനിച്ചു.

**ഭാരവാഹികൾ**

പ്രസിഡന്റ് അനു പി.കെ.; വൈസ്പ്രസിഡന്റ്മാർ സജികുമാർ, പ്രതിഭാ സന്തോഷ്, മന്മദൻ, ലേഖാ സന്തോഷ്; സെക്രട്ടറി കെ. ഹരി; ജോയിന്റ് സെക്രട്ടറിമാർ മോഹനൻപിള്ള, കനകമ്മ മധുസൂദനൻ, മണികണ്ഠൻ; ഖജാൻജി സോമശേഖരൻപിള്ള.

# തേനീച്ചവളർത്തൽ പരിശീലന ക്ലാസ്സ്

**ആലപ്പുഴ:** ജില്ലാ അസംഘടിത തൊഴിലാളിസംഘ് (ബി.എം.എസ്.) ഇരമല്ലിക്കര യൂണിറ്റും ശ്രീ അയ്യപ്പകോളേജ് ഭൂമിത്ര ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ തേനീച്ചവളർത്തൽ ക്ലാസ്സ്സംഘടിപ്പിച്ചു. കേരള പ്രദേശ് അസംഘടിത തൊഴിലാളി ഫെഡറേഷൻ സംസ്ഥന പ്രസിഡന്റ് സദാശിവൻപിള്ള യോഗം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് മായാദേവി അദ്ധ്യക്ഷയായി. അയ്യപ്പ കോളേജ് അസി. പ്രൊഫ. ഡോ. ഗംഗ ജി മുഖ്യ പ്രഭാഷണം നടത്തി. ബി.എം.എസ്. ചെങ്ങന്നൂർ മേഖലാസെക്രട്ടറി പി.ആർ. രാകേഷ്, മേഖല ജോയിന്റ് സെക്രട്ടറിമാരായ ബി. ദിലീപ്, ബിനുകുമാർ, മേഖല വൈസ്പ്രസിഡന്റ് സുജാത ദേവി, പഞ്ചായത്ത് പ്രസിഡന്റ് രമേശ്കുമാർ എന്നിവർ സംസാരിച്ചു. അനൂപ് ബേബി സാം ക്ലാസ്സ് നയിച്ചു.

# പൂഞ്ഞാർ മേഖലാ സമ്മേളനം

**കോട്ടയം:** ഭാരതീയ മസ്ദൂർ സംഘം പൂഞ്ഞാർ മേഖലാ സമ്മേളനം ബി.എം.എസ്. കോട്ടയം ജില്ലാ പ്രസിഡന്റ് എസ്. വിനയകുമാർ ഉദ്ഘാടനം ചെയ്തു. ആർഎസ്എസ് പൂഞ്ഞാർ ഖണ്ഡ് കാര്യവാഹക് കെ.എം. അരുൺ ആശംസയർപ്പിച്ചു. മേഖലാ സെക്രട്ടറി ജോസ് ജോർജ്ജ് വാർഷിക റിപ്പോർട്ടും ഖജാൻജി എം.എസ്. രതീഷ് സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു.

ജില്ലാ ജോയിന്റ് സെക്രട്ടറി കെ. ആർ. രതീഷ് സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി കെ.ആർ. രതീഷ് സംഘടന ചർച്ച നയിക്കുകയും ഭാവി പരിപാടികൾ വിശദീകരിക്കുകയും ചെയ്തു.

മേഖലാ പ്രസിഡന്റ് കെ.എം. സുഖാദിയ അധ്യക്ഷത വഹിച്ചു. ജില്ലാ ഖജാൻജി കെ.ജി. ശ്രീകാന്ത് പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു. മേഖലാ ജോയിന്റ് സെക്രട്ടറി ടി.എസ്. വിനോദ് സ്വാഗതവും മേഖലാ വൈസ് പ്രസിഡന്റ് ഇ.ആർ. ബിജു കൃതജ്ഞതയും പറഞ്ഞു.

**ഭാരവാഹികൾ:**

പ്രസിഡന്റ് ജോസ് ജോർജ്, വൈസ് പ്രസിഡന്റുമാർ ഇ.ആർ. ബിജു, അഡ്വ. കെ.പി. സനൽകുമാർ, ശ്രീവത്സ് നാറാണമംഗലം, ദീപ ബിനുകുമാർ സെക്രട്ടറി, സുഖാദിയ കെ.എം. ജോയിന്റ് സെക്രട്ടറിമാർ, ടി.എസ്. വിനോദ്, രാമചന്ദ്രൻ നായർ, രതീഷ് എം.എസ്., ശ്രീകല ബിജു, ഖജാൻജി സി.എസ്. സജി.

# വഴിയോര കച്ചവടതൊഴിലാളികളെ സംരക്ഷിക്കണം

**കൊടുങ്ങല്ലൂർ:** വഴിയോര കച്ചവട തൊഴിലാളികളെ വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കുന്ന നഗരസഭയുടെ നടപടികൾ അവസാനിപ്പിക്കണമെന്നും സ്വയംതൊഴിൽ എന്ന നിലയിൽ കച്ചവടം നടത്തുന്ന വഴിയോര കച്ചവട തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നും ബി.എം.എസ്. തൃശൂർ ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ് ആവശ്യപ്പെട്ടു. ബി.എം.എസ്. കൊടുങ്ങല്ലൂർ മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മേഖലാ പ്രസിഡന്റ് എ.എസ്. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി കെ. ഹരീഷ്, വൈസ് പ്രസിഡന്റ് ദീപ രാജേന്ദ്രൻ, പെൻഷനേഴ്സ് സംഘ് ബ്ലോക്ക് പ്രസിഡന്റ് പി.ജി. അനിരുദ്ധൻ, ശ്രീജിത്ത് നാലുമാക്കൽ എന്നിവർ സംസാരിച്ചു. സമാപന സമ്മേളനം ബി.എം.എസ്. ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം ഉദ്ഘാടനം ചെയ്തു.

പ്രസിഡന്റ് കെ.എസ്. ലാലൻ, വൈസ് പ്രസിഡന്റുമാർ ബാബു വെള്ളാങ്കല്ലൂർ, തങ്കമണി സുബ്രഹ്മണ്യൻ, ബാബുമോൻ, ശ്രീരാജ് സി.ജി., മേഖലാ സെക്രട്ടറി എ.എസ്. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറിമാർ ലാലൂട്ടൻ ഇ.ആർ., ജ്യോതി വിനോദ് എന്നിവരെയും ഖജാൻജിയായി ശ്രീജിത്ത് നാലുമാക്കലിനെയും തെരഞ്ഞെടുത്തു.

# ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം പരിഷ്കരിക്കണം

**തൃശൂർ:** കേരളത്തിലെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കണമെന്ന് ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ് ആവശ്യപ്പെട്ടു. ബി.എം.എസ്. ചേലക്കര മേഖല സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബി.എം.എസ്. ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം ബി.എം.എസ്. സംസ്ഥാന സമിതി അംഗം കെ.എൻ. വിജയൻ, ബി.എം.എസ്. ജില്ലാ ട്രഷറർ വിപിൻ മംഗലം, പി.കെ. ഉണ്ണികൃഷ്ണൻ, പി. രാജഗോപാൽ എന്നിവർ സംസാരിച്ചു. മേഖലാ പ്രസിഡന്റ് കെ. മാധവൻ അധ്യക്ഷത വഹിച്ചു.

**പുതിയ ഭാരവാഹികൾ:**

പ്രസിഡന്റ് – കെ. മാധവൻകുട്ടി, സെക്രട്ടറി – പി.കെ. ഉണ്ണികൃഷ്ണൻ, ട്രഷറർ – പി. രാജഗോപാൽ, വൈസ് പ്രസിഡന്റുമാർ – പ്രകാശൻ എൻ., കൃഷ്ണൻ പി.സി., സുരേന്ദ്രൻ, കെ.കെ. വിജയലക്ഷ്മി എ., ജോയിന്റ് സെക്രട്ടറിമാർ – ഭാസ്കരൻ, രാമൻകുട്ടി, കെ. കൃഷ്ണൻകുട്ടി, കെ. സുഭാഷിണി എസ്.കെ.

# കെ. എസ്. ആർ. ടി. സി : പെൻഷൻകാർ സെക്രട്ടറിയേറ്റ് ധർണ്ണ നടത്തി

**തിരുവനന്തപുരം:** കഴിഞ്ഞ മൂന്നുമാസമായി പെൻഷൻ ലഭിക്കാത്തതിൽ പ്രതിഷേധിച്ച് കെ. എസ്.റ്റി. പെൻഷനേഴ്സ് നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്തി. ബി.എം.എസ്. സംസ്ഥാനസമിതിയംഗം കെ. ജയകുമാർ ഉത്ഘാടനം ചെയ്തു. ദീർഘകാലം കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തിൽ ജോലി ചെയ്ത് വിരമിച്ചവർക്ക് അതാത് മാസം പെൻഷൻ നല്കാതെ 42,000 ത്തിലധികം കുടുംബങ്ങളെ പട്ടിണിക്കിട്ട് കേരളീയം ആഘോഷിക്കുന്നത് അങ്ങേയറ്റം ലജ്ജാകരമാണെന്ന് ജയകുമാർ പറഞ്ഞു.

കെ.എസ്.റ്റി. പെൻഷനേഴ്സ് സംഘ് ഭാരവാഹികളായ ജി. രാജേന്ദ്രൻ, ഗോപിനാഥൻ നായർ, വിജയകുമാർ, പ്രേംകുമാർ, ഹരീന്ദ്രനാഥ് തുടങ്ങിയവർ സംസാരിച്ചു.

# കെ. എസ്. ആർ. ടി. സി. ജില്ലാ ഓഫീസ് ഉപരോധിച്ചു

**പാലക്കാട്:** 58 ദിവസമായിട്ടും കെഎസ്ആർടിസി ജീവനക്കാരുടെ ശമ്പളം നൽകാത്തതിൽ പ്രതിഷേധിച്ച് കെഎസ്ടി എംപ്ലോയീസ് സംഘ് സംസ്ഥാന വ്യാപകമായി നടത്തുന്ന ഉപരോധ സമരങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലാ ഓഫീസ് ഉപരോധിച്ചു.

സംസ്ഥാന സെക്രട്ടറി പി.കെ. ബൈജു ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. സുരേഷ് കൃഷ്ണൻ, ജില്ലാ സെക്രട്ടറി ടി.വി. രമേഷ് കുമാർ. ജില്ലാ ഭാരവാഹികളായ വി. വിജയൻ, എം. അനീഷ്, യു. തുളസീദാസ്, എം. മുരുകേശൻ, ഇ. ശശി, എൻ. കാളിദാസ്, വി. രാജഗോപാലൻ, എ. ചന്ദ്രപ്രകാശ് തുടങ്ങിയവർ ഉപരോധത്തിന് നേതൃത്വം നൽകി.

# അശാസ്ത്രീയമായ ഷിഫ്റ്റ് സമ്പ്രദായം പിൻവലിക്കണം

**എറണാകളം:** കോവിഡ് 19 ന്റെ അടിയന്തിര സാഹചര്യത്തിൽ കൊച്ചി കപ്പൽശാലയിൽ മാനേജ്മെന്റ് നടപ്പിലാക്കിയ അശാസ്ത്രീയമായ ഷിഫ്റ്റ് സമ്പ്രദായം ഉടൻ പിൻവലിക്കണമെന്ന് ഷിപ്പ്യാർഡ് എംപ്ലോയീസ് സംഘ് (ബി.എം.എസ്.) വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. അപ്രായോഗികവും തൊഴിലാളി വിരുദ്ധവുമായ സർക്കുലർ നിരന്തരം കപ്പൽശാല പുറപ്പെടുവിക്കുന്നത് തൊഴിലാളികളോടുള്ള വെല്ലുവിളിയാണെന്നും കപ്പൽശാലയിൽ ഒഴിവുള്ള തസ്തികകളിൽ ഉടൻ സ്ഥിരം നിയമനം നടത്താൻ മാനേജ്മെന്റ് തയ്യാറാവണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ഷിപ്പ്യാർഡ് എംപ്ലോയീസ് സംഘ് പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ അദ്ധ്യക്ഷത വഹിച്ചു. ദക്ഷിണ ക്ഷേത്രീയ സഹസംഘടനാസെക്രട്ടറി എം.പി. രാജീവൻ, സമ്മേളനം ഉത്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത്ത് സംസ്ഥാനസംഘടനാസെക്രട്ടറി കെ. മഹേഷ്, സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ എറണാകുളം, ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട് തുടങ്ങിയവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി പ്രസിഡന്റ് കെ.വി. മധുകുമാർ; വർക്കിംഗ് പ്രസിഡന്റ് ധനീഷ് നീറിക്കോട്; രതീഷ് എസ്., രജിത്ത് പി.എം. - വൈസ്പ്രസിഡന്റുമാർ; സുധീപ് സി. ജനറൽസെക്രട്ടറി; അനീഷ് പി., ദിലീപ് എം. ജോയിന്റ് സെക്രട്ടറിമാർ; രഞ്ജിത് ടി.എം. ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.

# എൻജിഒ സംഘ് ശമ്പള സംരക്ഷണ ദിനം ആചരിച്ചു

**കൊല്ലം:** എൻജിഒ സംഘ് കൊല്ലം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ശമ്പള സംരക്ഷണ ദിനം ആചരിച്ചു. കൊട്ടാരക്കര സിവിൽ സ്റ്റേഷനിൽ നടന്ന പൊതുയോഗം എൻജിഒ സംഘ് സംസ്ഥാന സെക്രട്ടറി കെ. രാധാകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ അഞ്ച് പതിറ്റാണ്ട് കാലമായി ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളെല്ലാം ഏഴ് വർഷത്തെ പിണറായി ഭരണത്തിൽ ഇല്ലാതായെന്നും ജീവനക്കാരന്റെ നിലവിലുള്ള ശമ്പളം പോലും എങ്ങനെയും വെട്ടിക്കുറയ്ക്കാനുള്ള ആസൂത്രിത ശ്രമം സർക്കാർ തലത്തിൽ നടക്കുന്നുണ്ടെന്നും അദ്ദേഹം ആരോപിച്ചു. 2018ലെ പ്രളയത്തിന്റെ മറവിൽ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം സമ്മതം ഇല്ലാതെ പിരിച്ചെടുക്കുവാനുള്ള പിണറായി സർക്കാരിന്റെ നീക്കത്തിനെതിരെ കേരള എൻ.ജി.ഒ. സംഘ് ഹൈക്കോടതി മുതൽ ബഹു. സുപ്രീം കോടതി വരെ നിയമപോരാട്ടം നടത്തി. ശമ്പളം ജീവനക്കാരന്റെ അവകാശമാണെന്നും അത് പിരിച്ചെടുക്കുവാൻ സർക്കാരിന് അധികാരമില്ല. എന്ന സുപ്രീം കോടതിയുടെ 2018-ലെ ചരിത്രവിധിയുടെ അഞ്ചാം വാർഷികം ആണ് എൻജിഒ സംഘ് ശമ്പള സംരക്ഷണദിനമായി ആചരിക്കുന്നത്. സംസ്ഥാന പ്രസിഡന്റ് ടി.എൻ. രമേശ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് ആർ. പ്രദീപ് കുമാറിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ സംസ്ഥാന സമിതി അംഗം ബി. എസ്. പ്രദീപ് ശമ്പള സംരക്ഷമദിന പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. ജില്ലാ ട്രഷറർ എ.ജി. രാഹുൽ ജില്ലാ ജോയിന്റ് സെക്രട്ടറി മനോജ് ജില്ലാ സമിതി അംഗങ്ങളായ പ്രശാന്ത് ജ്യോതി കൃഷ്ണൻ, ബിജു ബാലചന്ദ്രൻ എന്നിവർ സംസാരിച്ചു.

**തൃശൂർ:**

സാലറി ചലഞ്ചിനെതിരെ കേരള എൻ.ജി.ഒ. സംഘ് സുപ്രീം കോടതിയിൽനിന്ന് അനുകൂല വിധി നേടിയതിന്റെ അഞ്ചാം വാർഷികം ശമ്പള സംരക്ഷണ ദിനമായി ആചരിച്ചു. തൃശൂർ കളക്ട്രേറ്റിൽ മുന്നിൽ നടന്ന സായാഹ്ന സദസ് കേരള എൻ.ജി.ഒ. സംഘ് സംസ്ഥാന ജോയിന്റ് സെക്രട്ടറി വി. വിശ്വകുമാർ ഉത്ഘാടനം ചെയ്തു. സംസ്ഥാനസമിതിയംഗം സുഗുണൻ പഴൂക്കര ശമ്പള സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ജില്ലാപ്രസിഡന്റ് പ്രശാന്ത് കളരിക്കൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി ജയൻ പൂമംഗലം, രാജീവ് തങ്കപ്പൻ, എൻ.എ. അനിൽകുമാർ, കെ.വി. അച്യുതൻ തുടങ്ങിയവർ പ്രസംഗിച്ചു. എം. രാജഗോപാൽ, പി.എം. ജഗന്നാഥ് തുടങ്ങിയവർ നേതൃത്വം നല്കി. ജില്ലാട്രഷറർ

## അംഗൻവാടി വർക്കേഴ്സ് സംഘ് യൂണിറ്റ് രൂപീകരിച്ചു

**കണ്ണൂർ:** പാനൂരിൽ ഭാരതീയ അംഗൻവാടി വർക്കേഴ്സ് & ഹെൽപേഴ്സ് സംഘിന്റെ യൂണിറ്റ് രൂപീകരിച്ചു. സുജാതയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം യൂണിയൻ സംസ്ഥാനപ്രസിഡന്റ് സിന്ധു മനോരാജ് ഉത്ഘാടനം ചെയ്തു. ശോഭനായ്ക്, പുഷ്പ സവിത്രി, രതി എന്നിവർ സംസാരിച്ചു.

## മേഖലാസമ്മേളനം

**പത്തനംതിട്ട:** ബി.എം.എസ്. തടിയൂർ മേഖലാസമ്മേളനം ജില്ലാപ്രസിഡന്റ് ഹരികുമാർ ചൂട്ടിയിൽ ഉത്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് കെ.കെ. വിജയൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാട്രഷറർ അരുൺ പ്രജിത്ത് ഭാരവാഹി തെരഞ്ഞെടുപ്പും സമാരോപും നടത്തി. ജില്ലാ ജോയിന്റ് സെക്രട്ടറി കൃഷ്ണകുമാരി ആശംസാപ്രസംഗം നടത്തി.

## ധർണ്ണ നടത്തി

**കൊല്ലം:** കർഷകത്തൊഴിലാളി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കൊട്ടിയം മേഖലയിലെ നെടുമ്പന പഞ്ചായത്തിൽ കൃഷിഭവന് മുമ്പിൽ ധർണ്ണ നടത്തി. കർഷകതൊഴിലാളി യൂണിയൻ ജില്ലാപ്രസിഡന്റ് കെ. നസിയ അദ്ധ്യക്ഷത വഹിച്ചു. അസംഘടിത തൊഴിലാളി യൂണിയൻ സംസ്ഥാനസമിതിയംഗം പരിമണം ശശി ഉത്ഘാടനം ചെയ്തു. ജില്ലാവൈസ്പ്രസിഡന്റ് എസ്. രാജീവ്, മേഖലാ പ്രസിഡന്റ് ഡി. മണി, മേഖലാസക്രട്ടറി വിനോദ് രാജ് എന്നിവർ സംസാരിച്ചു.

# ക്ഷേമനിധിബോർഡിനെ തകർത്തത് ഇടതുസർക്കാർ

**പാലക്കാട്:** തൊഴിലാളികളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും മുടക്കി ക്ഷേമനിധി ബോർഡിനെ തകർത്തത് ഇടതുസർക്കാരാണെന്ന് ബി.എം.എസ്. പാലക്കാട് ജില്ലാസെക്രട്ടറി കെ. രാജേഷ് ആരോപിച്ചു. തൊഴിലാളികൾ അടച്ച തുകപോലും തിരിച്ച് കൊടുക്കാൻ ബോർഡിന് സാധിക്കുന്നില്ല. പത്ത് മാസത്തിൽ കൂടുതലായി പെൻഷൻ മുടങ്ങിയിട്ട്. സർക്കാരിന്റെ ബാധ്യത തൊഴിലാളികളുടെ മേൽ അടിച്ചേല്പിക്കാൻ ആണ് സർക്കാർ ശ്രമിക്കുന്നത്. പാലക്കാട് ജില്ലാനിർമ്മാണ തൊഴിലാളിസംഘം ജില്ലാപ്രവർത്തക സമതിയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യൂണിയൻ ജില്ലാപ്രസിഡന്റ് എസ്. രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിയൻ ജില്ലാസെക്രട്ടറി എം. ഗിരീഷ്, ബാലകൃഷ്ണൻ, കെ.ഡി. ബാലൻ അട്ടപ്പാടി, സുഭാഷ് പെരുമാട്ടി എന്നിവർ പ്രസംഗിച്ചു.

# സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണം

**തൃശൂർ:** സംസ്ഥാനസർക്കാർ ജീവനക്കാർക്ക് ലഭിക്കേണ്ട ക്ഷാമബത്ത കുടിശ്ശിക അടിയന്തിരമായി അനുവദിക്കണമെന്ന് കേരള ഗസറ്റഡ് ഓഫീസേഴ്സ് സംഘ് തൃശൂർ ജില്ലാകമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു. പങ്കാളിത്ത പെൻഷൻപദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുക, മെഡിസെപ്പ് പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുക എന്നീ ആവശ്യങ്ങളും സമ്മേളനം ഉന്നയിച്ചു. ബി.എം.എസ്. തൃശൂർ ജില്ലാസെക്രട്ടറി സേതു തിരുവെങ്കിടം സമ്മേളനം ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡന്റ് ബി. മനു, സംസ്ഥാന ജനറൽസെക്രട്ടറി ഇ.പി. പ്രദീപ് എന്നിവർ സംസാരിച്ചു.

ജില്ലാസെക്രട്ടറി എം.കെ. നരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. അജിതകമൽ, ഡോ. വി. അമ്പു, കെ.എം. രാജീവ്, ജയൻ പൂമംഗലം, കെ.കെ. ഗിരീഷ്കുമാർ, ശ്രീജിത്ത് ആർ. നായർ എന്നിവർ സംസാരിച്ചു. പി.എ. ഹരികുമാർ സ്വാഗതവും വി. വെങ്കിടേഷ് നന്ദിയും പറഞ്ഞു.

ഭാരവാഹികളായി അജിത കമാൽ (പ്രസിഡന്റ്), പി.എ. ഹരികുമാർ (സെക്രട്ടറി), അനിൽകുമാർ, ഡോ. രഞ്ജിത്ത് നമ്പൂതിരി (വൈസ്പ്രസിഡന്റ്), സജീവ് എസ്. മേനോൻ (ജോയിന്റ്സെക്രട്ടറി), വി. വെങ്കിടേഷ് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# ക്ഷാമബത്ത കുടിശ്ശിക ഉടൻ അനുവദിക്കണം

**കോട്ടയം:** സർക്കാർ ജീവനക്കാർക്ക് 2021 ജനുവരി മുതൽ ലഭിക്കേണ്ട ആറ് ഗഡു (18) ശതമാനം ക്ഷാമബത്ത അടിയന്തിരമായി അനുവദിക്കണമെന്ന് കേരള ഗസറ്റഡ് ഓഫീസേഴ്സ് സംഘ് 26-ാം സംസ്ഥാന സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പങ്കാളിത്തപെൻഷൻ നടപ്പാക്കുക, കഴിഞ്ഞ മൂന്ന് വർഷമായി തടഞ്ഞുവച്ചിരിക്കുന്ന ലീവ് സറണ്ടർ പണമായി നല്കുക, 2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശിക അനുവദിക്കുക എന്നീ ആവശ്യങ്ങളും കെജിഒ സംഘ് മുന്നോട്ടുവച്ചു. സമാപന സമ്മേളനത്തിൽ രാഷ്ട്രീയ രാജ്യ കർമചാരി മഹാസംഘ് അഖിലേന്ത്യാ ഉപാധ്യക്ഷൻ പി. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഫെറ്റോ ജനറൽ സെക്രട്ടറി പി.എസ്. ഗോപകുമാർ മുഖ്യപ്രഭാഷണം നടത്തി. കെജിഒ സംഘിന്റെ സംസ്ഥാന പ്രസിഡന്റായി ബി. മനുവിനേയും ജന. സെക്രട്ടറിയായി ഇ.പി. പ്രദീപിനേയും തെരഞ്ഞെടുത്തു. കോട്ടയത്ത് നടന്ന 26-ാമത് സംസ്ഥാന സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. രതീഷ് ആർ. നായർ (ട്രഷറർ) പി. പ്രമേദ് (ഡെപ്യൂട്ടി ജനറൽ സെക്രട്ടറി), ഡോ. വി. അമ്പു, എം.ആർ. അജിത്കുമാർ, വി.കെ. ബിജു, കെ.എം. രാജീവ്, എൻ.വി. ശ്രീകല (വൈസ് പ്രസിഡന്റുമാർ), രാജൻ, കെ.പി.ആർ. സുനിൽകുമാർ, എം.കെ. നരേന്ദ്രൻ, ഡി.ആർ. അനിൽ, കെ.വി. ശ്രീനാജ് (സെക്രട്ടറിമാർ)

സി. ശ്രീകുമാർ, സുരേഷ്, ഡോ. മഹാലിംഗ ഭട്ട്, എ.എൻ. വിനോദ്, എൻ. സന്തോഷ് കുമാർ, സുജയ, ഡോ. സാജു തോമസ്, പി.യു. സജി, മാധവദാസ് കെ.ഡി. (സംസ്ഥാന സമിതി അംഗങ്ങൾ) പി.പി. രമേഷ്, ആർ. ഗിരിപ്രകാശ്, പി.എൻ. രാജേഷ് കുമാർ, ആർ. സാജൻ, മുരളി എം. നായർ (പ്രത്യേക ക്ഷണിതാക്കൾ), സി. അനൂപ്, ഗീത എം.സി. (ഓഡിറ്റർമാർ) എന്നിവരേയും തെരഞ്ഞെടുത്തു.

# മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പണി ഉടനെ പൂർത്തിയാക്കണം

**ആലപ്പുഴ:** ചേർത്തലയിൽ നിർമ്മാണം നടക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് എത്രയും പെട്ടെന്ന് പൂർത്തിയാക്കുക, മാലിന്യം നിക്ഷേപിക്കുന്നതിന് 2018 -ൽ അനുവദിച്ച പ്ലാന്റുകൾ തുടർന്നും ഉപയോഗിക്കാൻ അനുവദിക്കുക, പുതിയ മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആലപ്പുഴ ജില്ലാ സെപ്റ്റിക് ടാങ്ക് ക്ലീനേഴ്സ് മസ്ദൂർ സംഘം സേഫ്റ്റി ടാങ്ക് ക്ലീനിംഗ് നടത്തുന്ന തൊഴിലാളികൾക്ക് സുരക്ഷ, സാമ്പത്തിക പാക്കേജ്, ചികിത്സാ ആനുകൂല്യങ്ങൾ എന്നിവ പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് ബി.എം.എസ്. പ്രസിഡന്റ് എൻ. ദേവദാസ് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് ആവശ്യപ്പെട്ടു.

ബി.എം.എസ്. ജില്ലാ ട്രഷറർ ബിനീഷ് ബോയ് അധ്യക്ഷത വഹിച്ചു. രതീഷ് സ്വാഗതം പറഞ്ഞു. ജില്ലാ സെക്രട്ടറി ജി. ഗോപകുമാർ, സംസ്ഥാന സമിതി അംഗം സി. ഗോപകുമാർ, പ്രദീപ് മാവേലിക്കര, ജിനു, നിഖിൽ വൈക്കം, ജ്യോതിഷ് യു.വി. എന്നിവർ സംസാരിച്ചു.

# ശമ്പളപരിഷ്കരണ കുടിശ്ശിക നീട്ടിയതിൽ എൻ. ജി. ഒ. സംഘ് പ്രതിഷേധം

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ ജീവനക്കാരോടുള്ള തുടർച്ചയായ അവഗണനയ്ക്കെതിരെ കേരള എൻ.ജി.ഒ. സംഘ് തിരുവനന്തപുരം നോർത്ത് ജില്ലയുടെ ആഭിമുഖ്യത്തിൽ വികാസ് ഭവൻ സമുച്ചയത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു. ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാർ പ്രതിഷേധപരിപാടി ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ ഏഴ് വർഷക്കാലമായി ജീവനക്കാർക്ക് യാതൊരു വിധ ആനുകൂല്യവും നല്കാത്ത സർക്കാരാണ് കേരളം ഭരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലാപ്രസിഡന്റ് ജി. ഹരികുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ്സെക്രട്ടറി എസ്. വിനോദ്കുമാർ, ജില്ലാസെക്രട്ടറി ബി.കെ. സജീഷ്കുമാർ എന്നിവർ സംസാരിച്ചു.




**കർഷകത്തൊഴിലാളി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കൊട്ടിയം - നെടുമ്പന കൃഷിഭവന് മുന്നിലേക്ക് നടത്തിയ മാർച്ച്.**

# പാലക്കാട് ജില്ലക്ക് വ്യവസായ പാക്കേജ് പ്രഖ്യാപിക്കണം

**പാലക്കാട്:** കഞ്ചിക്കോട് മേഖലയിൽനിന്നുവരെ വ്യവസായ സംരംഭങ്ങൾ അയൽസംസ്ഥാനത്തേയ്ക്ക് കുടിയേറുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലയ്ക്ക് സമഗ്രമായ ഒരു വ്യവസായ പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാവണമെന്ന് ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ആവശ്യപ്പെട്ടു. ബി.എം.എസ്. പാലക്കാട് ജില്ലാസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗുലാത്തി കമ്മീഷന്റെ ഫിനാൻസ് ആന്റ് ടാക്സ് റിപ്പോർട്ടനുസരിച്ച് കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുകയാണ്. സർക്കാർജീവനക്കാർക്ക് വരെ ശമ്പളവും പെൻഷനും മുടങ്ങുന്ന സാഹചര്യത്തിലേക്കാണ് കേരളം നീങ്ങുന്നത്. കേരളം ഏറ്റെടുത്ത വെള്ളൂർ കേരളപേപ്പർ ലിമിറ്റഡിലെ തീപിടുത്തം ദുരൂഹമാണ്. സംശയകരമായ ഈ സംഭവത്തിൽ ബി.എം.എസ്., സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുകയാണ്. ജില്ലാപ്രസിഡന്റ് സലിം തെന്നിലാപുരം പതാക ഉയർത്തി. ജില്ലാ ജോയിന്റ് സെക്രട്ടറി പി.ജി. ശശിധരൻ സ്വാഗതം പറഞ്ഞു. ജില്ലാസെക്രട്ടറി വി. രാജേഷ് സംഘടനാറിപ്പോർട്ടും ട്രഷറർ ടി. കുമരേശൻ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. സലിം തെന്നിലാപുരം അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടനസമ്മേളനത്തിൽ ആർ.എസ്.എസ്. വിഭാഗ് കാര്യവാഹ് എം. ശ്രീധരൻ, അഡ്വ. പി. മുരളീധരൻ, സി. ബാലചന്ദ്രൻ, ജി.കെ. അജിത്ത്, കെ. മഹേഷ് എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളെ സമ്മേളനം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

പ്രസിഡന്റ്: തെന്നിലാപുരം; സെക്രട്ടറി: കെ. രാജേഷ്; ട്രഷറർ: വി. ശരത്; വൈസ്പ്രസിഡന്റുമാർ: വി. രാജേഷ്, അഡ്വ. എം.ആർ. മണികണ്ഠൻ, എം. ഗിരീഷ്,, വി. ശിവദാസ്, വി. മണികണ്ഠൻ, വി.കെ. സുജാത; ജോയിന്റ് സെക്രട്ടറിമാർ: വി. രാജേഷ് ചെത്തല്ലൂർ, പി. സത്യരാജ്, ആർ. ഹരിദാസ്, പി.കെ. ബൈജു, യു.പി. രാമദാസ്, ശശി ചോറോട്ടൂർ, കെ. രാജേശ്വരി.



**പ്രസിഡൻറ്**
**സലിംതെന്നിലാപുരം**



**സെക്രട്ടറി**
**കെ.രാജേഷ്**



**ട്രഷറർ**
**വി.ശരത്**



**പാലക്കാട് ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ**



ആലപ്പുഴ ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ.

# വ്യത്യസ്ത തൊഴിൽസംസ്കാരം വളർത്തിയത് ബി. എം. എസ്. – എം. പി. രാജീവൻ

**ആലപ്പുഴ:** കേരളത്തിന്റെ തൊഴിൽമേഖലയിൽ വ്യത്യസ്തമായ സംസ്കാരം വളർത്തിയെടുക്കാൻ ബി.എം.എസ്സിന് കഴിഞ്ഞതായി ദക്ഷിണ ക്ഷേത്രീയ സഹ സംഘടനാസെക്രട്ടറി എം.പി. രാജവൻ പറഞ്ഞു. ആലപ്പുഴ ജില്ലാസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്വേഷവും പകയും വൈരുദ്ധ്യാത്മക ഭൗതികവാദവും കൊണ്ട് തൊഴിൽമേഖലകൾ തകർന്ന് കേരളം കടക്കെണിയിലായി. പുരോഗതിയിലേക്കുള്ള കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ പരാജയപ്പെട്ട രണ്ട് മുന്നണികളും നാടിന് ശാപമായി മാറി.

തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നില്ല. യുവാക്കളും കുട്ടികളും അന്യസംസ്ഥാനങ്ങളിലേയ്ക്ക് തൊഴിലും വിദ്യാഭ്യാസവും തേടി പോകുന്നു. കാർഷികമേഖലയിൽ പത്തുലക്ഷം ടൺ നെല്ല് ഉത്പാദിപ്പിക്കുന്ന സംസ്ഥാനമായിരുന്നു കേരളം. 70 ശതമാനമായിരുന്നു അരിയുടെ കണക്ക് കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിലും പാലാക്കാട്ടും ഇന്ന് 12 ശതമാനം നെല്ല് ഉല്പാദനമാണ് നടക്കുന്നത്. 88 ശതമാനം അരിയും അന്യസംസ്ഥാനത്ത് നിന്നാണ് വാങ്ങുന്നത്.

ജില്ലാപ്രസിഡന്റ് ബി. രാജശേഖരൻ അദ്ധ്യക്ഷനായി. സംസ്ഥാന ജനറൽസെക്രട്ടറി ജി. കെ. അജിത്ത്, സംസ്ഥാനസംഘടനാസെക്രട്ടറി കെ. മഹേഷ്, സംസ്ഥാനസെക്രട്ടറിമാരായ കെ. ചന്ദ്രലത, കെ.വി. മധുകുമാർ, ആർ.എസ്,എസ്. പ്രാന്തീയ പ്രചാർ ട്രോളി അംഗം, ജെ. മഹാദേവൻ, എൻജി.ഒ. സംഘ് സംസ്ഥാന ജനറൽസെക്രട്ടറി എ. പ്രകാശ്, ബി.എം.എസ്. ജില്ലാസെക്രട്ടറി ബിനീഷ് ബോയി, ട്രഷറർ അഭിലാഷ് ബേർളി, എം. സന്തോഷ് എന്നിവർ സംസാരി



പ്രസിഡന്റ്
എൻ. ദേവദാസ്



സെക്രട്ടറി
ജി. ഗോപകുമാർ



ട്രഷറർ
ബിനീഷ് ബോയ്

ച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നായി 400-ൽ അധികം പ്രതിനിധികൾ പങ്കെടുത്തു.

ഭാരവാഹികൾ: എൻ. ദേവദാസ് (പ്രസിഡന്റ്), സ്മിത സിദ്ധാർത്ഥൻ, ടി.സി. സുനിൽകുമാർ, ജി.എം. അരുൺകുമാർ, അഭിലാഷ് ബെർളി (വൈസ്പ്രസിഡന്റുമാർ), ജി. ഗോപകുമാർ (സെക്രട്ടറി), ജെ. മനോജ്, എം. സന്തോഷ്, ജയേഷ് ജയറാം, മധു കരിപ്പാലിൽ, അരുൺ സി. മോഹൻ, അഡ്വ. ഗ്രീഷ്മ അരുൺ, പി. ദിനുമോൻ (ജോയിന്റ് സെക്രട്ടറിമാർ), ബിനീഷ് ബോയ് (ട്രഷറർ).

# പഞ്ചായത്ത് സെക്രട്ടറിമാരെ സ്ഥലം മാറ്റിയ നടപടി പിൻവലിക്കണം

**തിരുവനന്തപുരം:** കേരളീയത്തിന്റെ പേരിൽ പിരിവ് നടത്താത്ത പഞ്ചായത്ത് സെക്രട്ടറിമാരെ സ്ഥലം മാറ്റിയ നടപടി പിൻവലിക്കണമെന്ന് ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്. കെ. ജയകുമാർ ആവശ്യപ്പെട്ടു. കേരളീയത്തിന്റെ മറവിൽ ജീവനക്കാരെ അഴിമതി നടത്താൻ സർക്കാർ പ്രേരിപ്പിക്കുകയാണ്. ധൂർത്തും, അഴിമതിയും നിറഞ്ഞ കേരളീയം പരിപാടി സംസ്ഥാനത്തിന് നാണക്കേട് ആണ് ഉണ്ടാകുന്നതെന്നും ഫെറ്റോ ആരോപിച്ചു.

കേരളം വലിയ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുമ്പോൾ കേരളീയം എന്ന പേരിൽ ഖജനാവിൽ നിന്ന് 29 കോടി ചിലവഴിച്ച് മാമാങ്കം നടത്തുന്നത് തീർത്തും അനുചിതമാണ്. സർക്കാരിന്റെ ഭരണപരാജയം മറച്ചു വെയ്ക്കാനാണ് നാട്ടുകാരിൽനിന്ന് പിരിവുപോലും നടത്തി കേരളീയം കൊണ്ടാടുന്നത്.

ജീവനക്കാർ രസീത് കൊടുക്കാതെ പിരിവ് എടുക്കാനും, നാടുനീളെ പോസ്റ്റർ ഒട്ടിക്കാനും ഉത്തരവ് ഇറക്കിയത് സിവിൽ സർവ്വീസിന് തന്നെ നാണക്കേട് ആയി മാറിയെന്നും എസ്.കെ. ജയകുമാർ ആരോപിച്ചു. ഈ അഴിമതിയുമായി സഹകരിക്കാത്ത ജീവനക്കാർക്കെതിരെ സർക്കാർ പ്രതികാര നടപടി സ്വീകരിച്ചാൽ അവരെ സംരക്ഷിക്കാൻ ഫെറ്റോ തയ്യാറാകുമെന്നും സംസ്ഥാന പ്രസിഡന്റ് എസ്. കെ. ജയകുമാർ അറിയിച്ചു.

# കാസർഗോഡ് ജില്ല: പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം വേണം



**കാസർകോട് ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ.**

**കാസർകോട്** : ജില്ലയുടെ വികസന പിന്നാക്കാവസ്ഥ പരിഹരിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ബിഎംഎസ് കാസർകോട് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ഇടതു വലത് മുണികൾ മാറി മാറി കേരളം ഭരിച്ചിട്ടും വികസനത്തിന്റെ രുചി അറിയാത്തവരാണ് കാസർകോട് ജില്ലക്കാർ. കാർഷികം, വ്യവസായികം ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങി സമസ്ത മേഖലകളിലും ജില്ല ബഹുദൂരം പിന്നിലാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിലും സർക്കാർ അടിക്കടി അടിച്ചേൽപ്പിക്കുന്ന നികുതി ഭാരത്താലും ജനം പൊറുതി മുട്ടുന്നു. സർക്കാർ ഉടമസ്ഥതയിൽ വ്യവയായിക അടിസ്ഥാനത്തിലുള്ള ഒരു സ്ഥാപനം തുടങ്ങാൻ പോലും ജില്ലയിൽ ഇന്നേവരെ സാധിച്ചിട്ടില്ല. നിലവിലുള്ള ഒരു പൊതുമേഖലാ സ്ഥാപനം സർക്കാർ ഏറ്റെടുത്തെങ്കിലും അതിന്റെ പ്രവർത്തനവും കടുത്ത പ്രതിസന്ധി നേരിടുകയാണ്. കൃഷിക്കാർ വന്യമൃഗ ഭീഷണി നേരിടുമ്പോൾ സംരക്ഷണം നൽകാൻ സർക്കാർ തയ്യാറാകുന്നില്ല. കർഷകരുടെ ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിച്ച കർഷക ക്ഷേമനിധി പാതിവഴിയിൽ ഉപേക്ഷിച്ചത് കൂടുതലായും ബാധിച്ചിരിക്കുന്നത് ജില്ലയിലെ കർഷകരെയാണ്. കോടികൾ ചിലവഴിച്ച് നിർമ്മിച്ച ടാറ്റാ ആശുപത്രിയുടെ ഇന്നത്തെ സ്ഥിതി സർക്കാർ ജില്ലയോട് കാണിക്കുന്ന അവഗണനയുടെ സാക്ഷ്യപത്രമാണ്. സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം തുടങ്ങാനും സാധിച്ചില്ല. ജില്ലയിൽ പതിനൊന്നായിരത്തിലധികം അംഗങ്ങളുള്ള അസംഘടിത ക്ഷേമനിധിക്ക് ഒരു ക്ഷേമനിധി ഓഫീസ് പോലും ജില്ലയിൽ അനുവദിച്ചില്ല. തൊഴിലാളികൾക്ക് അർഹതപ്പെ ആനുകൂല്യങ്ങൾക്കും ധനസഹായങ്ങൾക്കും കണ്ണൂർ വരെ യാത്രചെയ്യണം. സർക്കാർ ഓഫീസുകളിലെ ജീവനക്കാരുടെ അഭാവം നികത്തിയിട്ടില്ല. ഗതാഗത സൗകര്യം പോലും നിഷേധിക്കപ്പെടുകയാണെന്നും സമ്മേളനം ചൂണ്ടിക്കാട്ടി.

ബിഎംഎസ് ദക്ഷിണ ക്ഷേത്ര സംഘടനാ സെക്രട്ടറി എസ്.ദുരൈരാജ് ഉദ്ഘാടനം ചെയ്തു.ഇടത് സർക്കാരിന്റെ അഴിമതിയെ മറയാക്കാൻ സംസ്ഥാനത്ത് വിവാദങ്ങൾ ഉണ്ടാക്കുകയാണ് അദ്ദേഹം പറഞ്ഞു.ജില്ലാ പ്രസിഡന്റ് വി.വി.ബാലകൃഷ്ണൻ അധ്യക്ഷനായി.ആർഎസ്എസ് കണ്ണൂർ വിഭാഗ് കെ.പ്രമോദ് സംസാരിച്ചു.ബിഎംഎസ് ജില്ലാ സെക്രട്ടറി ഗോവിന്ദൻ മടിക്കൈ പ്രവർത്തന റിപ്പോർട്ടും ഖജാൻജി അനിൽ.ബി.നായർ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു.സംസ്ഥാന സെക്രട്ടറി അഡ്വ.പി.മുരളീധരൻ സംഘടനാ ചർച്ചയ്ക്ക് നേതൃത്വം



**കെ.ഉപേന്ദ്രൻ**
**(പ്രസിഡന്റ്)**



**കെ.വി.ബാബു**
**(സെക്രട്ടറി)**



**അനൂപ് കോളിച്ചാൽ**
**(ഖജാൻജി)**

നൽകി.സംസ്ഥാന ഖജാൻജി സി.ബാലകൃഷ്ണൻ ഭാവിപരിപാടികളെ കുറിച്ച് സംസാരിച്ചു.സമാപന സമ്മേളനത്തിൽ ബിഎംഎസ് ദക്ഷിണക്ഷേത്ര സഹ.സംഘടന സെക്രട്ടറി എം.പി.രാജീവൻ സംസാരിച്ചു. ജില്ലാ ജോ.സെക്രട്ടറി കെ.വി.ബാബു സ്വാഗതം പറഞ്ഞു. ജില്ലാ വൈസ് പ്രസിഡന്റുമാരായ അഡ്വ.പി.മുരളീധരൻ, എം.കെ.രാഘവൻ, ടി.കൃഷ്ണൻ, ഗീതാ ബാലകൃഷ്ണൻ, പി.കൃഷ്ണകുമാർ, കെ.എ.ശ്രീനിവാസൻ, ജോ.സെക്രട്ടറിമാരായ കെ.ഉപേന്ദ്രൻ, സിന്ധുമനോരാജ്, പി.ദിനേശ്, പരീഷ് കുതിരപ്പാടി, വി.ബി.സത്യനാഥ്, വിശ്വനാഥ ഷെട്ടി എന്നിവർ സംബന്ധിച്ചു.

**ഭാരവാഹികൾ**

കെ.ഉപേന്ദ്രൻ(പ്രസിഡന്റ്),അഡ്വ.പി.മുരളീധരൻ, ഗോവിന്ദൻ മടിക്കൈ, കെ.എ.ശ്രീനിവാസൻ, അനിൽ.ബി.നായർ, ഗീത ബാലകൃഷ്ണൻ, കെ.ഭരതൻ. (വൈസ് - പ്രസിഡന്റുമാർ), കെ.വി.ബാബു (ജനറൽ സെക്രട്ടറി), പി.ദിനേശ്, ഹരീഷ് കുതിരപ്പാടി, സിന്ധു മനോരാജ്, എം.ലീലാ കൃഷ്ണൻ, കെ.സുരേഷ്, സുനിൽ വാഴക്കോട്, യശ്വന്തി മഞ്ചേശ്വരം (ജോയിന്റ്.സെക്രട്ടറിമാർ), അനൂപ് കോളിച്ചാൽ (ഖജാൻജി)

# പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കണം

**തിരുവനന്തപുരം:** കേരളത്തിലെ ഇടത് വലതു മുന്നണികൾ സ്വാതന്ത്ര്യ സമര പോരാളികളായി ഹമാസിനെ വിശേഷിപ്പിക്കുന്നതിലൂടെ ഭീകരവാദത്തിന് ഒത്താശ ചെയ്യുകയാണെന്ന് ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാർ പറഞ്ഞു.

പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഫെറ്റോ സംസ്ഥാന വ്യാപകമായി നടത്തിയ സായാഹ്ന സദസ്സിന്റെ ഭാഗമായി പാളയം മാർക്കറ്റിന് മുന്നിൽ തിരു. ജില്ലാ സമിതി നടത്തിയ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകത്തെ പ്രമുഖ യൂറോപ്യൻ രാജ്യങ്ങൾ എല്ലാം ഭീകരവാദ സംഘടനയായി പ്രഖ്യാപിച്ച ഹമാസിനെ ഭാരതവും ഭീകരവാദ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗാസയിലെ നിരാലംബരായ ജനതയെ കൂട്ടുക്കുരുതിയിലേക്ക് തള്ളിവിട്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഹമാസിന് ആണ്. അതുകൊണ്ടുതന്നെ ഹമാസിനെ തുടച്ചുനീക്കാൻ ലോക രാഷ്ട്രങ്ങൾ ഒരുമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭാരത സർക്കാർ സ്വീകരിച്ച നിലപാടിന് ഫെറ്റോ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. ഫെറ്റോ ജില്ലാ പ്രസിഡന്റ് എസ്. വിനോദ് കുമാർ അധ്യക്ഷത വഹിച്ചു. ആർ.ആർ.കെ.എം.എസ്. അഖിലേന്ത്യാ ഉപാധ്യക്ഷൻ പി. സുനിൽകുമാർ, ഫെറ്റോ സംസ്ഥാന ഭാരവാഹികളായ സി.കെ. ജയപ്രസാദ്, ആർ. ശ്രീകുമാരൻ വിവിധ സംഘടനാ നേതാക്കളായ ടി.ഐ. അജയകുമാർ, ആർ. ഹരികൃഷ്ണൻ, അരുൺ മാസ്റ്റർ, പ്രദീപ് കുമാർ, ഡി. ആർ. അനിൽ, പ്രദീപ് പുള്ളിത്തല, പാക്കോട് ബിജു, ബി.കെ. സതീഷ് കുമാർ, സന്തോഷ് അമ്പലത്തറയ്ക്കൽ, ഫെറ്റോ ജില്ലാ സെക്രട്ടറി ആദർശ് എന്നിവർ സംസാരിച്ചു.

# സംസ്ഥാനസർക്കാർ തോട്ടംതൊഴിലാളികളെ വഞ്ചിച്ചു

**കട്ടപ്പന:** കേരളത്തിലെ മൂന്നുലക്ഷത്തിൽപരം തൊഴിലാളികളെ വഞ്ചിച്ച ഗവണ്മെന്റ് ആണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന് ബി.എം.എസ്. ദേശീയസമിതിയംഗം കെ.കെ. വിജയകുമാർ ആരോപിച്ചു. ബി.എം.എസ്. ഇടുക്കി ജില്ലാസമ്മേളനം കട്ടപ്പന ടൗൺഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തോട്ടം തൊഴിലാളികളുടെ അടിസ്ഥാനവേതനം 600 രൂപയാക്കുമെന്നും വീടില്ലാത്ത എല്ലാ തൊഴിലാളികൾക്കും വീട് വെച്ചു നല്കുമെന്നും വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവണ്മെന്റ് തൊഴിലാളികളുടെ ആവശ്യങ്ങളിൽ മുഖം തിരിക്കുന്ന സമീപനമാണ് സ്വീകരിച്ചത്.

കേരളത്തെ കടക്കെണിയിലാക്കിയ ഒരു ഗവണ്മെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഈ സർക്കാരിനെതിര ജനകീയപ്രക്ഷോഭം ഉയർന്നുവരണമെന്ന് അദ്ദേഹം പറഞ്ഞു. സമ്മേളനത്തിൽ കെ. ജയൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാന ജനറൽസെക്രട്ടറി ജി.കെ. അജിത്ത്, സംസ്ഥാന സംഘടനാസെക്രട്ടറി കെ. മഹേഷ്, സംസ്ഥാന ഭാരവാഹികളായ എം.പി. ചന്ദ്രശേഖരൻ, സി.ജി. ഗോപകുമാർ, സിബി വർഗ്ഗീസ്, ആർ.എസ്.എസ്. വിഭാഗ് കാര്യവാഹ് എം.റ്റി. ഷിബു, എസ്.ജി. മഹേഷ്, എം.ബി. ശശിധരൻ, വി.എൻ. രവീന്ദ്രൻ, ബി. വിജയൻ, കെ.എം. സിജു, സി. രാജേഷ്, പി. ഭുവനചന്ദ്രൻ, പി. മോഹനൻ, എം.പി. റെജികുമാർ, ഡി. ഡേവിഡ്, കെ.സി. സിനിഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

**ഭാരവാഹികൾ**

പ്രസിഡന്റ് കെ.സി. സിനീഷ്കുമാർ, വൈസ്പ്രസിഡന്റ്മാർ എസ്.ജി. മഹേഷ്, എം.പി. റെജികുമാർ, സി. രാജേഷ്, അഡ്വ. ഗിരീഷ് തയ്യിൽ, ശ്രീജാ സതീഷ്, സെക്രട്ടറി കെ.എം. സിജു, ജോയിന്റ്സെക്രട്ടറി കെ. മാരിയപ്പൻ. വി.എസ്. രാജാ, കെ.കെ. സനു, റ്റി.കെ. ശിവദാസൻ, എസ്. സുനിൽ, ഷിജി ഓമനക്കുട്ടൻ, ട്രഷറർ സതീഷ് വേണുഗോപാൽ എന്നിവരെ തെരഞ്ഞെടുത്തു.




**ഷിപ്പ്യാർഡ് എംപ്ലോയീസ് സംഘ് വാർഷിക സമ്മേളനം ബി.എം.എസ് ദക്ഷിണ ക്ഷേത്രീയ സഹ സംഘടനാ സെക്രട്ടറി എം.പി രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.**

# വയനാട് മെഡിക്കൽകോളേജ് യാഥാർത്ഥ്യമാക്കണം

## കർഷകരുടെ മനോവീര്യം തകർക്കുന്ന നയം സർക്കാർ തിരുത്തണം

**പുൽപ്പള്ളി:** കേരളത്തിലെ കാർഷികമേഖലയെ പ്രത്യേകിച്ച് നെൽകർഷകരുടെ മനോവീര്യം തകർക്കുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് ബി.എം.എസ്സ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി. ശിവജി സുദർശൻ പറഞ്ഞു. പുൽപ്പള്ളിയിൽ ബി.എം.എസ്സ്. വയനാട് ജില്ലാ സമ്മേളനം ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നെൽകർഷകരുടെ പക്കൽനിന്നും ശേഖരിച്ച നെല്ലിന്റെ പണം നല്കാതെ ദുരിതത്തിലാക്കി ബുദ്ധിമുട്ടിക്കുകയാണ്. തൊഴിലാളികളുടെ സർക്കാർ എന്നവകാശപ്പെടുന്ന ഇടതുപക്ഷ സർക്കാർ ഈ സ്ഥിതി തുടർന്നാൽ നെല്ല് ഉല്പാദനത്തിൽനിന്നും കർഷകർ പൂർണ്ണമായും പിൻതിരിയുന്ന സാഹചര്യം ഉണ്ടാകും. ഇത് കേരളത്തിന്റെ ഭക്ഷ്യമേഖലയെയും സാമ്പത്തിക വ്യവസ്ഥിതിയേയും തകർക്കുവാൻ ഇടയാക്കും. അടിയന്തിരമായി കർഷകർക്ക് നല്കുവാനുള്ള തുക വിതരണം ചെയ്യുവാൻ സർക്കാർ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.

സമ്മേളനത്തിൽ ജില്ലാപ്രസിഡന്റ് പി. കെ. മുരളീധരൻ അദ്ധ്യക്ഷ വഹിച്ചു. റിപ്പോർട്ട് ജില്ലാ സെക്രട്ടറി ഹരിദാസൻ കെ. അവതരിപ്പിച്ചു. സാമ്പത്തിക റിപ്പോർട്ട് ജില്ലാട്രഷറർ സന്തോഷ് ജി അവതരിപ്പിച്ചു. കാർഷികവിളകളെ സംരക്ഷിക്കുക. സാമൂഹ്യസുരക്ഷാ പെൻഷൻ 5000 രൂപയായി വർദ്ധിപ്പിക്കുക. പെൻഷനും ആനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യുക, വിലക്കയറ്റം തടയുക, വയനാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കി. ബി.എം.എസ്. സംസ്ഥാനസെക്രട്ടറി സിബി വർഗ്ഗീസ്, സംഘടനാ സെക്രട്ടറി കെ. മഹേഷ് കുമാർ, കെ.എൻ. മുരളീധരൻ, പി.ക. അച്യുതൻ, ഐ.പി. കിഷോർ, അഡ്വ. വവിത എസ്. നായർ, എൻ.ടി. സതീഷ്, പി.ആർ. സുരേഷ്, ശ്രീലത ബാബു, കെ.കെ. പ്രകാശൻ, പി. എച്ച്. പ്രസന്ന, പി.എസ്. ശശീധരൻ, അരുൺ, എം.ബി. അനിൽ, കെ.എസ്. അരുൺ കെ. ജയകൃഷ്ണൻ, സി.കെ. സുരേന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.



പ്രസന്ന.പി.എച്ച്.
പ്രസിഡന്റ്



അനിൽ കെ.എസ്.
സെക്രട്ടറി



ഹരിദാസൻ കെ.
ട്രഷറർ

**ഭാരവാഹികൾ**

പ്രസിഡന്റ് - പ്രസന്ന.പി.എച്ച്., വൈസ് പ്രസിഡന്റുമാർ - കെ.എൻ.മുരളീധരൻ, സി.കെ.സുരേന്ദ്രൻ, പി.എസ്.ശശിധരൻ, വവിത എസ്.നായർ, ശ്രീലത ബാബു, സെക്രട്ടറി - അനിൽ കെ.എസ്., സെക്രട്ടറിമാർ - എം.ബി.അരുൺ,എൻ.ടി.സതീഷ്, എ.ഡി.രഞ്ജിത്ത്, അനീഷ ദേവി, സന്തോഷ് കുമാർ, ട്രഷറർ - ഹരിദാസൻ കെ.



**എം.ജി. യൂണിവേഴ്സിറ്റി എംകോം പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ റെജി.കെ. മാത്യുവിന്റെ മകൾ കുമാരി അലീന റെജിയെ ബി.എം.എസ് തിരുവാണിയൂർ പഞ്ചായത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ ആദരിക്കുന്നു.**

# കമ്യൂണിസം സമ്പന്ന ലോകത്തിന്റെ തടവറയിൽ

**കണ്ണൂർ:** തൊഴിലാളികളുടെയും സാധാരണക്കാരുടെയും സമഗ്ര ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി പ്രവർത്തനം ആരംഭിച്ച കമ്യൂണിസ്റ്റ് പാർട്ടികൾ വർത്തമാന കാലഘട്ടത്തിൽ സമ്പന്നവിഭാഗത്തിന്റെ തടവറയിലാണെന്ന് ബി.എം.എസ്. ദേശീയസെക്രട്ടറി വി. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഭാരതീയ മസ്ദൂർസംഘിന്റെ കണ്ണൂർ ജില്ലാസമ്മേളനം ഉത്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം.

കോടാനുകോടി സ്വത്തിന്റെ ഉടമസ്ഥാവകാശം സി.പി.എം. ഉൾപ്പെടെയുള്ള പാർട്ടികൾക്കുണ്ട്. തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനോ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനോ തയ്യാറാവുന്നില്ല. വ്യാപകമായ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ് പിണറായി വിജയൻ സർക്കാർ. മതമൗലിക വാദികൾക്കും ഭീകരവാദികൾക്കും അനുകൂലമായ നിലപാട് സ്വീകരിക്കുന്നത് അതീവ ഗുരുതരമായ അവസ്ഥയാണ്. ഈ പ്രവണതകൾക്ക് എതിരെ ജനകീയ അഭിലാഷം നിലനിർത്താൻ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് വലിയ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു.



**ജഗദീശൻ കെ.വി.**
**പ്രസിഡന്റ്**



**രാജേഷ്, ഇ**
**സെക്രട്ടറി**

ബി.എം.എസ്. ജില്ലാപ്രസിഡന്റ് സി.വി. തമ്പാൻ അദ്ധ്യക്ഷത വഹിച്ചു. രാഷ്ട്രീയ സ്വയംസേവക് സംഘം കണ്ണൂർ വിഭാഗ് സഹകാര്യവാഹ് ഒ. രാഗേഷ്, ബി.എം.എസ്. ദക്ഷിണ ക്ഷേത്ര സംഘടനാസെക്രട്ടറി എം.പി. രാജീവൻ, സംസ്ഥാന വൈസ്പ്രസിഡന്റ് എം.പി. ചന്ദ്രശേഖരൻ, സംസ്ഥാന സംഘടനാ സെക്രട്ടറി കെ. മഹേഷ്, ജില്ലാസെക്രട്ടറി എം. വേണുഗോപാൽ, കെ. പി. ജ്യോതിർമനോജ്, പി. കൃഷ്ണൻ, വനജ രാഘവൻ, പി.വി.പുരുഷോത്തമൻ, എം. പ്രസന്നൻ, അഡ്വ. കെ.പി. സുരേഷ് കുമാർ, പി. കെ. രാജൻ, ദയാറാണി എ. എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി ജഗദീശൻ കെ.വി.-പ്രസിഡന്റ്; രാജേഷ്, ഇ – സെക്രട്ടറി; സുരേഷ്ബാബു കെ.കെ. – ട്രഷറർ; വൈസ് പ്രിഡന്റുമാരായി പ്രസന്നൻ എം. രാജൻ പി.കെ. സുബിൻ, വി.ബി. ദയാറാണി, എ. ജോയിന്റ് സെക്രട്ടറിമാരായി ഷൈജ കെ.ടി. സുനിൽ രാമചന്ദ്രൻ, വിദ്യ കെ.വി. രജിത്ത് കുട്ടാവ്, ദീപ സന്തോഷ്, ധനഞ്ജയൻ കെ.പി. എന്നിവരെയും 73 പേരടങ്ങുന്ന പ്രവർത്തകസമിതിയെയും തെരഞ്ഞെടുത്തു.




**ബി.എം.എസ് കണ്ണൂർ ജില്ലാസമ്മേളനം ദേശീയസെക്രട്ടറി വി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു**

# ദത്തോപാന്ത് ഠേംഗ്ഡിജി ആത്മസമർപ്പണത്തിന്റെ മകുടോദാഹരണം : ബി.സുരേന്ദ്ര

**എറണാകുളം:** രാഷ്ട്രവൈഭവത്തിന് മഹത്തായ സംഭാവന നല്കിയ തൊഴിലാളിപ്രസ്ഥാനത്തിന്റെ സ്ഥാപകനും തൊഴിലാളി ഉന്നമനത്തിനും വേണ്ടി സ്വജീവിതം സമർപ്പിച്ച ഋഷീശ്വരനും ആത്മസമർപ്പണത്തിന്റെ മകുടോദാഹരണവുമായിരുന്നു ദത്തോപാന്ത് ഠേംഗ്ഡിജിയെന്ന് ബി.എം.എസ്. ദേശീയസംഘടനാ സെക്രട്ടറി ബി. സുരേന്ദ്ര അഭിപ്രായപ്പെട്ടു. സമ്പന്നതയുടെ മടിത്തട്ടിൽ ജനിച്ച് വളർന്നിട്ടും ദേശീയബോധത്തിന്റെ അടിസ്ഥാനത്തിൽ രാജ്യപുരോഗതിക്കു വേണ്ടി പ്രയത്നിക്കാൻ ശേഷിയുള്ള തൊഴിലാളിപ്രസ്ഥാനത്തെ വാർത്തെടുക്കാൻ സ്വജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു ഠേംഗ്ഡിജിയന്ന് അദ്ദേഹം പറഞ്ഞു.

ഒക്ടോബർ 14-ന് ബി.എം.എസ്. എറണാകുളം ജില്ലാകമ്മിറ്റി കളമശ്ശേരി മസ്ദൂർഭവനിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേവലം തൊഴിലാളിഐക്യംകൊണ്ട് മാത്രം രാഷ്ട്രപുരോഗതി സാധ്യമാവില്ലെന്നും ദേശീയ കാഴ്ചപ്പാടിൽ വേരൂന്നി പ്രവർത്തിച്ചാൽ മാത്രമേ അത് സാധ്യമാകുകയുള്ളുവെന്ന് അദ്ദേഹം നമുക്ക് കാണിച്ചുതന്നു. ലാളിത്യവും വിനയവും നിറഞ്ഞ ജീവിതത്തിലൂടെ തന്റെ കാഴ്ചപ്പാടുകളെ തൊഴിലിടങ്ങളിലെ കർമ്മമണ്ഡലത്തിൽ പ്രതിഫലിപ്പിക്കുവാനും അതിലൂടെ അവരെ പ്രചോദിപ്പിക്കുവാനും അദ്ദേഹത്തിന് സാധിച്ചതുകൊണ്ടാണ് ഇന്ന് രാജ്യത്തെ ഏറ്റവും വലിയ തൊഴിലാളിപ്രസ്ഥാനമായി മാറാൻ ബി.എം.എസിന് സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു. ബി.എം.എസ്. ജില്ലാപ്രസിഡന്റ് കെ. വിനോദ്കുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബി.എം.എസ്. ദക്ഷിണ ക്ഷേത്രീയ സംഘടനാസെക്രട്ടറി എസ്. ദുരൈരാജ്, ബി.എം.എസ്. ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട്, ജില്ലാട്രഷറർ കെ.എസ്. ശ്യാംജിത്ത് എന്നിവർ സംസാരിച്ചു.

# ഠേംഗ്ഡിജിയുടേത് ഋഷിതുല്യമായ ജീവിതം സി.കെ. സജിനാരായണൻ

**പാലക്കാട്:** ഭാരതീയ യുവത്വത്തിന് അവരുടെ പ്രവർത്തന മേഖലകളിൽ ആദർശ മാതൃകകൾ കണ്ടെത്താനാവാത്ത സാഹചര്യമാണ് നിലനില്ക്കുന്നത്. വൈദേശിക ആധിപത്യം ഭാരതീയ മാതൃകകളെ സമൂഹത്തിന് അന്യവൽക്കരിച്ച സ്ഥിതിവിശേഷം നിലനില്ക്കുമ്പോൾ തൊഴിലാളിമേഖലക്ക് കിട്ടിയ ആദർശമാതൃകയാണ് ദത്തോപാന്ത് ഠേംഗ്ഡിജി. ഋഷിതുല്യനായി ജീവിച്ച് ഭാരതീയ മസ്ദൂർ സംഘത്തെ ലോകത്തിന് മാതൃകയാക്കാവുന്ന തൊഴിലാളിപ്രസ്ഥാനമാക്കി വളർത്തിയ സ്ഥാപകനേതാവാണ് ഠേംഗ്ഡിജിയെന്നും ബി.എം.എസ്. മുൻ ദേശീയ അദ്ധ്യക്ഷൻ സി.കെ. സജിനാരായണൻ പറഞ്ഞു.

പാലക്കാട് വടക്കന്തറ കൃഷ്ണകൃപ ഓഡിറ്റോറിയത്തിൽ നടന്ന സ്വർഗ്ഗീയ ദത്തോപാന്ത് ഠേംഗ്ഡിജി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ലാളിത്യവും ദീർഘവീക്ഷണവും കൃത്യമായ പ്രവർത്തനപദ്ധതിയും മൂലധനമാക്കിയ അദ്ദേഹത്തിന്റെ പ്രവർത്തനം ദേശീയതയിലൂന്നിയ ഒരു തൊഴിൽസംസ്കാരം സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വളർന്നുവരാൻ സഹായകമായി. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ തൊഴിലാളിപ്രസ്ഥാനമായി ബി.എം.എസ്സിനെ വളർത്തിയതിൽ അദ്ദേഹത്തിന്റെ പങ്ക് നിസ്തുലമായിരുന്നു.

ബി.എം.എസ്. പാലക്കാട് ജില്ലാ പ്രസിഡന്റ് സലിം തെന്നിലാപുരം അദ്ധ്യക്ഷത വഹിച്ചു. ആർ.എസ്.എസ്. വിഭാഗ് സഹകാര്യവാഹക് കെ. സുധീർ, ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ. രാജേഷ്, ജില്ലാട്രഷറർ വി. ശരത്, വി. രാജേഷ്, വി. ശിവദാസ്, എം. ഗിരീഷ്, രാജേഷ് ചെത്തല്ലൂർ, യു.പി. രാമദാസ്, ശശി ചോറോട്ടൂർ, പി, സത്യരാജ് എന്നിവർ സംസാരിച്ചു.

# ഇടതുപക്ഷം വഞ്ചനയുടെ പാരമ്പര്യമുള്ളവർ

**തൃശൂർ:** ഇടതുസർക്കാരുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ, സാധാരണക്കാരെയും തൊഴിലാളികളെയും പറ്റിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നതിന്റെ പുതിയ ഉദാഹരണമാണ് കരുവന്നൂർ ബാങ്ക് ഉൾപ്പെടെയുള്ള കേരളത്തിലെ സഹകരണബാങ്കുകളിലെ തട്ടിപ്പുകൾ എന്ന് ബി.എം.എസ്. അഖിലേന്ത്യാ സെക്രട്ടറി വി. രാധാകൃഷ്ണൻ ആരോപിച്ചു. ഋഷിതുല്യനും ദീർഘദർശിയുമായ ദത്തോപാന്ത് ഠേംഗ്ഡിജിയുടെ സ്മൃതിദിന സമ്മേളനം തൃശൂരിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബി.എം.എസ് ജില്ലാപ്രസിഡന്റ് കെ.വി. വിനോദ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി സേതു തിരുവെങ്കിടം, സംസ്ഥാന ഭാരവാഹികളായ ടി.സി. സേതുമാധവൻ, എ.സി. കൃഷ്ണൻ, എം.കെ. ഉണ്ണികൃഷ്ണൻ, വിപിൻ എ.എം., ദീപ രാജേന്ദ്രൻ, സി.കെ. പ്രദീപ് തുടങ്ങിയവർ സംസാരിച്ചു.



ബി.എം.എസ്. കൊല്ലം ജില്ലാ കമ്മറ്റി കൊട്ടാരക്കരയിൽ സംഘടിപ്പിച്ച ഠേംഗ്ഡിജി സ്മൃതിദിനം സംസ്ഥാന സെക്രട്ടറി ജി.സതീഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.

# ഭാരതത്തിന്റെ പാരമ്പര്യത്തിനനുസരിച്ച് തൊഴിലാളി സംഘടന കെട്ടിപ്പടുത്ത ഭഗീരഥൻ

**കാസർഗോഡ്:** ഭാരതീയ മസ്ദൂർസംഘം കാസർഗോഡ് ജില്ലാസമിതി സംഘടിപ്പിച്ച സ്വർഗ്ഗീയ ദത്തോപാന്ത് ഠേംഗ്ഡിജി സ്മൃതി ദിനാചരണം ബി.എം.എസ്. സംസ്ഥാനസെക്രട്ടറി അഡ്വ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് വി.വി. ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാഭാരവാഹികളായ എം.കെ. രാഘവൻ, ടി. കൃഷ്ണൻ, ശ്രീനിവാസൻ കെ.എ., വിശ്വനാഥ ഷെട്ടി, ഗീതാ ബാലകൃഷ്ണൻ, വി.ബി. സത്യനാഥ്, കെ.വി. ബാബു, പി. കൃഷ്ണകുമാർ, കെ. ഉപേന്ദ്രൻ, സിന്ധു മനോരാജ്, പി. മുരളീധരൻ, ഹരീഷ് കുതിരപ്പാടി എന്നിവർ പങ്കെടുത്തു. ജില്ലാസെക്രട്ടറി ഗോവിന്ദൻ മടിക്കൈ സ്വാഗതവും ജില്ലാഖജാൻജി അനിൽ ബി. നായർ നന്ദിയും രേഖപ്പെടുത്തി.

### വയനാട്

**കല്പറ്റ:** ബി.എം.എസ്. സ്ഥാപകൻ സ്വർഗ്ഗീയ ദത്തോപാന്ത് ഠേംഗ്ഡിജിയുടെ സ്മൃതിദിനത്തോടനുബന്ധിച്ച് കൽപറ്റയിൽ നടന്ന അനുസ്മരണ സമ്മേളനം ബി.എം.എസ്. സംസ്ഥാനസമിതിയംഗം പി.കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാപ്രസിഡന്റ് ശ്രീമതി പി.എച്ച്. പ്രസന്ന അദ്ധ്യക്ഷയായിരുന്നു. ജില്ലാസെക്രട്ടറി എ.എസ്. അനിൽകുമാർ, എൻ.ജി.ഒ. സംഘ് സംസ്ഥാനസെക്രട്ടറി കെ. ഗോപാലകൃഷ്ണൻ, ജില്ലാ വൈസ്പ്രസിഡന്റ് അഡ്വ. വവിത എസ്. നായർ എന്നിവർ സംസാരിച്ചു.

# ഠേംഗ്ഡിജിയുടെ കാര്യകർത്താസങ്കല്പം തന്നെയാണ് പ്രേരണ – കെ. ഗംഗാധരൻ

**കോഴിക്കോട്:** സ്വർഗ്ഗീയ ദത്തോപാന്ത് ഠേംഗ്ഡിജി 2002-ൽ കേരളത്തിൽ ഒരു ബൈഠക്കിനായി വന്നു. രണ്ടുമൂന്നു സ്വയംസേവകർ അദ്ദേഹത്തെ കാണണം എന്ന ആഗ്രഹത്തോടെ കോഴിക്കോട് കാര്യാലയത്തിൽ എത്തി. കേരളത്തിലെ സംഘ ഗംഗാപ്രവാഹത്തിന് ഉറവയൊരുക്കിയ ആ ഭഗീരഥനെ ഒന്നുകാണണം മിണ്ടണം അത്രയേ ഉണ്ടായിരുന്നുള്ളു.

അതിരാവിലെ കാര്യാലയത്തിന്റെ മുകളിലത്തെ വലിയ ഹാളിൽ അദ്ദേഹം നടത്തത്തിലായിരുന്നു, അദ്ദേഹത്തിന്റെ നടത്തം തടസ്സപ്പെടുത്തേണ്ട എന്നുകരുതി അവർ കാത്തുനിന്നു. അദ്ദേഹം അവരെ നോക്കി. അപ്പോളവർ ധൈര്യസമേതം അടുത്തേക്ക് ചെന്ന് നമസ്തെ പറഞ്ഞു. അദ്ദേഹവും പുഞ്ചിരിച്ചുകൊണ്ട് നമസ്തെ പറഞ്ഞു. അറിയാവുന്ന മലയാളേതര ഭാഷകളിൽ അവർ ധൃതിപിടിച്ചു സ്വയം പരിചയപ്പെടുത്തി. അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല. നടത്തം നിർത്തി ഹാളിൽനിന്നും മുറിയിലേക്ക് കയറിപ്പോയി.

അപ്രതീക്ഷിതമായ ഈ പോക്കിൽ സ്വയംസേവകർക്ക് വിഷമം തോന്നി. അവർ പരസ്പരം നോക്കി. മനസ്സിൽ പറഞ്ഞു: “നമ്മൾ നടത്തത്തിനിടയിൽ വന്നു പരിചയപ്പെട്ടത് അദ്ദേഹത്തിന് ഇഷ്ടമായിക്കാണില്ലേ?”

ഈ ചിന്ത മനസ്സിൽനിന്നും മായുന്നതിനുമുമ്പ് ഠേംഗ്ഡിജി മുറിയിൽനിന്നു പുറത്തേക്ക് വരുന്നത് അവർ കണ്ടു. രണ്ടുകൈകളിലും ഓരോ ഫൈബർ കസേരയും പിടിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ വരവ്. സെക്കന്റുകൾക്കുള്ളിൽ തന്നെ തങ്ങളുടെ ദുഷ്ചിന്തയിൽ പശ്ചാത്തപിച്ചുകൊണ്ട് അവർ ഓടിച്ചെന്നു. കസേര വാങ്ങാൻ ശ്രമിച്ചെങ്കിലും അദ്ദേഹം നല്കിയില്ല.




കോഴിക്കോട് ഠേംഗ്ഡിജി സ്മൃതിദിന കൺവെൻഷൻ കെ.ഗംഗാധരൻ ഉദ്ഘാടനം ചെയ്യുന്നു.

അവിടെ ഉണ്ടായിരുന്ന ഒരു കസേരയുടെ അടുത്ത് രണ്ടു കസേരകൾ കൂട്ടിയിട്ട് അവരെയദ്ദേഹം ഇരിക്കാൻ ക്ഷണിച്ചു. 20 വയസ്സിനടുത്ത് മാത്രം പ്രായമുള്ള പുതിയ കാര്യകർത്താക്കളോട് ഇരുന്നു സംസാരിക്കാനായിരുന്നു 82 വയസ്സുള്ള ആ വൃദ്ധപ്രചാരകൻ കസേരകളും തൂക്കിവന്നത്.

ഇതായിരുന്നു അദ്ദേഹത്തിന്റെ കാര്യകർത്താസങ്കല്പം. അനുപമനായ ആ സംഘാടകന്റെ സംഘപ്രവർത്തകന്റെ ഓർമ്മതന്നെയാണ് പ്രേരണ.”

ഠേംഗ്ഡിജി സ്മൃതിദിനാചരണത്തിന്റെ ഭാഗമായി ബി.എം.എസ്. കോഴിക്കോട് ജില്ലാകമ്മിറ്റി സംഘടിപ്പിച്ച ചടങ്ങിൽ മുതിർന്ന ബി.എം.എസ്. നേതാവ് കെ. ഗംഗാധരൻ തന്റെ ഓർമ്മകൾ പങ്കുവയ്ക്കുകയുണ്ടായി. എം. ബാലകൃഷ്ണൻ, ടി.എം. പ്രശാന്ത്, പി. ശശിധരൻ എന്നിവർ സംസാരിച്ചു.

# ഠേംഗ്ഡിജി സ്മൃതിദിനം ആചരിച്ചു

**കൊല്ലം:** ബി.എം.എസ്. സ്ഥാപകനായ ദത്തോപാന്ത് ഠേംഗ്ഡിജിയുടെ സ്മൃതിദിനം ബി.എം.എസ്. കൊല്ലം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ കൊട്ടാരക്കരയിൽ ആചരിച്ചു. ജില്ലാപ്രസിഡന്റ് പി.വി. അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനസെക്രട്ടറി ജി. സതീഷ്കുമാർ ഉദ്ഘാടനം ചെയ്തു. രാഷ്ട്രീയ സ്വയംസേവക സംഘം പുനലൂർ ജില്ലാ സഹകാര്യവാഹ് രാജഗോപാൽ മുഖ്യപ്രഭാഷണം നടത്തി.

ബി.എം.എസ്. ജില്ലാസെക്രട്ടറി ആർ. സനിൽകുമാർ സ്വാഗതം പറഞ്ഞു. ജോയിന്റ് സെക്രട്ടറി സേതു നെല്ലിക്കോട് കൃതജ്ഞത പറഞ്ഞു. ജില്ലാഭാരവാഹികളായ സുധീഷ്കുമാർ, എസ്.ഡി.എസ്. ഉണ്ണി, കേസരി അനിൽ ആർ. അജയൻ, എസ്. രാജീവ്, ഏരൂർ സുനിൽ ചടയമംഗലം രാകേഷ്, സി. സജീവൻ, സന്തോഷ്കുമാർ എസ്., സിന്ധു വി., ദിവ്യ റ്റി. എന്നിവർ പ്രസംഗിച്ചു.

# ഠേംഗ്ഡിജി ആദർശത്തിന്റെ ആൾരൂപം

**കണ്ണൂർ** : ഭാരതീയ മസ്ദൂർ സംഘത്തിന്റെ സ്ഥാപകനും ദീർഘദർശിയുമായ ദത്തോപന്ത് ഠേംഗ്ഡിജി ആദർശത്തിന്റെ ആൾരൂപമായിരുന്നു എന്ന് ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് ഇ.ദിവാകരൻ പറഞ്ഞു. ബി.എം.എസ്. കണ്ണൂർ ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്ന ഠേംഗ്ഡിജി സ്മൃതിദിനാചരണ പരിപാടിയിൽ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.




ബി.എം.എസ്. കണ്ണൂരിൽ സംഘടിപ്പിച്ച ഠേംഗ്ഡിജി സ്മൃതിദിന സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് ഇ.ദിവാകരൻ ഉദ്ഘാടനം ചെയ്യുന്നു.

ഠേംഗ്ഡിജി നാല് പതിറ്റാണ്ടുകൊണ്ട് ബി.എം.എസ്സിനെ രാജ്യത്തെ ഒന്നാമത്തെ സംഘടനയാക്കി വളർത്തിയെടുത്തു. കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടെ നിരവധി രാജ്യങ്ങൾ സന്ദർശിക്കാനും ബി.എം.എസ്സിന്റെ കാഴ്ചപ്പാടുകൾ പ്രചരിപ്പിക്കാനും, സുഹൃദ് ബന്ധങ്ങൾ സ്ഥാപിക്കാനും കഴിഞ്ഞു. അദ്ദേഹത്തിന്റെ മാർഗ്ഗദർശനങ്ങൾ എക്കാലവും പ്രവർത്തകർക്ക് പ്രചോദനവും പ്രേരണയും നല്കുന്നതായിരിക്കുമെന്നും ദിവാകരൻ പറഞ്ഞു.




പത്തനംതിട്ടയിൽ നടത്തിയ സ്മൃതിദിന സമ്മേളനം ബി.എം.എസ്. ദേശീയ നിർവാഹക സമിതിയംഗം കെ.കെ.വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

ഭാരതത്തിന്റെ മുഖമുദ്രയായിട്ടുള്ള ആത്മീയതയും പാരമ്പര്യവുമാണ് ഭാരതീയ മസ്ദൂർ സംഘത്തിന്റെയും അടിസ്ഥാന ആശയം.'വസുധൈവ കുടുംബകം' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് 'തൊഴിലാളികളേ, ലോകത്തെ ഒന്നിപ്പിക്കുവിൻ' എന്ന് ബി.എം.എസ്. ആഹ്വാനം ചെയ്തത്. വ്യാവസായിക വിപ്ലവത്തിലൂടെ തൊഴിലാളി വർഗ്ഗ ഐക്യത്തിനുവേണ്ടി 'സർവ്വരാജ്യ തൊഴിലാളികളേ സഘടിക്കുവിൻ' എന്ന കമ്മ്യൂണിസ്റ്റ് ആശയം പരാജയപ്പെടുകയാണുണ്ടായതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സനാതനം എന്നത് ഭൂതം,വർത്തമാനം,ഭാവി എന്നീ ത്രികാലങ്ങളിലും നിലനിൽക്കുന്നതും നശിപ്പിക്കാൻ സാധ്യമല്ലാത്തതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബി.എം.എസ്. ജില്ലാ പ്രസിഡന്റ് സി.വി.തമ്പാൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എം.വേണുഗോപാൽ, ഭാരവാഹികളായ പി.വി.പുരുഷോത്തമൻ, വനജ രാഘവൻ, ദയാറാണി.എ,പ്രസന്നൻ.എം, രാജൻ പി.കെ. എന്നിവർ പ്രസംഗിച്ചു.




ബി.എം.എസ്. കാസർഗോഡ് സംഘടിപ്പിച്ച ഠേംഗ്ഡിജി സ്മൃതിദിന സമ്മേളനം സംസ്ഥാന സെക്രട്ടറി അഡ്വ. പി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.

# ബി.എം.എസ്. സംസ്ഥാന സമ്മേളനം 501 അംഗ സ്വാഗത സംഘം രൂപീകരിച്ചു; റിട്ട. ജില്ലാ ജഡ്ജ് ടി. ഇന്ദിര ചെയർ പേഴ്സൺ




**സ്വാഗത സംഘം രൂപീകരണ യോഗം ബി.എം.എസ്. ദക്ഷിണ ക്ഷേത്ര സംഘടനാ സെക്രട്ടറി എസ്.ദുരൈരാജ് ഉദ്ഘാടനം ചെയ്യുന്നു.**

**പാലക്കാട്:** 2024 ഫെബ്രുവരി 9, 10, 11 തീയതികളിൽ പാലക്കാട് പ്രസന്ന ലക്ഷ്മി ഓഡിറ്റോറിയത്തിൽ നടക്കുന്ന ഭാരതീയ മസ്ദൂർ സംഘത്തിന്റെ ഇരുപതാം സംസ്ഥാന സമ്മേളനത്തിന് വിപുലമായ സ്വാഗത സംഘം രൂപീകരിക്കപ്പെട്ടു. 501 അംഗ സ്വാഗത സംഘത്തിന്റെ ചെയർ പേഴ്സൺ റിട്ട. ഡിസ്ട്രിക്ട് ജഡ്ജ് ടി. ഇന്ദിര ആണ്. പാലക്കാട് ടോപ് ഇൻ ടൗൺ ഓഡിറ്റോറിയത്തിൽ ചേർന്ന സ്വാഗത സംഘ രൂപീകരണ സമ്മേളനം ബി.എം.എസ്. ദക്ഷിണ കേന്ദ്രീയ സംഘടനാ സെക്രട്ടറി എസ്. ദുരൈരാജ് ഉദ്ഘാടനം ചെയ്തു. ദക്ഷിണ ക്ഷേത്രീയ സഹ സംഘടനാ സെക്രട്ടറി എം.പി. രാജീവൻ സ്വാഗത സംഘടനകളുടെ പാനൽ പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി. ശിവജി സുദർശൻ സമ്മേളനത്തിന്റെ പോസ്റ്റർ പ്രകാശനകർമ്മം നിർവഹിച്ചു. വിഭാഗ് സംഘചാലക് വി.കെ. സോമസുന്ദരം മുതിർന്ന പ്രചാരക് ആർ. ഹരി അനുസ്മരണ പ്രഭാഷണം നടത്തി. ബി.എം.എസ്. സംസ്ഥാന സംഘടനാ സെക്രട്ടറി കെ. മഹേഷ് സമാപന പ്രസംഗം നടത്തി. പാലക്കാട് ജില്ലാ പ്രസിഡന്റ് സലീം തെന്നിലാപുരം അധ്യക്ഷത വഹിച്ചു. കെ. രാജേഷ് സ്വാഗതവും എം. ഗിരീഷ് നന്ദിയും പറഞ്ഞു.

# കാംഗാർമിത്ര അവാർഡ് മഹാരാഷ്ട്ര ബി.എം.എസ്സിന്



**മഹാരാഷ്ട്ര സർക്കാരിന്റെ കാംഗാർ മിത്ര അവാർഡ് ഗവർണർ രമേഷ് ബൈസ് ബി.എം.എസ്. നേതാക്കൾക്ക് കൈമാറുന്നു.**

**മുംബൈ:** മഹാരാഷ്ട്ര സർക്കാരിന്റെ കീഴിലുള്ള മഹാരാഷ്ട്ര ലേബർ വെൽഫയർ ബോർഡ് 2021 -22 വർഷത്തെ ഏറ്റവും നല്ല സംഘടനയ്ക്കുള്ള നാരായൺ മേഘാജി ലോഖണ്ഡേ കാംഗാർ മിത്ര അവാർഡ് ഭാരതീയ മസ്ദൂർസംഘ് മഹാരാഷ്ട്ര പ്രദേശ് അർഹത നേടി.

മുംബൈ പരേലിലെ കാംഗാർ ക്രീഡ ഭവനിൽ നടന്ന ചടങ്ങിൽ മഹാരാഷ്ട്രാ ഗവർണർ രമേഷ് ബൈസ് അവാർഡ് ബി.എം.എസ്സിന് നല്കി. തൊഴിൽമന്ത്രി സുരേഷ്ഭാവു ഖാഡെ, വിദ്യാഭ്യാസ മന്ത്രി ദീപക്ജി കേസർകർ, ലേബർ പ്രിൻസിപ്പൽ സെക്രട്ടറി വിനിത വേദ് സിംഗാൾ, ലേബർ കമ്മീഷണർ അനിൽ ദേശ്മുഖ്, എം.എൽ.എ. മാരായ കാളിദാസ് കൊളംബകർ, മനീഷ കയാണ്ടെ, സദാ ശരവങ്കർ, മുംബൈ കളക്ടറും ലേബർ വെൽഫയർ ബോർഡ് കമ്മീഷണറുമായ രവിരാജ് ഉൾവെ തുടങ്ങിയ പ്രമുക വ്യക്തികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് അഡ്വ. അനിൽ ധുമനെ, ജനറൽ സെക്രട്ടറി മോഹൻ യെനുരെ, സംഘടൻമന്ത്രി പദ്കുടാസ്കർ, ട്രഷറർ കിരൺ മേൽഗീർ എന്നിവർ അവാർഡ് ഏറ്റുവാങ്ങി.



പാലക്കാട് ഠേംഗ്ഡിജി സ്മൃതിദിന സമ്മേളനം ബി.എം.എസ്. മുൻ അഖിലേന്ത്യാ അദ്ധ്യക്ഷൻ അഡ്വ.സി.കെ.സജി നാരായണൻ ഉദ്ഘാടനം ചെയ്യുന്നു.



ബി.എം.എസ്. വയനാട് ജില്ലാ സമ്മേളനം സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി.ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യുന്നു.




ബി.എം.എസ്. തൃശ്ശൂരിൽ സംഘടിപ്പിച്ച ഠേംഗ്ഡിജി സ്മൃതിദിന സമ്മേളനം അഖിലേന്ത്യാ സെക്രട്ടറി വി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.